പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 59 ലക്കം 10 ജനുവരി 2020

നമ്മൾ നമുക്കായി ഗ്രാമസഭയിലേക്ക്

ലൈഫ്

രണ്ട് ലക്ഷം വീടുകളിലേക്ക്
കുടുംബസംഗമങ്ങൾ പുരോഗമിക്കുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പുതിയ മാനങ്ങളിലേക്ക്

ഇനി ഞാൻ ഒഴുകട്ടെ

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്

ആർദ്രം ക്യാമ്പയിനിൽ അണിചേരാം ആരോഗ്യത്തിനായി അണിചേരാം

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ജനുവരി 2020

അകത്ത്

നമ്മൾ നമുക്കായി
പിണറായി വിജയൻ 5

അതിജീവനക്ഷമതയുള്ള കേരളമെന്ന ലക്ഷ്യത്തിലേക്ക്
എ.സി. മൊയ്തീൻ 8

'ലൈഫ് ' രണ്ട് ലക്ഷം വീടുകളിലേക്ക്
കുടുംബസംഗമങ്ങൾ പുരോഗമിക്കുന്നു
യു.വി. ജോസ് ഐ.എ.എസ്. 14

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം -
പുതിയ മാനങ്ങളിലേക്ക്
ഡോ. സി. രാമകൃഷ്ണൻ 18

ആർദ്രം ക്യാമ്പയിനിൽ അണിചേരാം
ആരോഗ്യത്തിനായി അണിചേരാം
ഡോ. സി.കെ. ജഗദീശൻ 22

പ്ലാസ്റ്റിക് രഹിത പുതുവർഷത്തെ
വരവേറ്റ് കുടുംബശ്രീ
എസ്. ഹരികിഷോർ ഐ.എ.എസ്. 25

വോട്ടർ പട്ടിക എങ്ങനെ പുതുക്കാം
കെ. പ്രശാന്ത് കുമാർ 28

ഇനി ഞാൻ ഒഴുകട്ടെ
ബി. മനോജ് 35

സെറികൾച്ചറിലൂടെ പൂവണിഞ്ഞ സ്വപ്നങ്ങൾ
എസ്. സന്തോഷ് കുമാർ, അനിൽകുമാർ എം. 38

കേന്ദ്ര പദ്ധതി നടത്തിപ്പിലെ മികവിന്
കേരളത്തിന് ദേശീയ പുരസ്കാരം 40

പംക്തികൾ

കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 4 41

എന്ന് വായനക്കാർ 42

ജനുവരി 2020
പുസ്തകം 59 ലക്കം 10
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി
ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എം.പി. അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (അധിക ചുമതല)

എഡിറ്റർ
എം.പി. അജിത് കുമാർ
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

നമ്മൾ നമുക്കായി

രണ്ടായിരത്തി പതിനെട്ടിലും 2019 ലും കേരളം നേരിട്ട പ്രകൃതി ദുരന്തങ്ങളുടെ അനുഭവം നമ്മുടെ വികസന കാഴ്ചപ്പാടിലും മുൻഗണനകളിലും ആവശ്യപ്പെടുന്ന മാറ്റത്തിന്റെ സാക്ഷാൽക്കാരമാണ് "നമ്മൾ നമുക്കായി". സുസ്ഥിര വികസനത്തിന്റെ പുതിയൊരു കാഴ്ചപ്പാട് മുന്നോട്ടു വയ്ക്കുന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) യുടെ നയരേഖ. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് രൂപപ്പെടുത്തിയ അതിന്റെ പ്രവർത്തനപദ്ധതി സംസ്ഥാനം നിലവിൽ നേരിടുന്ന വെല്ലുവിളികൾ മാത്രമല്ല, ഭാവിയിൽ ഉയർന്നുവരാനിടയുള്ള പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടുള്ളതാണ്.

രാജ്യത്തിന് മാതൃകയായ ജനകീയാസൂത്രണത്തിന്റെ അനുഭവസമ്പത്തും അതിലൂടെ ശക്തിപ്പെട്ട അടിസ്ഥാനതല ജനകീയ കൂട്ടായ്മകളും ദുരന്ത പ്രതിരോധത്തിനും ദുരന്തനിവാരണത്തിനും പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിന്റെ കാഴ്ചപ്പാട്. ലോകത്തിൽ ആദ്യമായി, നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും ദുരന്ത നിവാരണ കർമ്മസമിതികൾ നിലവിൽ വരികയാണ്. കേരള വികസന മാതൃകയുടെ യശസ്സ് ലോകത്തോളം എത്തിക്കാൻ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരവസരം കൂടി കൈവന്നിരിക്കുന്നു.

തുടർച്ചയായ രണ്ടു വർഷങ്ങളിൽ കേരളം നേരിട്ട പ്രകൃതിദുരന്തങ്ങൾ മലയാളിയുടെ ചിന്തയിലും ധാരണകളിലും വലിയ മാറ്റം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിൽ വലിയ ദുരന്തങ്ങൾക്ക് സാധ്യതയില്ലെന്ന ശരാശരി മലയാളിയുടെ തോന്നൽ തെറ്റായിരുന്നുവെന്ന് ഈ ദുരന്തങ്ങൾ തെളിയിച്ചു. വെള്ളപ്പൊക്ക ദുരന്തങ്ങൾ അടക്കമുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടാൻ കൂടുതൽ തയ്യാറെടുപ്പുകൾ ആവശ്യമാണെന്ന തിരിച്ചറിവിൽ കേരളം എത്തി. ദുരന്ത നിവാരണ രംഗത്തെ പുതിയ ആശയങ്ങളും സങ്കേതങ്ങളും സ്വായത്തമാക്കാനും അത് താഴേതട്ടിൽ വരെ പകർന്ന നൽകാനും നമുക്കാവണം. ദുരന്ത പ്രതിരോധവും ദുരന്ത നിവാരണവും വിദഗ്ധന്മാരുടെയും സർക്കാർ സംവിധാനങ്ങളുടെയും കാര്യമായി, ചുവപ്പുനാട കൊണ്ട് ഒരു ഫയൽ ബോർഡിൽ കെട്ടിയിടാൻ കഴിയുന്ന ഒന്നായി ചുരുക്കാതെ, ജനങ്ങളിൽ നിന്ന് പഠിച്ചും ജനങ്ങളെ പഠിപ്പിച്ചും അറിവും അനുഭവങ്ങളും പരസ്പരം പങ്കുവയ്ക്കാൻ വ്യക്തികളെ ശീലിപ്പിച്ചും ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്ക് ഇണങ്ങുന്ന ജനകീയ ദൗത്യമാക്കി മാറ്റാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഈ മുൻകൈ പ്രവർത്തനങ്ങൾക്ക് കരുത്തു പകരാനും നമ്മൾ നമുക്കായി ദൗത്യത്തിന്റെ മുന്നണിപ്പോരാളിയായി മാറാനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മനസ്സു വയ്ക്കണം. പ്രകൃതിയുടെ അമൂല്യങ്ങളായ ഈടുവയ്പുകൾ കണ്ണിലെ കൃഷ്ണമണി പോലെ പരിപാലിക്കുന്ന ഒരു വികസന സംസ്കാരം വളർത്തിയെടുക്കാനും നമുക്കാവണം. അതു മാത്രമാണ് ദുരന്തസാധ്യത പരമാവധി കുറയ്ക്കാനും സുസ്ഥിര വികസനത്തിലേക്ക് ചുവടുമാറാനുമുള്ള സ്ഥായിയായ മാർഗ്ഗം. നമ്മൾ നമുക്കായി അതിനു കൂടിയുള്ള അവസരമാവട്ടെ. പരിസ്ഥിതി സൗഹാർദ്ദപരവും കൂടുതൽ അതിജീവനക്ഷമതയുള്ളതുമായ പുതിയൊരു കേരളം കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിക്കാം.

എം.പി. അജിത് കുമാർ

"നിങ്ങൾ ലോകത്തു കാണാനാഗ്രഹിക്കുന്ന മാറ്റമായി നിങ്ങൾതന്നെ സ്വയം മാറുക."
-മഹാത്മാഗാന്ധി

കവർസ്റ്റോറി

നമ്മൾ നമുക്കായി

കേരളത്തിന്റെ പുനർനിർമ്മാണം ജനപങ്കാളിത്തത്തോടെ...

■ പിണറായി വിജയൻ, മുഖ്യമന്ത്രി

2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ മികവുറ്റതായി പുനർനിർമ്മിക്കുക എന്ന സുപ്രധാന ദൗത്യമെന്ന നിലയിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നല്കിയിട്ടുള്ളത്. പ്രളയാനന്തരം, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തന ങ്ങൾക്കും ശേഷം കേരളം ശ്രദ്ധ പതിപ്പിച്ചത് പുനർനിർമ്മാണ പ്രവർത്തനങ്ങളിലാ യിരുന്നു. എന്നാൽ പശ്ചാത്തല സൗകര്യങ്ങളുടെയും ഭ്രവ്യവസ്ഥകളുടെയും പുനഃസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്.

പ്രളയാനന്തര കേരള പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program - RKDP) യുടെ നയരേഖ സർക്കാർ അംഗീകരിച്ച് നടപ്പാക്കി വരുന്നു. പുനർനിർമ്മാണത്തെ സംബന്ധിച്ച പരമ്പരാഗത സമീപനം പാടേ മാറ്റിവച്ചുകൊണ്ടുള്ള ഒരു നയസമീപനമാണ് കേരള പുനർനിർമ്മാണ വികസന പരിപാടിയിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്ന ഒരു സമഗ്ര പ്രവർത്തനപദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രളയ ദുരന്തത്തിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross-cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നല്കേണ്ടുന്ന പദ്ധതികൾ തുടങ്ങിയവ RKDPയിൽ ഉൾപ്പെടുന്നു. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികളും പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ളതുമായ കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതാണ് RKDP. ഈ നയരേഖ വികസന പങ്കാളികൾക്കു മുമ്പാകെ അവതരിപ്പിച്ച് പുനർനിർമ്മാണത്തിനാവശ്യമായ വിഭവ സമാഹരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് കേരള പുനർനിർമ്മാണ പരിപാടി ആദ്യഘട്ടത്തിൽ മുൻഗണന നല്കിയിട്ടുള്ളത്. അതിലൂടെ ലോക ബാങ്കടക്കമുള്ള വികസന പങ്കാളികളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ നമുക്കായിട്ടുണ്ട്.

വിപുലമായ കൺസൾട്ടേഷൻ നടത്താതെയാണ് RKDP തയ്യാറാക്കിയിട്ടുള്ളത് എന്നത് ന്യൂനതയായി സർക്കാർ കരുതുന്നു. അതുകൊണ്ടുതന്നെ ആർകെഐ മുന്നോട്ടു

തിരുവനന്തപുരത്ത് നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു.

വയ്ക്കുന്ന നയപരമായ നിർദ്ദേശങ്ങൾ, കേരളത്തിലെ പൊതുസമൂഹവുമായി നടത്തുന്ന വിപുലമായ ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിൽ സമ്പുഷ്ടമാക്കേണ്ടതുണ്ട്.

2019-ലും വെള്ളപ്പൊക്കം ആവർത്തിച്ചതോടെ ദുരന്ത പ്രതിരോധ/നിവാരണ സംവിധാനങ്ങളിലും സമീപനങ്ങളിലും കാതലായ മാറ്റം വരേണ്ടതുണ്ടെന്ന തിരിച്ചറിവ് പൊതുസമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹകേന്ദ്രീകൃത ദുരന്തനിവാരണ/പ്രതിരോധപരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കണമെന്ന ആവശ്യം പൊതുസമൂഹത്തിൽ നിന്നും ഉയർന്നു വന്നിട്ടുമുണ്ട്.

നിലനില്ക്കുന്ന രീതിശാസ്ത്രത്തിൽ നിന്നുള്ള മാറ്റമാണ് പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളെ മറികടക്കാനുള്ള മാർഗ്ഗമായി നാം വിലയിരുത്തുന്നത്. കേരളം പരമ്പരാഗതമായി പാലിച്ചുപോരുന്ന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നേറിയാൽ മാത്രമേ അതിജീവനക്ഷമതയുള്ള കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം നേടാനാകൂ. ജനകീയ പങ്കാളിത്തത്തോടെ ഇത്തരം തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുക എന്ന ലക്ഷ്യവുമായി, വിദഗ്ധരെ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്. ആർകെഐയുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന 'നമ്മൾ നമുക്കായി' എന്ന് പേരിട്ടിരിക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.

1 ജനകീയ പങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയവ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.

2 എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യൽ.

ജനങ്ങളിൽ നിന്നുള്ള ആശയരൂപീകരണത്തിനായി ചുവടെ പറയുന്ന മേഖലകളെ ആസ്പദമാക്കിയാണ് ചർച്ചകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

- ഭൂവിനിയോഗം
- ജല പരിപാലനം
- വനപരിപാലനം
- പ്രാദേശിക സമൂഹവും അതിജീവനവും
- ഗതാഗതം, വാർത്താവിനിമയം,
- സാങ്കേതികവിദ്യ

പ്രത്യേക ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ് പ്രത്യേക നിയമസഭാസമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിൽ വിവിധതലങ്ങളിലായാണ് ക്യാമ്പയിന് രൂപം നല്കിയിട്ടുള്ളത്. പ്രാദേശിക ജനവിഭാഗങ്ങൾ, യുവാക്കൾ, പണ്ഡിതർ, ആഗോള മലയാളി സമൂഹം, അന്താരാഷ്ട്ര വിദഗ്ധർ എന്നിങ്ങനെ പല വിഭാഗങ്ങളുമായി നേരിട്ട് സംവദിക്കുന്ന തരത്തിലാണ് ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുള്ളത്. താഴെ പറയുന്ന വിവിധ തലങ്ങളിലായാണ് ചർച്ചകളും സംവാദങ്ങളും നടക്കുക.

i പ്രത്യേക ഗ്രാമസഭ: കേരളത്തിന്റെ പ്രാദേശിക ആസൂത്രണത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള ഗ്രാമസഭകളുടെ പ്രത്യേക സമ്മേളനം വിളിച്ച് ഈ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. മുഖ്യമന്ത്രി അടക്കമുള്ളവർ പങ്കെടുക്കുന്ന ഗ്രാമസഭകൾ പുനർനിർമ്മാണം സംബന്ധിച്ച ചർച്ചകൾ നടത്തണം. ഇത്തരം ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുകയും അവ ജില്ലാതലങ്ങളിലെ സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യണം.

ii കേരളത്തിലെ അക്കാദമിക സമൂഹത്തെയും യുവാക്കളെയും ഉൾപ്പെടുത്തികൊണ്ട് സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ വിപുലമായ ചർച്ചകൾ.

iii വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക വിഷയങ്ങളിൽ വിശാലമായ

ടെക്നിക്കൽ സെഷനുകൾ.

iv കേരളത്തിനകത്തും പുറത്തുമുള്ള പൊതു സമൂഹത്തിന് ഈ വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താനവസരം നല്കുന്ന തരത്തിൽ ഓൺലൈൻ സംവിധാനം.

v കേരള ഡയസ്പോറയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്താനുതകുന്ന വിധത്തിൽ ഫോക്കസ്ഡ് ആയിട്ടുള്ള വെർച്ച്വൽ ചർച്ചകൾ.

vi മുകളിൽ പ്രതിപാദിച്ച അഞ്ച് തലങ്ങളിലെ ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വിഷയാടിസ്ഥാനത്തിൽ ആർ.കെ.ഐ.യുടെ നേതൃത്വത്തിൽ സമാഹരിച്ച് (വിദഗ്ധ സമിതികൾ തയ്യാറാക്കുന്ന ടെക്നിക്കൽ പേപ്പറുകൾ) ആഗോളതലത്തിലുള്ള വിവിധ മേഖലകളിലെ വിദഗ്ധരുമായി ചർച്ച ചെയ്യാൻ അടുത്ത ഘട്ടത്തിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും.

vii ഇത്തരത്തിലുള്ള സെമിനാറിൽ നിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ടും പ്രത്യേക നിയമസഭാസമ്മേളനം.

viii ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, disaster management എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ലക്ഷ്യകേന്ദ്രീകൃതവുമാകും. ഇതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മുഖേന തുടക്കമിടാനായിട്ടുണ്ട്. എന്നാലിത് കേരളം മുഴുവനായും വ്യാപിപ്പിക്കേണ്ടത് ഇക്കഴിഞ്ഞ പ്രളയത്തിന്റെ കൂടി പശ്ചാത്തലത്തിൽ നാം ഏറ്റവും പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്. ഇതിനായി താഴെ പറയുന്ന പരിപാടികളാണ് ജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

ജനകീയ പ്രതിരോധം:

കേരളത്തിലെ എല്ലാ ജില്ലകളിലും, പരിശീ ലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ ജന കീയ പ്രതിരോധ സേന രൂപീകരിക്കണം.

പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ:

ദുരന്ത സാധ്യതയുള്ളതായ (moderate & high) എല്ലാ താലൂക്കുകളിലെയും പഞ്ചായത്തുകളിൽ അടിയന്തരമായി പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കണം. മറ്റ് പഞ്ചായത്തുകളിൽ ഇതു ഘട്ടം ഘട്ടമായും നടപ്പാക്കണം.

തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ തന്നെ ദുരന്തപ്രതിരോധത്തിനും അതിജീവനത്തിനും ഉള്ള പ്രാദേശികമായ പദ്ധതികളും ആസൂത്രണം ചെയ്ത് അംഗീകരിക്കുക വഴി പ്രാദേശിക സർക്കാരുകളുടെ പദ്ധതി ആസൂത്രണത്തിൽ മെച്ചപ്പെട്ട ദുരന്ത പ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാകും. എല്ലാ ജനപ്രതിനിധികളും അവർ താമസിക്കുന്ന പ്രദേശത്തെ ഗ്രാമസഭകളിൽ പങ്കെടുത്ത് നേതൃത്വപരമായ പങ്ക് വഹിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ഇതോടൊപ്പം തന്നെ കേരളത്തിന്റെ ദുരന്ത പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിലേക്കായി താഴെ പറയുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും സമൂഹത്തിന്റെയും പിന്തുണയോടു കൂടി ഏറ്റെടുക്കേണ്ടതുണ്ട്.

i ദുരന്ത പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കുക. (Preparation of Departmental Disaster Management) ദുരന്ത നിവാരണത്തിൽ ഭാഗഭാക്കാകേണ്ടതായി കണ്ടെത്തിയിട്ടുള്ളത് 25 വകുപ്പുകളാണ്. ഇവയിലെല്ലാം തന്നെ ദുരന്ത പരിപാലന പദ്ധതികൾ ആവിഷ്കരിക്കാനാകണം.

ii സ്കൂൾ, ആശുപത്രി മുതലായ കെട്ടിടങ്ങളുടെ ദുരന്താതിജീവനക്ഷമത തിട്ടപ്പെടുത്തുക: സംസ്ഥാനത്തെ എല്ലാ സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെയും സുരക്ഷാ പരിശോധന ഒരു പ്രത്യേക ദൗത്യമായി ഏറ്റെടുക്കണം.

iii ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്റ്റേക്ക് ഹോൾഡർ വകുപ്പുകളിൽ Virtual Cadre രൂപീകരിക്കൽ.

iv വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ.

പഞ്ചായത്ത് ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ ഭാഗമായി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഏറ്റെടുക്കുന്നതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കില മുഖേനയായിരിക്കും. ☐

മുഖ്യമന്ത്രി 2019 നവംബർ 21-ന് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽനിന്ന്

കവർസ്റ്റോറി

അതിജീവനക്ഷമതയുള്ള കേരളമെന്ന ലക്ഷ്യത്തിലേക്ക്

■എ.സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അറിവും ആശയവും കൂടി ഉൾകൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ ഒരു ജനപങ്കാളിത്ത ക്യാമ്പയിനാണ് 'നമ്മൾ നമുക്കായി' ലക്ഷ്യമിടുന്നത്.

മുഖ്യമന്ത്രി സംസ്ഥാന നിയമസഭയിൽ "നമ്മൾ നമുക്കായി" എന്ന് പേരിട്ടിരിക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ക്യാമ്പയിൻ പ്രഖ്യാപിക്കുകയുണ്ടായല്ലോ. മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ മികവുറ്റതായി പുനർനിർമ്മിക്കാനുതകുന്ന രീതിയിൽ ആണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായാണ് പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളമെന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയായി കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme) തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അറിവും ആശയവും കൂടി ഉൾകൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ ഒരു ജനപങ്കാളിത്ത ക്യാമ്പയിനാണ് 'നമ്മൾ നമുക്കായി' ലക്ഷ്യമിടുന്നത്. ഈ ക്യാമ്പയിനിന് രണ്ട് ഘടകങ്ങളാണുള്ളത്.

1 ജനകീയ പങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയ വ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.

2 എല്ലാ തദ്ദേശസ്വയംഭരണ സർക്കാരുകളിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യൽ.

പ്രാദേശിക ജനവിഭാഗങ്ങൾ, യുവാക്കൾ, സ്ത്രീകൾ, പണ്ഡിതർ, ആഗോള മലയാളി സമൂഹം, അന്താരാഷ്ട്ര വിദഗ്ധർ എന്നിങ്ങനെ പല വിഭാഗങ്ങളുമായി നേരിട്ട് സംവദിക്കുന്ന തരത്തിലാണ് ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുള്ളത്.

പ്രാദേശിക തലത്തിൽ വിവിധ രീതിയിൽ ഈ ഇടപെടൽ സാധ്യമാണ്. പ്രത്യേകിച്ചും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനത്തിൽ. അതിനായി ചിട്ടപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങളിലൂടെ ഒരു പരിധി വരെ ഇത് സാധ്യമാക്കാൻ കഴിയണം. ഈ പ്രവർത്തനങ്ങളിലെല്ലാം എല്ലാ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിലും തുടർന്നുണ്ടായ വിവിധ ദുരന്തങ്ങളിലും രക്ഷാപ്രവർത്തനത്തിലും മറ്റനുബന്ധ പ്രവർത്തനങ്ങളിലുമായി നേതൃത്വപരമായ പങ്ക് വഹിച്ചവരാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. അതാണ് നമ്മുടെ ശക്തി.

വിവിധ തരത്തിലുള്ള ദുരന്ത സാധ്യതയുള്ള ഒരു സംസ്ഥാനമാണ് കേരളം. പതിനേഴ് തരം പ്രകൃതി ദുരന്തങ്ങൾക്കാണ് കേരളത്തിൽ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളത്. അതോടൊപ്പം 22 ഇനം മനുഷ്യകാരണങ്ങളായ ദുരന്തങ്ങൾക്കും കേരളത്തിൽ സാധ്യതയുണ്ട്. കേരളത്തിലെ 77 താലൂക്കുകളിൽ 21 താലൂക്കുകൾ അതീവ ദുരന്ത സാധ്യതയുള്ളതും 35 താലൂക്കുകൾ മിതമായ ദുരന്ത സാധ്യതയുള്ളതുമായ പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട് കേരളത്തിന്റെ ഭൂരിപക്ഷ പ്രദേശവും ദുരന്തങ്ങളുടെ പരിധിക്കുള്ളിൽ വരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. തുടർച്ചയായ പ്രളയങ്ങൾ കേരളത്തിന്റെ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും കാര്യക്ഷമവും സാമൂഹ്യ കേന്ദ്രീകൃതവുമാകേണ്ടതിന്റെ പ്രാധാന്യം അടിവരയിടുന്നു. ദുരന്ത ലഘൂകരണം പ്രാദേശികമായ ആസൂത്രണത്തിന്റെ ഭാഗമായി കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാമൂഹ്യഘടനയും പങ്കാളിത്ത ആസൂത്രണത്തിലെ ദീർഘകാല പരിചയവും ദുരന്ത അതിജീവനക്ഷമതയും ദുരന്ത പ്രതിരോധവും തീർക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും രൂപപ്പെടുത്താൻ സഹായകമാണ്. പ്രാദേശിക ഭൂവിനിയോഗ - പശ്ചാത്തല വികസന പ്രവർത്തനങ്ങളെ ദുരന്ത അതിജീവനത്തിനും പ്രതിരോധത്തിനും ഉതകുന്ന തരത്തിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിന് ജനങ്ങളുടെ അറിവും അനുഭവവും പങ്കാളിത്തവും പ്രയോജനപ്പെടുത്താൻ കേരളത്തിന് നിഷ്പ്രയാസം സാധിക്കും.

തിരുവനന്തപുരത്ത് നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം മന്ത്രിമാരായ ഇ.പി. ജയരാജനും എ.സി. മൊയ്തീനും.

ദുരന്ത നിവാരണ സംവിധാനങ്ങൾ

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ മാർഗ്ഗനിർദേശമാകുന്നത് ദേശീയ ദുരന്ത നിവാരണ നിയമമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും സംസ്ഥാന തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആണ് ഉള്ളത്.

സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി അധ്യക്ഷനായുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സംസ്ഥാന ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കുന്നതും ഇവർ തന്നെ. ജില്ലാ തലത്തിൽ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമായുള്ള ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയാണ് ജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. അവരുടെ നേതൃത്വത്തിൽ ജില്ലാ ദുരന്ത നിവാരണ പ്ലാനും തയ്യാറാക്കും.

കേന്ദ്ര നിയമത്തിന്റെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനങ്ങളെല്ലാം സംഘടിപ്പിക്കുന്നത്. ദുരന്ത ഘട്ടത്തിൽ പലപ്പോഴും യുദ്ധസമാനമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേണ്ടത് എന്നതിനാൽ ആ രീതിയിലുള്ള സംവിധാനവും മാർഗ്ഗനിർദേശങ്ങളും ആണ് അനുവർത്തിക്കുന്നത്. സ്വാഭാവികമായും ഇവയെല്ലാം ഉദ്യോഗസ്ഥ കേന്ദ്രീകൃതമാണ്. എന്നാൽ ഈ സംവിധാനം കൊണ്ട് മാത്രമായി താഴെ തട്ടിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയില്ല എന്നത് കഴിഞ്ഞ രണ്ടു വർഷങ്ങളിലെ അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. ജനകീയ പങ്കാളിത്തത്തിലൂന്നിയ പ്രവർത്തനങ്ങൾ ആവശ്യമാണ്. അത് സാധ്യമാവും എന്നും കേരളം തെളിയിച്ചിട്ടുണ്ട്. ദുരന്ത വേളയിലെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാതല ദുരന്ത നിവാരണ പ്ലാനും വരെയേ കേന്ദ്ര നിയമം നിഷ്കർഷിക്കുന്നുള്ളൂ. അതിനും താഴെ ഗ്രാമ തലത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റവന്യൂ വില്ലേജ് എന്ന് ഇതിന് അർത്ഥമില്ല. ഇതര സംസ്ഥാനങ്ങളിലെ ഗ്രാമങ്ങൾ എന്ന നിലയിലാണിത്. മാത്രവുമല്ല, തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ശക്തമായ തദ്ദേശഭരണ സംവിധാനം ഉള്ള കേരളത്തിൽ ഇത് ഏറെ പ്രായോഗികവുമാണ്. കേരളത്തിന്റെ സാഹചര്യത്തിലും 73-74 ഭരണഘടനാ ഭേദഗതികളുടെ സാഹചര്യത്തിലും ജനകീയാസൂത്രണത്തിന്റെ പശ്ചാത്തലത്തിലും വിഷയങ്ങളും സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട് എന്നതിനാലും അതിനു നേതൃത്വം കൊടുക്കുവാൻ കഴിയുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ജനപങ്കാളിത്തത്തോടെ വേണം ഇത് സംഘടിപ്പിക്കുവാൻ എന്നതും പ്രധാനമാണ്. നിലവിലെ കേന്ദ്ര ദുരന്ത നിവാരണ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇതിനു സാധൂകരണം നൽകുന്നുണ്ട്.

തദ്ദേശ സ്ഥാപനങ്ങളും ദുരന്ത നിവാരണവും

ദുരന്ത കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ നേതൃത്വപരമായ പ്രവർത്തനം മാതൃകാപരമാണ്. രക്ഷാപ്രവർത്തനം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങൾ, ശുചീകരണം തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ജനങ്ങളെയാകെ സംഘടിപ്പിച്ച് ജനജീവിതം സാധാരണ ഗതിയിൽ പുനഃസ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിച്ചു. കില തയ്യാറാക്കിയ ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാരുടെ അനുഭവ കുറിപ്പുകളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത കാലഘട്ടത്തിലെ ഇടപെടലുകളുടെ ആഴവും പരപ്പും നന്നായി മനസ്സിലാക്കാൻ കഴിയും. ഈ അനുഭവങ്ങളെ ക്രിയാത്മകമായ തുടർ ഇടപെടലിന് പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കണം.

തിരുവനന്തപുരത്ത് നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനസമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ സമ്പൂർണ്ണ ഐഎസ്ഒ പ്രഖ്യാപനം നടത്തിയ ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ അതിനു നേതൃത്വം നല്കിയ ഗ്രാമ വികസന കമ്മീഷണർ എൻ. പത്മകുമാർ ഐ.എ.എസിന് ഉപഹാരം സമ്മാനിക്കുന്നു.

കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസനത്തിനായി കഴിഞ്ഞ 20 വർഷത്തിലേറെ കാലം കൊണ്ട് സൃഷ്ടിച്ച പൊതുആസ്തികൾ ദുരന്തങ്ങൾവഴി നഷ്ടപ്പെട്ടു. അത് തിരിച്ചുപിടിക്കുന്നതിനും ദുരന്ത പ്രതിരോധ ശേഷിയുള്ള വികസന രീതി പ്രാദേശിക വികസന പരിപാടികളിൽ ഉൾച്ചേർക്കുന്നതിനും കഴിയുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനാസൂത്രണത്തെ രൂപപ്പെടുത്തേണ്ടതുണ്ട്.

ഇന്ത്യയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യകേന്ദ്രീകൃതമായ ദുരന്ത പ്രതിരോധ അതിജീവന സംവിധാനം രൂപപ്പെടുത്താൻ കഴിയുന്ന സംസ്ഥാനവും കേരളമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ആസൂത്രണ-വികസനത്തിലെ അനുഭവ സമ്പത്ത് ഇതിന് സഹായകമാണ്. അങ്ങനെ ഇന്ത്യക്കായി മറ്റൊരു മാതൃക സൃഷ്ടിക്കാനും കേരളത്തിനാകും. പ്രത്യേകിച്ചും എല്ലാം കേന്ദ്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ദേശീയ സാഹചര്യത്തിൽ അത്തരമൊരു മാതൃക ചൂണ്ടിക്കാട്ടേണ്ടതുണ്ട്.

കാലാവസ്ഥാ വ്യതിയാനവും പ്രകൃതി വിഭവ വിനിയോഗത്തിലെ അശാസ്ത്രീയതകളും കൂടിച്ചേർന്നാണ് ഈ ദുരന്ത സാഹചര്യങ്ങളിലേക്ക് നമ്മെക്കൊണ്ടെത്തിച്ചതെന്ന സത്യം നമ്മൾ മനസ്സിലാക്കണം. നിലവിലെ വികസന രീതികളിലും ശീലങ്ങളിലും നിയമാവലികളും പുനർവിചിന്തനത്തിന് വിധേയമാക്കി പുതിയ സാഹചര്യത്തിനനുസരിച്ച് ശാസ്ത്രവും അനുഭവവും ആസൂത്രണവും ജനപങ്കാളിത്തവും ഒത്തുചേരുന്ന പ്രവർത്തനരീതി സ്വീകരിക്കേണ്ടതുണ്ട്.

തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി

ഈ പശ്ചാത്തലത്തിലാണ് വിപുലമായ ജനപങ്കാളിത്തത്തോടെ കേരള പുനർനിർമ്മാണത്തിനുള്ള ജനകീയ പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ തീരുമാനിച്ചത്. ഗ്രാമസഭയിൽ തുടങ്ങി പ്രത്യേക നിയമസഭാ സമ്മേളനത്തിൽ അവസാനിക്കുന്ന തരത്തിലുള്ള ക്യാമ്പയിനാണ് രൂപം നൽകിയിരിക്കുന്നത്. ‘നമ്മൾ നമുക്കായി’എന്ന പേരിൽ ആവിഷ്കരിച്ചിരിക്കുന്ന ക്യാമ്പയിന്റെ പ്രാദേശിക നേതൃത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

പ്രകൃതി ദുരന്തത്തെ അതിജീവിക്കാനും പ്രതിരോധിക്കാനും കഴിയുന്ന തരത്തിൽ പ്രാദേശിക വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്താനും നിലവിലുള്ള നിയമങ്ങളിലും വികസന ശീലങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കാനും ഗ്രാമസഭ/വാർഡ്സഭയിൽ ചർച്ചകൾ നടക്കേണ്ടതുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടത്. ഒപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും വേണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടുന്ന പ്രത്യേക പരിശീലനം ലഭിച്ച സാങ്കേതിക സഹായക സംഘം (ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥാവിശകലനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കരട് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും വേണം. ഇതിനായുള്ള വർക്കിംഗ് ഗ്രൂപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപന സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇത് അന്തിമമാക്കണം. മറ്റു വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം അവരവരുടെ മേഖലയിൽ ഇക്കാര്യങ്ങൾ പരിഗണിക്കണം. ഗ്രാമ/വാർഡ് സഭകളിൽ ഇവ ചർച്ച ചെയ്യണം. വികസന സെമിനാറിന്റെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിയാണ് ദുരന്ത നിവാരണ പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടത്. ഈ റിപ്പോർട്ടിൽ നിന്നും ദുരന്ത പ്രതിരോധത്തിനും അതിജീവനത്തിനും ആവശ്യമായ പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഇതോടൊപ്പം പ്രസ്തുത ദുരന്ത നിവാരണ പദ്ധതി ജില്ലാ ആസൂത്രണ സമിതി വഴി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിയുടെ അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും സംബന്ധിച്ച സർക്കാർ ഉത്തരവും പുറത്തിറങ്ങിയിട്ടുണ്ട്. ദുരന്തനിവാരണ പദ്ധതിക്കാവശ്യമായ കരടു രൂപരേഖയും വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

ദുരന്ത നിവാരണ പദ്ധതിയും വാർഷിക പദ്ധതിയും സംയോജിപ്പിക്കേണ്ടതുണ്ട്. ജനുവരി അവസാനം ചേരുന്ന ഗ്രാമസഭകളിൽ ഈ കാര്യങ്ങൾ ചർച്ച ചെയ്യണം. അതിനു ശേഷം ദുരന്ത നിവാരണ പദ്ധതിക്ക് വേണ്ടി മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സെമിനാർ സംഘടിപ്പിക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതിയിൽ മേൽ തട്ട് നിർദ്ദേശങ്ങൾ ഉണ്ടാകണം. അവ അതാതു തലത്തിൽ - ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, വിവിധ വകുപ്പുകൾ, ജില്ലാ പദ്ധതി, സംസ്ഥാന സർക്കാർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാന ദുരന്ത

നിവാരണ അതോറിറ്റി എന്നിവയെല്ലാം പരിഗണിക്കണം. അങ്ങനെ കേരള പുനർനിർമ്മാണത്തിനാവശ്യമായ നിർദേശങ്ങൾ ഏറ്റവും താഴെ തട്ടിൽ നിന്ന് തന്നെ രൂപീകരിക്കണം. ഏറ്റവും അവസാനം ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ പ്രത്യേകമായി 'നമ്മൾ നമുക്കായി' സമ്മേളനം സംഘടിപ്പിക്കണം.

ഇതിനാവശ്യമായ പരിശീലന പരിപാടികൾ കിലയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് സംഘടിപ്പിക്കുകയാണ്. ഏതാണ്ട് രണ്ടര ലക്ഷം പേരെ ചുരുങ്ങിയ സമയം കൊണ്ട് പരിശീലിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. വിവിധ ഘട്ട പരിശീലനങ്ങൾ കഴിഞ്ഞുവെങ്കിലും വേണ്ടത്ര ഗൗരവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. നേരത്തെ അറിയിപ്പ് ഇല്ലാതിരുന്നതിനാലും മറ്റു പരിപാടികൾ മൂലവും വേണ്ടത്ര ഗൗരവം താഴെ നല്കാതിരുന്നതിനാലും പല ജില്ലകളിലും പങ്കാളിത്തം കുറവായിരുന്നു. ഇപ്പോൾ വ്യത്യാസമുണ്ട്. പങ്കെടുക്കുവാൻ കഴിയാതിരുന്നവർക്ക് വേണ്ടി വീണ്ടും പരിശീലനം ഏർപ്പെടുത്തും.

ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ദുരന്ത നിവാരണ പരിപാടി തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സഹായിക്കാനായി 20 റിസോഴ്സ് പേഴ്സൺമാരുടെ (ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്) പരിശീലനമാണ് അടുത്ത ഘട്ടം. യുവജനങ്ങൾ, ഫീൽഡ് വർക്കിൽ പരിചയമുള്ളവർ, വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കി പരിചയമുള്ളവർ, ഈ വിഷയത്തിലും സാമൂഹിക വിഷയത്തിലും അക്കാദമിക പ്രവർത്തനം നടത്തുന്നവർ എന്നിവർക്കാണ് മുൻഗണന നൽകേണ്ടത്. യുവജനങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.

ഓരോ വാർഡിൽ നിന്നും ഇതു പോലെ 20 പേർ വീതം എന്ന നിലയിൽ ആയിരിക്കും പരിശീലനം. ഇതെല്ലാം താഴെ തട്ടിൽ ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കാൻ ഉള്ള പ്രവർത്തനത്തിന് വേണ്ടി ആണെന്ന ധാരണയോടു വേണം ആളുകളെ തിരഞ്ഞെടുക്കാൻ. തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്താനാകണം. ഇതിനായി ജില്ലാ ആസൂത്രണ സമിതി നേതൃത്വപരമായ പങ്കു വഹിക്കണം. സമയബന്ധിതമായി പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തണം. അതിനാവശ്യമായ സംവിധാനങ്ങളും ചുമതലയും ചിട്ടപ്പെടുത്തണം.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ താഴെ തട്ടിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വേണം വാർഷിക പദ്ധതി തയ്യാറാക്കാൻ. സംയോജിത പദ്ധതികൾ ആവശ്യമുണ്ടെന്ന കണ്ടെത്തിയാൽ ജില്ലാ ആസൂത്രണ സമിതി അതിനു നേതൃത്വപരമായ പങ്കു വഹിക്കണം.

ജനുവരിയിൽ തന്നെ ഈ പ്രവർത്തനങ്ങളിൽ ഏറിയ പങ്കും പൂർത്തിയാക്കണം. ഇപ്പോഴത്തെ ഭരണസമിതി അടുത്ത വർഷം ഒക്ടോബറിൽ കാലാവധി പൂർത്തിയാക്കുകയാണ്. ഈ ഭരണസമിതിക്ക് പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും ലഭിക്കുന്ന പൂർണ്ണവർഷമാണ് കടന്നു പോകുന്നത്. പദ്ധതിച്ചെലവ് മെച്ചപ്പെടുത്തുന്നതോടൊപ്പം ഏറ്റവും മികച്ച പദ്ധതി നിർവ്വഹണ രീതി ശേഷിക്കുന്ന മാസങ്ങളിൽ കാഴ്ചവയ്ക്കണം.

2019-20ലെ പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന്റെ ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. ആസൂത്രണ നടപടിക്രമങ്ങൾ ഡിസംബർ 7-ന് ആരംഭിച്ച് മാർച്ച് 5-ന് ജില്ലാ ആസൂത്രണസമിതിക്ക് വാർഷിക പദ്ധതി സമർപ്പിക്കുന്ന രീതിയിലുള്ള ഒരു കലണ്ടർ ആണ് തയ്യാറാക്കിയിരിക്കുന്നത്. കലണ്ടർ പ്രകാരം പദ്ധതി ആസൂത്രണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കണം.

ഞാനാദ്യമേ സൂചിപ്പിച്ചിരുന്നു കേരളം കണ്ട മഹാപ്രളയത്തിൽ നിന്നും നാം കരകയറാനുള്ള ശ്രമത്തിലാണെന്ന്. വിവിധ വകുപ്പുകൾ മുഖേന സർക്കാർ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇവയിലെല്ലാം ഇടപെടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരിമിതികളുണ്ടെന്നറിയാം. പ്രളയക്കെടുതിയെ അതിജീവിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി വേണം വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്. നശിച്ചുപോയ ആസ്തികൾ പുനസൃഷ്ടിക്കുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം ജീവനോപാധികളും സൃഷ്ടിക്കണം. പ്രളയത്തിൽ കൊടിയ നാശം സംഭവിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 250 കോടി പ്രത്യേകമായി നൽകുന്നുണ്ട്. ഈ തുകയും അടുത്ത മാർച്ച് 31-നകം ചെലവഴിക്കത്തക്ക രീതിയിൽ ഉപയോഗിക്കാൻ കഴിയണം.

പ്രളയക്കെടുതിയെ അതിജീവിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി വേണം വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്. നശിച്ചുപോയ ആസ്തികൾ പുനസൃഷ്ടിക്കുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം ജീവനോപാധികളും സൃഷ്ടിക്കണം.

പ്രാദേശിക റോഡുകളുടെ പുനരുദ്ധാരണത്തിന് 961 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. "മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി" പ്രകാരം ഓരോ ജില്ലയ്ക്കും തുക അനുവദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തിയുടെ മേൽനോട്ടത്തിന് ഇതിനായി പ്രാദേശിക തലത്തിൽ സമിതി രൂപീകരിക്കാവുന്നതാണ്. ഇതു കൂടാതെ ജില്ലാതലത്തിൽ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ഇതിനായി സാങ്കേതിക സമിതിയും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇതു കൂടാതെ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം സാരമായി കേടുപാടുകൾ സംഭവിച്ച പ്രദേശങ്ങളെ സഹായിക്കാൻ 37.50 കോടി രൂപ സർക്കാർ മാറ്റി വച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ ഉണ്ടായ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന്റെ പ്രൊപ്പോസൽ തരുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ തുക അനുവദിക്കുന്നതാണ്. ഇത് ഇടുക്കി ജില്ലയ്ക്ക് പ്രയോജനപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

ഇതിനുമപ്പുറമാണ് റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ഭാഗമായ പ്രാദേശിക പദ്ധതികളും. കേരള പുനർ നിർമ്മാണ വികസന പദ്ധതിയിൽ ഏറെ നിർണ്ണായകമാണ് നമ്മൾ നമുക്കായി ക്യാമ്പയിൻ. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പ്രവർത്തനമാണ് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കലും അവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തലും മേൽ തട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കലും. ആ ഗൗരവം കണക്കിലെടുത്ത് പ്രവർത്തനങ്ങൾ മുമ്പോട്ടു നയിക്കേണ്ടതുണ്ട്. □

തിരുവനന്തപുരത്ത് നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു.

പ്രകൃതി സമ്പത്ത് ശരിയായി വിനിയോഗിച്ചാൽ സാമ്പത്തിക വികസനത്തിൽ കേരളത്തിന് വൻ മുന്നേറ്റം സാധ്യമാകും: മുഖ്യമന്ത്രി

തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്നു.

കേരളത്തിന്റെ പ്രകൃതി സമ്പത്ത് ശരിയായി വിനിയോഗിച്ചാൽ സാമ്പത്തിക വികസനത്തിൽ കേരളത്തിന് വലിയ കുതിച്ചു ചാട്ടം നടത്താനാവുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

കാർഷിക, വ്യാവസായിക വികസനമാണ് ഒരു നാടിന്റെ വികസനത്തിന്റെ പ്രധാന ഘടകങ്ങൾ. കേരളത്തിലെ കാലാവസ്ഥയും മണ്ണും ഏത് കൃഷിക്കും അനുയോജ്യമാണ്. നമുക്ക് ആവശ്യമായ പച്ചക്കറിയും ധാന്യങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും ഇവിടെത്തന്നെ ഉത്പാദിപ്പിക്കാനാവണം. തദ്ദേശസ്ഥാപനങ്ങൾ ശരിയായ ആസൂത്രണം നടത്തിയാൽ കാർഷിക മേഖലയിൽ സംസ്ഥാനത്ത് 1,18,000 കോടി രൂപയുടെ വരുമാനം സൃഷ്ടിക്കാം. തദ്ദേശസ്ഥാപന അതിർത്തിയിൽ 1.48 കോടി രൂപയുടെ അധിക വരുമാനവുമുണ്ടാവുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കൃഷി, തദ്ദേശസ്വയംഭരണം, സഹകരണം, വ്യവസായം, ക്ഷീരം തുടങ്ങി വിവിധ വകുപ്പുകൾ സഹകരിച്ചു പ്രവർത്തിച്ചാൽ ഇത് യാഥാർത്ഥ്യമാവും. ഇതിനാവശ്യമായ ഒരു സബ്സിഡി സർക്കാർ നിശ്ചയിച്ചു നൽകും.

വിവിധയിനം തൈകൾ തദ്ദേശസ്ഥാപനതലത്തിൽ വിതരണം ചെയ്യാവുന്നതാണ്. ഒരു വർഷം കൊണ്ട് ഒരു കോടി തൈകൾ വിതരണം ചെയ്താൽ പത്തു വർഷം കൊണ്ട് 50,000 കോടി രൂപയുടെ വരുമാനം ഉണ്ടാവും. ഒരു തദ്ദേശസ്ഥാപന പരിധിയിൽ അഞ്ച് കോടി രൂപയുടെ അധിക വരുമാനവുമുണ്ടാവും.

പച്ചക്കറി ഉത്പാദനത്തിന് തദ്ദേശസ്ഥാപനങ്ങൾ മഴ ഷെൽട്ടറുകൾ പ്രോത്സാഹിപ്പിക്കണം. പത്തു വർഷം കൊണ്ട് ഒരു പഞ്ചായത്തിൽ നൂറ് ഷെൽട്ടർ സ്ഥാപിക്കാനാവണം. ഇത്തരത്തിൽ പച്ചക്കറി കൃഷി നടത്തിയാൽ 31,000 കോടി രൂപ അധിക വരുമാനം ലഭിക്കും. ഓരോ തദ്ദേശസ്ഥാപന അതിർത്തിയിലും 100 പശുക്കളെങ്കിലും ഉണ്ടാവണമെന്ന് നിശ്ചയിക്കണം. പാലിനൊപ്പം മൂല്യവർധിത ഉത്പന്നങ്ങളും ലഭിക്കും. പത്തു വർഷം കൊണ്ട് ഇത് ആയിരം പശുക്കളായാൽ 70000 കോടി രൂപയുടെ അധിക വരുമാനം സാധ്യമാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പശുവിനെപ്പോലെ തന്നെ ആട്ടു വളർത്തലും നടത്താം. ഒരു തദ്ദേശസ്ഥാപന പരിധിയിൽ 10 വർഷം കൊണ്ട് രണ്ടായിരം ആടുകളുണ്ടെങ്കിൽ 13,000 കോടി രൂപയുടെ അധിക വരുമാനം

ഉണ്ടാവും. തദ്ദേശസ്ഥാപന പരിധിയിൽ 1.30 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കാം. 200 കോഴികളുള്ള 30 യൂണിറ്റുകൾ ഒരു തദ്ദേശസ്ഥാപന പരിധിയിൽ സ്ഥാപിക്കാം. പത്തു വർഷം കൊണ്ട് 35,000 കോടി രൂപ വരുമാനം പ്രതീക്ഷിക്കാം. 3.40 ലക്ഷം രൂപ തദ്ദേശസ്ഥാപന പരിധിയിൽ അധികമായി ലഭിക്കും. മത്സ്യകൃഷിയും പുഷ്പകൃഷിയും ഇത്തരത്തിൽ പ്രോത്സാഹിപ്പിക്കാനാവും.

വ്യാവസായിക മേഖലയിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ സംബന്ധിച്ച് കൊച്ചിയിൽ നടന്ന അസെൻഡ് 2020ൽ പ്രഖ്യാപിച്ചിരുന്നു. നിക്ഷേപസൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഇപ്പോൾ 21-ാം സ്ഥാനത്താണ്. അടുത്ത അഞ്ച് വർഷത്തിൽ ആദ്യ അഞ്ച് സംസ്ഥാനങ്ങളിലൊന്നായി കേരളം മാറണം. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശരിയായ ഇടപെടൽ ഉണ്ടാവണം. നോക്കുകൂലി എവിടെയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ സർക്കാർ സംവിധാനം ശക്തമായി ഇടപെടും. നിലവിൽ സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ ആ നിലപാട് ശരിയല്ല. അങ്ങനെ ഒരു കൂട്ടർക്ക് മാത്രം നിരോധനം ഏർപ്പെടുത്തേണ്ടതില്ല. പക്ഷേ, രാത്രിയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ സ്ഥാപന ഉടമ ഒരുക്കണം. പുതിയ സംരംഭകർക്ക് തൊഴിൽ സബ്സിഡി ഏർപ്പെടുത്തുന്നത് പരിഗണനയിലാണ്. പുതിയ പദ്ധതി തുടങ്ങി അഞ്ച് വർഷം കഴിയുമ്പോഴാണ് അത് നൽകുക. പക്ഷെ, അത്തരം സംരംഭങ്ങളിൽ പുരുഷ തൊഴിലാളിയെക്കാൾ രണ്ടായിരം രൂപ കൂടുതൽ ശമ്പളം സ്ത്രീ തൊഴിലാളിക്ക് ഉണ്ടായിരിക്കണം. പത്തു വർഷം കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പരിസ്ഥിതി സംരക്ഷണത്തിന് നാട്ടിലെ ജനങ്ങളെ സന്നദ്ധമാക്കുക പ്രധാനമാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കഴിഞ്ഞ രണ്ടു പ്രളയത്തിൽ മനസിലായതാണ്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കണം. ബോധവത്ക്കരണവും പ്രാദേശിക രീതിയിലുള്ള സംരക്ഷണ പ്രവർത്തനങ്ങളുടെ ഏകോപനവും തദ്ദേശ സ്ഥാപനങ്ങൾ നിർവഹിക്കണം. ജനങ്ങളെ പ്രകൃതി സംരക്ഷകരായി കണ്ടുള്ള പ്രവർത്തനമാണ് വേണ്ടത്. നിലവിലെ നിയമങ്ങളിലും വികസന ശീലങ്ങളിലും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന് ഗ്രാമസഭകളിലും വാർഡ് സഭകളിലും ചർച്ചകൾ നടത്തണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തുകളുടെ സമ്പൂർണ ഐ. എസ്. ഒ പ്രഖ്യാപനം മുഖ്യമന്ത്രി നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. വ്യവസായ മന്ത്രി ഇ. പി. ജയരാജൻ, ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക്, വനം മന്ത്രി കെ. രാജു, ജലവിഭവ മന്ത്രി കെ. കൃഷ്ണൻകുട്ടി, കൃഷി മന്ത്രി വി. എസ്. സുനിൽകുമാർ, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി. കെ. രാമചന്ദ്രൻ, തിരുവനന്തപുരം മേയർ കെ. ശ്രീകുമാർ, നവകേരളം കർമപദ്ധതി കോഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ, തദ്ദേശസ്വയംഭരണ സ്ഥാപന സംഘടന പ്രതിനിധികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.



കില തയ്യാറാക്കിയ ദുരന്തനിവാരണ പദ്ധതിയുടെ പരിശീലന വീഡിയോ ധനമന്ത്രി ഡോ.ടി. എം. തോമസ് ഐസക് പ്രകാശനം ചെയ്യുന്നു.

റീബിൽഡ് കേരള: ജനാഭിപ്രായം അഭ്യർത്ഥിച്ച് മുഖ്യമന്ത്രി

നമ്മൾ നമുക്കായി പോർട്ടൽ ഉദ്ഘാടനം ചെയ്തു

അതിജീവനക്ഷമതയുള്ള കേരളത്തെ രൂപപ്പെടുത്തുന്നതിന് പൊതുജന അഭിപ്രായം അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുജനങ്ങൾക്ക് തങ്ങളുടെ സ്വപ്നങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനുള്ള നമ്മൾ നമുക്കായി പോർട്ടൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായാണ് നമ്മൾ നമുക്കായി പോർട്ടൽ ആരംഭിച്ചിരിക്കുന്നത്. www.rebuild.kerala.gov.in എന്ന വെബ്സൈറ്റിലെ 'നമ്മൾ നമുക്കായി' ഭാഗത്ത് ക്ലിക്ക് ചെയ്താൽ പോർട്ടലിൽ പ്രവേശിക്കാം. ഇന്ത്യക്കകത്തും പുറത്തുമുള്ള വ്യക്തികൾ, സംഘടനകൾ തുടങ്ങിയവർക്ക് അഭിപ്രായം രേഖപ്പെടുത്താനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമാണ്. ഇംഗ്ലീഷിലും മലയാളത്തിലും അഭിപ്രായം രേഖപ്പെടുത്താം. കടലാസിൽ എഴുതി അപ്‌ലോഡ് ചെയ്യാനും സാധിക്കും.

ഭൂവിനിയോഗം, ജലപരിപാലനം, പ്രാദേശിക സമൂഹവും അതിജീവനവും വനപരിപാലനം, ഗതാഗതം/വാർത്താവിനിമയം/സാങ്കേതികവിദ്യ എന്നിങ്ങനെ അഞ്ച് പ്രധാന മേഖലകളായി തരംതിരിച്ചാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടത്. കൂടാതെ കൃഷി, ഖനനം, ഭൂപരിപാലനം, ആവാസം, ദുരന്തസാധ്യത മേഖലകൾ എന്നിവയെക്കുറിച്ചും അഭിപ്രായം അറിയിക്കാം.

ലോകത്തെവിടെയിരുന്നും വിവിധ മേഖലകളിലെ വിദഗ്ദ്ധർക്ക് ഓൺലൈനായി പങ്കെടുക്കുന്നതിനും സൈറ്റിൽ സൗകര്യമൊരുക്കും.

സാമൂഹ്യസുരക്ഷ

'ലൈഫ്' രണ്ട് ലക്ഷം വീടുകളിലേക്ക് കുടുംബസംഗമങ്ങൾ പുരോഗമിക്കുന്നു

■ യു.വി. ജോസ് ഐ.എ.എസ്

കുടുംബസംഗമങ്ങൾ 2019 ഡിസംബർ -2020 ജനുവരി കാലയളവിൽ ബ്ലോക്കുതലത്തിലും മുനിസിപ്പാലിറ്റി തലത്തിലും കോർപ്പറേഷൻ തലത്തിലുമാണ് സംഘടിപ്പിച്ച് വരുന്നത്. കുടുംബസംഗമത്തോടൊപ്പം ലൈഫ് ഗുണഭോക്താക്കളെ വിവിധ ക്ഷേമപദ്ധതികളിലും സേവനങ്ങളിലും ഉൾപ്പെടുത്തുന്നതിനായി അദാലത്തും സംഘടിപ്പിക്കുന്നു.

വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടുകൾ ലഭിച്ചവർക്ക് അവരുടെ തുടർ ജീവിതത്തിന് സാമൂഹ്യപരവും തൊഴിൽ പരവുമായ പിന്തുണ നൽകി അവരെ മെച്ചപ്പെട്ട ജീവിതം നയിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാനും ലക്ഷ്യമിട്ട് സംസ്ഥാനത്തൊട്ടാകെ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബസംഗമം നടന്നുവരുന്നു.

കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നത്. ലൈഫ് മിഷൻ പദ്ധതി ഒന്നാംഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാംഘട്ടം വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൾ യാഥാർത്ഥ്യമാക്കുകയെന്നതായിരുന്നു ഒന്നാംഘട്ടത്തിൽ ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കേണ്ടിയിരുന്ന 54,183 വീടുകളിൽ 51,950 (96%) വീടുകൾ ഇതിനോടകം നിർമ്മിച്ചുകഴിഞ്ഞു. 664.87 കോടി രൂപ ഗുണഭോക്താക്കൾക്കു ഭവന നിർമ്മാണത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യങ്ങൾ. രണ്ടാംഘട്ടത്തിൽ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും നടത്തിയ രേഖാ പരിശോധനയിലൂടെ 99,910 ഗുണഭോക്താക്കളാണ് അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടത് 91,208 പേരാണ്. ഇവരിൽ 60,524 (66.36 %) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്ത് കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മിഷൻ കൈക്കൊണ്ടിട്ടുണ്ട്. 20-60% വരെ വിലകുറച്ചാണ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് ഉപകരണങ്ങൾ, പെയിന്റ്, സാനിറ്ററി ഉപകരണങ്ങൾ, സിമെന്റ്, വാട്ടർ ടാങ്ക് തുടങ്ങിയവ ലൈഫ് ഗുണഭോക്താക്കൾക്കു ലഭ്യമാക്കുന്നത്. ഇതിന്റെ കൂടുതൽ വിവരങ്ങൾ ലൈഫ് മിഷന്റെ വെബ്സൈറ്റായ www.lifemission.kerala.gov.in ൽ ലഭ്യമാണ്.

> ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യങ്ങൾ

പി.എം.എ.വൈ-ലൈഫ് (അർബൻ) പദ്ധതി പ്രകാരം 75964 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുകയും

ലൈഫ് ഗുണഭോക്താക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക ലക്ഷ്യം: മന്ത്രി എ.സി. മൊയ്തീൻ

കേരളത്തിലെ ഭവനരഹിതരായവർക്ക് ഭവനം നൽകുക എന്നത് മാത്രമല്ല അവരുടെ തുടർജീവിതത്തിന് സാമൂഹ്യപരവും തൊഴിൽപരവുമായ സഹായം നൽകി മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ലൈഫ് ഗുണഭോക്താക്കൾക്ക് അദാലത്തും കുടുംബസംഗമങ്ങളും സംഘടിപ്പിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിഎ.സി.മൊയ്തീൻ പറഞ്ഞു. ലൈഫ് മിഷൻ നടത്തുന്ന ബ്ലോക്കുതല കുടുംബസംഗമങ്ങളുടെയും അദാലത്തുകളുടെയും സംസ്ഥാനതല ഉദ്ഘാടനം വർക്കല ബ്ലോക്കിലെ തോപ്പിൽ ആഡിറ്റോറിയത്തിൽ നിർവഹിച്ചുസംസാരിക്കുകയായിരുന്ന അദ്ദേഹം.

ഇരുപതോളം ഓളം വകുപ്പുകൾ നൽകുന്ന വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഇത്തരമൊരു സംഗമം. 2020 ജനുവരി അവസാനവാരം സംസ്ഥാനത്ത് ലൈഫ് പദ്ധതിയിലൂടെ രണ്ടുലക്ഷം ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി നിർവ്വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ലൈഫ് പദ്ധതിയിലൂടെ വീട് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് വീടുകളുടെ താക്കോൽദാനവും മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകളെ ആദരിക്കലും മന്ത്രി നിർവഹിച്ചു. അഡ്വ. ബി. സത്യൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്വ വി.ജോയി എം.എൽ.എ, മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവ് സി.എസ്. രഞ്ജിത്, വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ യൂസഫ് എന്നിവർ സംസാരിച്ചു. ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.പി. സാബുക്കുട്ടൻ നായർ മിഷന്റെ പുരോഗതി റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് നടന്ന അദാലത്തിൽ തദ്ദേശ സ്വയംഭരണം, കൃഷി, സാമൂഹ്യ നീതി, കുടുംബശ്രീ, MGNREGS, പട്ടികജാതി/ പട്ടികവർഗ്ഗം, ആരോഗ്യം എന്നീ വകുപ്പുകളുടെ വിവിധതരം സേവനങ്ങളും ഗുണഭോക്താക്കൾക്കായി ലഭ്യമാക്കി. കൂടാതെ അക്ഷയ സെന്റർ വഴി ഗുണഭോക്താക്കളുടെ ആധാർകാർഡ്, വോട്ടർ ഐഡി എന്നിവയുടെ പുതുക്കലും തെറ്റുതിരുത്തലും നടന്നു.

29722 (39%) ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുകയും, പി.എം.എ.വൈ- ലൈഫ് (റൂറൽ) പദ്ധതി പ്രകാരം 17495 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുകയും 16456 (94%) ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുകയും ചെയ്തു. ലൈഫ് ഒന്നും രണ്ടും ഘട്ടങ്ങളിലും പി. എം.എ.വൈ (റൂറൽ) (അർബൻ) എന്നിവയിലെല്ലാംകൂടി നിലവിൽ 160000 ത്തോളം വീടുകൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം രണ്ട് ലക്ഷം വീടുകളുടെ നിർമ്മാണം ജനുവരി അവസാനത്തോടെ പൂർത്തീകരിക്കാനാണ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ കൈവരിച്ച ഈ നേട്ടത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഭവനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് കുടുംബസംഗമങ്ങൾ സംഘടിപ്പിക്കുന്നത്. ഇതിനെത്തുടർന്ന് സംസ്ഥാനതലത്തിൽ രണ്ട് ലക്ഷം വീടുകൾ ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനം ജനുവരി അവസാനവാരം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ 3,37,416 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹതാ പരിശോധനയ്ക്ക് ഹാജരായത് 1,37,121 ഗുണഭോക്താക്കളാണ്. ഇവരിൽ 1,06,925 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ അടിമാലിയിൽ ഭവന സമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ ഭൂരഹിത ഭവനരഹിതരായ 163 ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. മൂന്നാംഘട്ടത്തിൽ ഈ വർഷം പണി ആരംഭിക്കുന്ന 85 ഭവന സമുച്ചയങ്ങളിൽ 14 പൈലറ്റ് ഭവന സമുച്ചയങ്ങളും കെയർ ഹോം വഴി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങളുമാണുള്ളത്. പൈലറ്റ് ഭവന സമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 56 അധിക ഭവന സമുച്ചയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. പൈലറ്റ് ഭവന സമുച്ചയങ്ങൾ 2020 ഓഗസ്റ്റിലും അഡീഷണൽ, കെയർ ഹോം വഴിയുള്ള ഭവന സമുച്ചയങ്ങൾ 2020 ഒക്ടോബറിലും പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

കുടുംബസംഗമങ്ങൾ 2019 ഡിസംബർ -2020 ജനുവരി കാലയളവിൽ ബ്ലോക്കുതലത്തിലും മുനിസിപ്പാലിറ്റി തലത്തിലും

കോർപ്പറേഷൻ തലത്തിലുമാണ് സംഘടിപ്പിച്ച് വരുന്നത്. കുടുംബസംഗമത്തോടൊപ്പം ലൈഫ് ഗുണഭോക്താക്കളെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ ക്ഷേമപദ്ധതികളിലും സേവനങ്ങളിലും ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് അദാലത്തും സംഘടിപ്പിക്കുന്നു. രാവിലെ ബ്ലോക്കുതല സംഗമത്തിന്റെ ഉദ്ഘാടനവും തുടർന്ന് വൈകുന്നേരം വരെ അദാലത്തുമാണ് സംഘടിപ്പിക്കുന്നത്. ആധാർ, റേഷൻ കാർഡ് തിരുത്തൽ എന്നിവ മുതൽ വിവിധ വകുപ്പുകളുടെ ക്ഷേമപദ്ധതികളെ കുറിച്ച് ഗുണഭോക്താക്കൾക്ക് അവബോധം നൽകുന്നതിനും ജീവിതോപാധികൾ കണ്ടെത്തുന്നതിന് വിവിധ തരം സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ സേവനവും അദാലത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് വളരെ കുറഞ്ഞ ചെലവിൽ സുതാര്യമായ രീതിയിലാണ് കുടുംബസംഗമങ്ങൾ നടത്തുന്നത്. അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും സാന്നിധ്യത്തിലുമാണ് കുടുംബസംഗമവും അദാലത്തും നടത്തി വരുന്നത്.

ആധാർ, റേഷൻ കാർഡ് തിരുത്തൽ എന്നിവ മുതൽ വിവിധ വകുപ്പുകളുടെ ക്ഷേമപദ്ധതികളെ കുറിച്ച് ഗുണഭോക്താക്കൾക്ക് അവബോധം നൽകുന്നതിനും ജീവിതോപാധികൾ കണ്ടെത്തുന്നതിനും വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ സേവനവും അദാലത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

വകുപ്പുകളും സേവനങ്ങളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

- വാർദ്ധക്യകാല പെൻഷൻ – അപേക്ഷ സ്വീകരിക്കുന്നതാണ്.
- കർഷകത്തൊഴിലാളി പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
- വിധവാ പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
- ഭിന്നശേഷി പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
- തൊഴിൽരഹിത വേതനം - അപേക്ഷ സ്വീകരിക്കുന്നതാണ്.
- ജനന-മരണ വിവാഹ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റുകൾ - അപേക്ഷ സ്വീകരിക്കുന്നതാണ്.
- ഉടമസ്ഥാവകാശ സാക്ഷ്യപത്രം, സ്ഥിരതാമസ സാക്ഷ്യപത്രം - അപേക്ഷ സ്വീകരിക്കുന്നതാണ്.

സിവിൽ സപ്ലൈസ് വകുപ്പ്

- റേഷൻ കാർഡ് തിരുത്തൽ – അപേക്ഷ സ്വീകരിച്ച് നടപടിയെടുക്കൽ
- മുൻഗണനാ കാർഡ് അപേക്ഷകൾ
- പുതിയ റേഷൻ കാർഡ് അപേക്ഷകൾ
- റേഷൻ കാർഡിൽ അംഗങ്ങളെ ഉൾപ്പെടുത്തൽ

കൃഷി വകുപ്പ്

- കർഷക പെൻഷൻ അപേക്ഷകൾ
- ടെറസിൽ ഗ്രോബാഗ് കൃഷി സേവനം
- വിത്തുകളുടെയും തൈകളുടെയും വിതരണം
- നൂതന കൃഷി സമ്പ്രദായങ്ങൾ സംബന്ധിച്ച അറിവ് നൽകൽ

സാമൂഹ്യനീതി വകുപ്പ്

- ഭിന്നശേഷിക്കാരുടെയും വയോജന ക്ഷേമ പരിപാടികളുടെയും അപേക്ഷ സ്വീകരിച്ച് സേവനം ലഭ്യമാക്കൽ
- സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള സേവനങ്ങൾ സംബന്ധിച്ച അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കലും ബോധവൽക്കരണവും
- വയോമധുരം, മന്ദഹാസം തുടങ്ങിയ പദ്ധതി മുഖേനയുള്ള സേവനങ്ങൾ ലഭ്യമാക്കൽ
- ബോധവൽക്കരണ ബ്രോഷർ വിതരണം

കുടുംബശ്രീ

- സ്വയംതൊഴിൽ പദ്ധതി രജിസ്ട്രേഷനും ബോധവൽക്കരണവും
- നൈപുണ്യ വികസനം
- സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഹെൽപ് ഡെസ്ക്
- തൊഴിലധിഷ്ഠിത പരിശീലനം
- കുടുംബശ്രീയുടെ വിവിധ പദ്ധതികൾ
- ബ്രോഷർ വിതരണം

ഐ.ടി. വകുപ്പ് (അക്ഷയ കേന്ദ്രം)

- ആധാർ എൻറോൾമെന്റ്
- ആധാർ പുതുക്കൽ
- ആധാർ വിവരങ്ങളിൽ മാറ്റം വരുത്തൽ
- തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് അപേക്ഷ
- പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന അംഗമാക്കൽ
- പ്രധാനമന്ത്രി ജീവൻ ജ്യോതി

ഫിഷറീസ്

- വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ തീരമൈത്രി യൂണിറ്റുകളിൽ അംഗത്വം
- കുളം/പുഴ പാട്ടത്തിനെടുത്ത് മത്സ്യ കൃഷി
- അലങ്കാര മത്സ്യകൃഷി
- ജനകീയ മത്സ്യകൃഷി പദ്ധതി
- വനിതകൾക്കൊരു മീൻ തോട്ടം
- 40%-ഓളം സബ്സിഡിയുള്ള വിവിധ പദ്ധതികൾ

ലൈഫ് ഭവന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ ആദ്യമായി ഒന്നാം ഘട്ടം സമ്പൂർണ്ണമായി പൂർത്തീകരിച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം മന്ത്രി എ.സി. മൊയ്തീനിൽ നിന്നും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി. കുരിയാക്കോസ് ഏറ്റുവാങ്ങുന്നു.

മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

- ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽദിന ലഭ്യത ഉറപ്പാക്കൽ
- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (നഗര പ്രദേശങ്ങളിൽ)
- തൊഴിൽ കാർഡ് വിതരണം
- കിണർ നിർമ്മാണം
- മഴവെള്ളക്കൊയ്ത്ത്, ബയോഫെൻസിംഗ് ഉപയോഗിച്ച് വേലി നിർമ്മാണം
- പശുതൊഴുത്ത്, കോഴിക്കൂട്, ആട് വളർത്തൽ, ഗ്രൂപ്പ് ആക്ടിവിറ്റീസിനായി വർക്ക് ഷെഡ് നിർമ്മാണം, എം.കെ.എസ്.പി മുഖേന തെങ്ങ് കയറ്റ പരിശീലനം.
- ജലസംരക്ഷണം, മാലിന്യ ശേഖരണം, ജീവനോപാധികൾ എന്നിവയുടെ പദ്ധതികൾ.
- ഇൻഷുറൻസ് സ്കീം (12 രൂപ പ്രീമിയം)

വ്യവസായ വകുപ്പ്

- തൊഴിൽ വൈദഗ്ധ്യമുള്ള കുടുംബങ്ങളെ പഞ്ചായത്തിലുള്ള സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികളിൽ അംഗങ്ങളാക്കൽ
- തൊഴിൽദായക പദ്ധതികൾ പരിചയപ്പെടുത്തൽ
- നാനോ ഹൗസ്ഹോൾഡ് പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ
- തദ്ദേശസ്വയംഭരണ തലത്തിൽ ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിവേദനം നൽകൽ.

പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്

- ഗുണഭോക്തൃ കുടുംബങ്ങൾക്ക് സ്കിൽ ട്രെയിനിംഗ്
- വിദ്യാർത്ഥികൾക്ക് വിദേശത്ത് പോകുന്നതിനുള്ള സൗകര്യമൊരുക്കൽ
- വനിതകൾക്കും സ്വയംതൊഴിൽ സഹായ സംഘങ്ങൾക്കും സബ്സിഡി
- ചികിത്സാ സഹായം ആവശ്യമുള്ളവർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമൊരുക്കൽ
- വകുപ്പ് വഴി ലഭ്യമാക്കുന്ന വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും ബോധവൽക്കരണം.
- കുടുംബങ്ങളുടെ തുടർ ആവശ്യകത വിലയിരുത്തൽ
- കടം എഴുതിത്തള്ളുന്ന പദ്ധതി

ക്ഷീര വികസന വകുപ്പ്

- പശു വളർത്തലുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം
- ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ലഭ്യമാകുന്ന പ്രയോജനങ്ങളെക്കുറിച്ച് ബോധവൽക്കരണം

ആരോഗ്യ വകുപ്പ്

- സൗജന്യ വൈദ്യ പരിശോധന
- ജീവിതശൈലീ രോഗ ബോധവൽക്കരണ ക്ലിനിക്കുകൾ
- രോഗപ്രതിരോധ മാർഗ്ഗരേഖ കൗൺസിലിംഗ്
- ആർദ്രം ജനകീയ ക്യാമ്പയിൻ

റവന്യൂ

- പട്ടയം നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ
- സാക്ഷ്യപത്ര വിതരണം
- സി.എം.ഡി.ആർ.എഫ് അദാലത്ത്

ശുചിത്വ മിഷൻ

- മാലിന്യ സംസ്കരണ മാർഗ്ഗത്തെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കൽ - ബ്രോഷർ
- സോക്പിറ്റ് നിർമ്മിക്കുന്നതിനുള്ള സഹായം
- ഗുണഭോക്തൃ കുടുംബങ്ങൾക്ക് ശുചിത്വ കലണ്ടർ തയ്യാറാക്കി നൽകൽ

വനിതാ ശിശു വികസനം

- അംഗനവാടികളിൽ പോകാത്ത കുട്ടികൾ, കിടപ്പ് രോഗികൾ എന്നിവരെ കണ്ടെത്തി സഹായം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ.

ഗ്രാമവികസന വകുപ്പ്

- എം.കെ.എസ്.പി പദ്ധതി - തെങ്ങുകയറ്റം, കൃഷി തുടങ്ങിയവയ്ക്ക് യന്ത്രങ്ങൾ സൗജന്യമായി നൽകൽ.

പബ്ലിക് റിലേഷൻസ് വകുപ്പ്

- വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ലഘുലേഖകൾ

ലീഡ് ബാങ്ക്

- അക്കൗണ്ട് ഓപ്പണിംഗ്
- പെൻഷൻ പദ്ധതിയിൽ ചേർക്കൽ (അടൽ പെൻഷൻ യോജന)
- കുറഞ്ഞ ചിലവിൽ ചേരാവുന്ന ലൈഫ് ഇൻഷുറൻസ്, അപകട ഇൻഷുറൻസ് എന്നിവകളുടെ പോളിസികളിൽ ചേർക്കൽ (പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാൻമന്ത്രി സുരക്ഷാ ബീമാ യോജന)

☐

ലേഖകൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്

ബ്ലോക്കുതല കുടുംബസംഗമങ്ങളുടെ പുരോഗതി റിപ്പോർട്ട് (20.01.2020)

ജില്ല	ആകെ കുടുംബ സംഗമങ്ങളുടെ എണ്ണം	പൂർത്തീകരിച്ചവ	പൂർത്തീകരിക്കുവാനുള്ളത്
തിരുവനന്തപുരം	15	15	0
കൊല്ലം	15	15	0
പത്തനംതിട്ട	12	12	0
ആലപ്പുഴ	16	16	0
കോട്ടയം	17	17	0
ഇടുക്കി	11	11	0
എറണാകുളം	29	20	9
തൃശ്ശൂർ	24	24	0
പാലക്കാട്	13	12	1
മലപ്പുറം	27	23	4
കോഴിക്കോട്	20	20	0
വയനാട്	9	6	1
കണ്ണൂർ	21	21	0
കാസർഗോഡ്	9	8	1
ആകെ	236	220	16

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

പുതിയ മാനങ്ങളിലേക്ക്

■ ഡോ. സി. രാമകൃഷ്ണൻ

നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എജ്യുക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളും പരിഗണിക്കുമ്പോൾ നാം കേരളം ഒന്നാമതാണ്. നമ്മുടെ സ്കോർ 82.5 ശതമാനമാണ്.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളീയ മനസ്സുകളിൽ ഉണ്ടാക്കിയ ആവേശവും ഉത്സാഹവും പ്രതീക്ഷകളും വളരെ വലുതാണ്. ഈ ആവേശത്തോടും ഉത്സാഹത്തോടും പ്രതീക്ഷകളോടും നീതി പുലർത്തും വിധം അത് മുന്നേറുന്നുണ്ട്. ഇത് സംബന്ധിച്ച് ഗുണപരമായ പല വെളിപ്പെടുത്തലുകളും വന്നുകൊണ്ടിരിക്കുന്നു.

നീതി ആയോഗ് 2019 സെപ്റ്റംബർ 30ന് പുറത്തുവിട്ട സ്കൂൾ എജ്യുക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളും പരിഗണിക്കുമ്പോൾ നാം കേരളം ഒന്നാമതാണ്. നമ്മുടെ സ്കോർ 82.5 ശതമാനമാണ്. അടിസ്ഥാന വർഷമായ 2015-16ൽ കേരളത്തിന്റെ സ്കോർ 77.6 ശതമാനം ആയിരുന്നു . അതാണ് 2016-17ൽ 82.5 ശതമാനമായി മാറിയത്.

രണ്ടാം സ്ഥാനത്ത് തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാടിന് 73.6 ശതമാനവും മൂന്നാം സ്ഥാനത്തുള്ള ഹരിയാനയ്ക്ക് 69.5 ശതമാനം സ്കോറും ആണ് ലഭിച്ചത്. 2015-16 അപേക്ഷിച്ച് കേരളത്തിന് 4.9 ശതമാനം സ്കോർ കൂടുതലായി 2016-17ൽ ലഭിച്ചു എന്നാണ് ഈ പഠനം വ്യക്തമാക്കുന്നത്.

തുല്യത

കേരളത്തിലെ ഏറ്റവും കൂടുതൽ സ്കോർ ലഭിച്ചത് തുല്യത എന്ന ഘടകത്തിനാണ്. പിന്നോക്ക വിഭാഗങ്ങളുടെ കാര്യത്തിൽ നാം കാട്ടുന്ന ജാഗ്രത , ഗ്രാമ നഗര അന്തരം ഇല്ലാതെ നോക്കുന്നത്, ആൺകുട്ടി പെൺകുട്ടി സമത്വം, പ്രത്യേക പരിഗണന വേണ്ടവർക്കുള്ള ശ്രദ്ധ എന്നിവയെല്ലാം

ഇതിൽ വരുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ സ്കോർ 95.4 ശതമാനം ആണ്. ഉത്തർപ്രദേശിന്റെ സ്കോർ ഇക്കാര്യത്തിൽ 66.4 ശതമാനം ആണ്. സമത്വത്തിന്റെയും തുല്യതയുടെയും കാര്യത്തിൽ പുരോഗമന ശക്തികൾക്ക് വേരോട്ടമുള്ള കേരളത്തിന്റെ പ്രകടമായ മുന്നേറ്റം ഈ പഠനം അടയാളപ്പെടുത്തുന്നു. പഠന തുടർച്ചയുടെ കാര്യത്തിലും നാം വളരെ മുൻപിലാണ്. പ്രൈമറിയിൽ നിന്നും അപ്പർപ്രൈമറിയിലേക്കും അവിടെനിന്ന് ഹൈസ്കൂളിലേക്കും 100 ശതമാനം കുട്ടികളും എത്തുന്നു. ഇതിനർത്ഥം കുട്ടികളുടെ പഠന തുടർച്ച ഉറപ്പാക്കാൻ നാം വിജയിക്കുന്നു എന്നതാണ്.

അധ്യാപകരെ നിയമിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ കേരളത്തിന്റെ സ്കോർ 94.9 ശതമാനം ആണ്. ഹിമാചൽ പ്രദേശിൽ 90 ശതമാനവും ഗുജറാത്തിന്റേത് 66.5 ശതമാനവുമാണ്.

2016-17 വർഷത്തെ അപേക്ഷിച്ച് ഭൗതിക സൗകര്യം വികസിപ്പിക്കുന്നതിലും സ്കൂളുകളെ സാങ്കേതിക സൗഹൃദം ആക്കുന്നതിലും മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കരിക്കുലം മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ ഇനിയും ബഹുദൂരം മുന്നേറാൻ കഴിയേണ്ടിയിരിക്കുന്നു. ഗണിതം ഇപ്പോഴും ഒരു പ്രശ്നമേഖലയായി തുടരുന്നു.

ഗുണത

ദേശീയതലത്തിൽ ഇനിയും ആറുകോടിയോളം 6 - 14 പ്രായത്തിലുള്ള കുട്ടികൾ സ്കൂളിൽ എത്തിച്ചേരാനോ പഠനം തുടരാനോ ബാക്കിയുള്ളപ്പോഴാണ് ഇവിടെ കേരളത്തിൽ ഏതാണ്ട് എല്ലാ കുട്ടികളും പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. അതുകൊണ്ടുതന്നെ ദേശീയതലത്തിൽ വിദ്യാഭ്യാസ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഒന്നാം തലമുറ പ്രശ്നമായ സ്കൂൾ പ്രാപ്യത അഥവാ

ദേശീയതലത്തിൽ ഇനിയും ആറുകോടിയോളം 6 - 14 പ്രായത്തിലുള്ള കുട്ടികൾ സ്കൂളിൽ എത്തിച്ചേരാനോ പഠനം തുടരാനോ ബാക്കിയുള്ളപ്പോഴാണ് ഇവിടെ കേരളത്തിൽ ഏതാണ്ട് എല്ലാ കുട്ടികളും പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്.

സ്കൂളിൽ കുട്ടികളെ എത്തിക്കുന്നതിനും എത്തിച്ചേർന്ന കുട്ടികളുടെ പഠന തുടർച്ച ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കേരളം രണ്ടാം തലമുറ വിദ്യാഭ്യാസ പ്രശ്നമായ ഗുണതയെ ക്കുറിച്ചാണ് ഉറക്കെ ചിന്തിക്കുന്നത്. അതുകൊണ്ടാണ് ജനാധിപത്യം, ആധുനികത, മാനവികത എന്നിവ ഉൾക്കൊള്ളുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന ലക്ഷ്യം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവെച്ചത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കണമെങ്കിൽ വിദ്യാഭ്യാസ രംഗത്ത് നിരന്തരമായ നവീകരണ പ്രവർത്തനങ്ങളും പരിവർത്തനങ്ങളും നടക്കേണ്ടതുണ്ട്. അത്തരം നവീകരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്താൻ കഴിയുന്നു എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സവിശേഷത. ഇതിൽ ജനപങ്കാളിത്തം ഉറപ്പാക്കുക എന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുഇടങ്ങളുടെ സംരക്ഷണം കൂടിയാണ്. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് 5.5 ലക്ഷം കുട്ടികളാണ് വിദ്യാലയങ്ങളിലേക്ക് അധികമായി എത്തിയത്. അൺ

എയ്ഡഡ് വിദ്യാലയങ്ങളിലും മറ്റു സ്വകാര്യ വിദ്യാലയങ്ങളിലും കുട്ടികളെ വിട്ടിരുന്ന രക്ഷിതാക്കളാണ് പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ മാറ്റി ചേർത്തുകൊണ്ടിരിക്കുന്നത്. പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയയ്ക്കുന്നത് അത്ര അഭിമാനകരമായ ഒന്നല്ലാതെ കണ്ടിരുന്ന സമൂഹമാണ് ആത്മാഭിമാനത്തോടെ പൊതു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയച്ചു തുടങ്ങിയത്. ഇങ്ങനെ എത്തിചേരുന്ന എല്ലാ കുട്ടികൾക്കും പഠന പരിസരത്ത് നീതി ഉറപ്പാക്കുക എന്നതാണ് നമ്മൾ ഏറ്റെടുക്കേണ്ട വെല്ലുവിളി. ക്ലാസിനകത്തും പഠന പരിസരത്തും നീതി ലഭിക്കുക എന്നാൽ ഓരോ കുട്ടിക്കും ക്ലാസ് മുറിയിലും പഠന പരിസരത്തും ഇടങ്ങൾ ലഭിക്കുക എന്നതുകൂടിയാണ്. ഇതിന് കഴിയണമെങ്കിൽ ഇന്ന് ലഭ്യമായ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് ഓരോ കുട്ടിക്കും അവരുടെ കഴിവ് കണ്ടെത്താനും അത് ഏറ്റവും ഉയർന്ന തലത്തിലെത്തിക്കാനുള്ള അവസരതുല്യതയും ലഭിക്കണം. കുട്ടികളുടെ എല്ലാ കഴിവും കഴിവാണ് എന്ന് അംഗീകരിക്കാനുള്ള വിശാലത അധ്യാപകരടക്കമുള്ള സ്കൂൾ സമൂഹത്തിനും പൊതു സമൂഹത്തിനും ഉണ്ടാകണം. എങ്കിലെ ഓരോ കുട്ടിയുടെയും പ്രതിഭയെ കണ്ടെത്താനും വളർത്താനും വേണ്ട സാമൂഹികവും ഭൗതികവുമായ അന്തരീക്ഷവും സൗകര്യവും ഒരുക്കാൻ കഴിയൂ.

ടാലന്റ് ലാബ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമായ ടാലന്റ് ലാബ് പ്രയോഗവൽക്കരിക്കാൻ കഴിയണമെങ്കിൽ അത് സംബന്ധിച്ച ശരിയായ ബോധ്യം മുതിർന്നവരിലുണ്ടാകണം. കുട്ടികളുടെ സർഗ്ഗശേഷിയുടെ വ്യത്യസ്തതലങ്ങൾ അന്വേഷിക്കുന്നതിനായാണ് ടാലന്റ് ലാബ്. കുട്ടിക്ക് താൽപര്യമുള്ള മേഖല അത് വിഷയ പഠന സംബന്ധിയാകാം, കലാ- കായിക, സാംസ്കാരിക രംഗത്തുള്ളതാകാം, കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനുള്ള ആശയപരവും പ്രായോഗികപരവുമായ സങ്കേതമാണ് ടാലന്റ് ലാബ്. സമൂഹത്തിലെ വ്യത്യസ്തമായ കഴിവുകളെ കണ്ടെത്തി വിദ്യാലയവുമായി കണ്ണിചേർക്കാൻ ടാലന്റ് ലാബിലൂടെ കഴിയും. ടാലന്റ് ലാബ് ശരിയായ അർത്ഥതലങ്ങളിൽ വളർന്നുവന്നാൽ സാംസ്കാരിക

> **കുട്ടികളുടെ സർഗ്ഗശേഷിയുടെ വ്യത്യസ്തതലങ്ങൾ അന്വേഷിക്കുന്നതിനായാണ് ടാലന്റ് ലാബ്. കുട്ടിക്ക് താൽപര്യമുള്ള മേഖല അത് വിഷയ പഠന സംബന്ധിയാകാം, കലാ- കായിക, സാംസ്കാരിക രംഗത്തുള്ളതാകാം, കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനുള്ള ആശയപരവും പ്രായോഗികപരവുമായ സങ്കേതമാണ് ടാലന്റ് ലാബ്.**

വിനിമയത്തിനും അറിവിന്റെ ഉയർന്ന തലങ്ങൾ ഭാവിതലമുറയുമായി വിനിമയം ചെയ്യുന്ന വൈജ്ഞാനിക സാംസ്കാരിക വിനിമയ കേന്ദ്രങ്ങൾ എന്ന ധർമ്മം കൂടി വിദ്യാലയങ്ങൾക്ക് വഹിക്കാനാകും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ നിർണ്ണായക പങ്കുവഹിക്കാൻ കഴിയും. സ്കൂളിന് ചുറ്റുമുള്ള ടാലന്റുകളെ കാണാനും അവരെ കേൾക്കാനും സംവേദിക്കാനുമുള്ള അവസരം വിദ്യാലയം പ്രതിഭകളിലേക്ക് എന്ന പ്രവർത്തനത്തിലൂടെ കഴിഞ്ഞു. ഈ പ്രവർത്തനം നൽകിയ തെളിമ ടാലന്റ് ലാബ് എന്ന ആശയത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രചോദനമാകും.

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമായി മാറണം. മികവെന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിനായി ഭൗതിക സൗകര്യ വികസനവും പ്രധാനമാണ്. അത് കിഫ്ബിയുടെ സഹായത്താലും സർക്കാർ പ്ലാൻ ഫണ്ട് വിനിയോഗിച്ചും എം.എൽ.എ, എം.പി, മറ്റു ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, വ്യത്യസ്തതൽപരരായ സമൂഹം എന്നിവരുടെയെല്ലാം തനതായും കൂട്ടായതുമായ സഹായ സഹകരണങ്ങളോടെ നടക്കുന്നുണ്ട്. പല വിദ്യാലയങ്ങളുടെയും ഉത്ഘാടനം നടന്നുവരുന്നു, കില എസ്.പി.വി ആയ 446 വിദ്യാലയങ്ങളുടെ നിർമ്മാണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

അതുപോലെ നമ്മുടെ വിദ്യാലയങ്ങളെല്ലാം സാങ്കേതിക വിദ്യാസൗഹൃദങ്ങളായി മാറി. 8 മുതൽ 12 വരെ ക്ലാസുകൾ ഇതിനകം ഹൈടെക്കായി മാറി. പ്രൈമറി സ്കൂളിലെല്ലാം കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചുവരുന്നു. പല പഞ്ചായത്ത്/മുൻസിപ്പാലിറ്റി, നിയോജകമണ്ഡല തലങ്ങളിലും സമ്പൂർണ്ണ ഡിജിറ്റൽ സ്കൂളുകളുടെ പ്രദേശങ്ങളായുള്ള പ്രഖ്യാപനങ്ങൾ നടന്നുവരുന്നു. ഇങ്ങനെ ലഭ്യമാക്കിയ ഉപകരണങ്ങൾ ഗുണമേന്മാ വിദ്യാഭ്യാസത്തിനായി വിവേകത്തോടെ വിനിയോഗിക്കാൻ സംവിധാനത്തിന്റെ ഭാഗമായ അദ്ധ്യാപകരടക്കമുള്ള ഘടകങ്ങളെ സജ്ജമാക്കുക എന്നതും പ്രധാനമാണ്.

പഠനമാധ്യമം

മറ്റൊരു പ്രധാന അക്കാദമിക പ്രതിസന്ധി പഠന മാധ്യമം സംബന്ധിച്ച നിലവിലുള്ള ധാരണയെ അഭിമുഖീകരിക്കുക എന്നതാണ്. കുട്ടി അറിവിന്റെ നിർമ്മാതാവായി മാറുകയാണ് വേണ്ടത്. അങ്ങനെ അറിവിന്റെ നിർമ്മാതാവാകണമെങ്കിൽ കുട്ടികൾ അവരവരുടെ പ്രായത്തിനനുസരിച്ച് വിവരങ്ങൾ സമാഹരിക്കാനുള്ള അറിവും കഴിവും നേടണം. സമാഹരിച്ച വിവരങ്ങളെ വിമർശന ബുദ്ധ്യാ വിശകലനം ചെയ്യുമ്പോഴാണ് കുട്ടികൾ അറിവിന്റെ നിർമ്മാതാവായി മാറുന്നത്. മാതൃഭാഷയിലൂടെ, ലഭിക്കുന്ന വിവരങ്ങളെ ജ്ഞാനമാക്കിമാറ്റുന്ന അത്ര എളുപ്പത്തിൽ മറ്റൊരു ഭാഷയിലൂടെയും സാധ്യമല്ല. മാതൃഭാഷയിലൂടെ മാത്രമേ അന്വേഷണത്തിനാവശ്യമായ ആത്മവിശ്വാസവും കുട്ടികൾക്കുണ്ടാകൂ. നിർഭയമായ അന്വേഷണത്തിന്റെ തലം ഉയരുന്നതും വിപുലപ്പെടുത്തുന്നതും മാതൃഭാഷയിലൂടെ കാര്യങ്ങൾ അന്വേഷിക്കുമ്പോഴാണ്.

എന്നാൽ വിവരങ്ങളുടെ വിനിമയം അന്താരാഷ്ട്ര പ്രതലത്തിൽ നടക്കുന്നത് മറ്റു ഭാഷകളിലാണ്. അതിൽ നമുക്ക് അറിയുന്നത് ഇംഗ്ലീഷാണ്. അതിനാൽ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് നല്ലപോലെ പഠിക്കണം. അത് മാതൃഭാഷയെ ഉപേക്ഷിച്ചാവരുത് എന്ന് മാത്രം. ഇന്ത്യയുടെ സാധ്യത പ്രയോജനപ്പെടുത്തണമെങ്കിൽ ഹിന്ദിയും നന്നായി അറിയണം. ഇങ്ങനെ ശാസ്ത്രീയമായ ഒരു ഭാഷാ പഠനത്തെ സംബന്ധിച്ച അവബോധം സമൂഹത്തിനുണ്ടാകേണ്ടത് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് സ്ഥായീഭാവം ലഭിക്കാൻ ആവശ്യമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇങ്ങനെ ആശയതലത്തിലും പ്രയോഗതലത്തിലും ഇടപെടാനുള്ള ഒട്ടേറെ സാധ്യതകളുണ്ട്. ഈ സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന നിരവധി തദ്ദേശ ഭരണ സ്ഥാപനങ്ങളുണ്ട്.

കേരളം ഇന്ന് സജീവമായി ചർച്ചചെയ്തുകൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള ഇടങ്ങളാക്കി വിദ്യാലയങ്ങളെ പ്രയോജനപ്പെടുത്താം. ഉറവിടത്തിൽ വച്ചുതന്നെ ജൈവികവും അജൈവികവുമായ വസ്തുക്കളെ വിവിധ തരത്തിൽ വേർതിരിക്കാനുള്ള ശീലം സ്കൂൾ ക്യാമ്പസിൽ നിന്നുണ്ടാക്കാം. അതുപോലെ ജൈവീകമാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യാനുള്ള കമ്പോസ്റ്റിങ്, ബയോഗ്യാസ് പ്ലാന്റ് ഇവയൊക്കെ സ്കൂൾ ക്യാമ്പസിലുണ്ടെങ്കിൽ അത് കുട്ടികളുടെ മനോഭാവത്തെ സ്വാധീനിക്കാം. മാലിന്യം അത് ഖരമായാലും ദ്രവമായാലും അത് എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്തി സ്കൂളിനെ പച്ചപ്പുള്ളതാക്കി നിലനിർത്താം എന്നതും ഒരു സാധ്യതയാണ്. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഉയർത്തുന്ന പ്രശ്നങ്ങൾക്ക് 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന നിലയിൽ ഓരോ ക്യാമ്പസിന്റെ വലുപ്പം, മണ്ണിന്റെ ഘടന എന്നിവകൂടി പരിഗണിച്ചുള്ള ജൈവവൈവിധ്യ ഉദ്യാനം നമ്മുടെ സാധ്യതയാണ്. ഇങ്ങനെ ചെയ്യുന്ന കാര്യങ്ങളെല്ലാം കുട്ടിയുടെ പഠന പ്രവർത്തനങ്ങളാക്കി മാറ്റിയാൽ അത് പാഠ്യ പദ്ധതിയുടെ ഭാഗമായി മാറുകയും ചെയ്യും. സ്കൂളിനാവശ്യമായ ഫർണ്ണിച്ചർ, കുട്ടികൾക്കുള്ള പാർക്കുകൾ, ഭക്ഷണപ്പുര, കളിസ്ഥലം, കുടിവെള്ളം എന്നിവയെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹായം ആവശ്യമായ മേഖലയാണ്. അക്കാദമിക കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതിയുടെ പുനരാവർത്തനമാകാത്ത ഒട്ടേറെ പദ്ധതികൾ സാധ്യമാണ്.

സ്കൂൾ പാർലമെന്റ്

മറ്റൊരു വെല്ലുവിളി സുരക്ഷിതമായ സ്കൂൾ ക്യാമ്പസാണ്. വയനാട്ടിലെ സുൽത്താൻ ബത്തേരിയിലുള്ള സർവ്വജന സ്കൂളിലെ വിദ്യാർത്ഥിനിയുടെ അകാലത്തിലുള്ള ദുഃഖകരമായ മരണം നമ്മുടെയെല്ലാം കണ്ണ് തുറപ്പിച്ചിട്ടുണ്ട്. സ്കൂൾ ക്യാമ്പസും ക്ലാസ് മുറിയും പരിപാലിക്കുന്നതിൽ അതീവ ജാഗ്രത വേണം എന്നത് എല്ലാവർക്കും ബോധ്യപ്പെട്ടു. കുട്ടികൾക്ക് കൂടി പറയാൻ അവസരം നൽകുന്ന ക്ലാസ് സഭകളിലൂടെ അവരുടെ കൂടി അഭിപ്രായങ്ങൾ കേട്ട് ഓരോ സ്കൂളും പാലിക്കേണ്ട കൃത്യമായ പ്രോട്ടോക്കോൾ ഉണ്ടാക്കാൻ കഴിയും. വളരെ നിർജ്ജീവമായ ഏറ്റവും പ്രധാനപ്പെട്ട ജനാധിപത്യ സംവിധാനമായ സ്കൂൾ പാർലമെന്റിനെ ഏറ്റവും സജീവമാക്കിമാറ്റാനും സ്കൂളിന്റെ സുരക്ഷിതവും ശുചിത്വവും ഉറപ്പാക്കാനുള്ള നയതീരുമാനങ്ങളടക്കം എടുക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപന പരിധിയിലുള്ള മറ്റു സ്കൂളുകൾ മോണിറ്റർ ചെയ്യുന്നതിനും സ്കൂൾ പാർലമെന്റ് സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ അത് കുട്ടികളുടെ നേതൃശേഷി വികസനത്തിന് മുതൽക്കൂട്ടാവും.

മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള ഇടങ്ങളാക്കി വിദ്യാലയങ്ങളെ പ്രയോജനപ്പെടുത്താം. ഉറവിടത്തിൽ വച്ചുതന്നെ ജൈവികവും അജൈവികവുമായ വസ്തുക്കളെ വിവിധ തരത്തിൽ വേർതിരിക്കാനുള്ള ശീലം സ്കൂൾ ക്യാമ്പസിൽ നിന്നുണ്ടാക്കാം.

ഇതുപോലെ പ്രധാനമാണ് നമ്മുടെ സ്കൂൾ പരിസരത്തെ ലഹരിവിമുക്തമാക്കുക എന്നത്. എല്ലാവരും ഒന്നുചേർന്ന് അണിനിരന്ന് വികസിപ്പിക്കേണ്ടതാണ് ലഹരി വിമുക്ത കാമ്പസ്. ഓരോ നാട്ടിലെയും വസ്തുനിഷ്ഠ സാഹചര്യം അറിഞ്ഞ് പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും.

ഇതുവരെ നാം നേടിയ നേട്ടങ്ങളെ മികവുള്ളതാക്കാനും സ്ഥായീവത്ക്കരിക്കാനും കഴിയുന്ന പ്രവർത്തനങ്ങളാണ് അടുത്ത അക്കാദമിക വർഷം നടക്കേണ്ടത്. ഈ വർഷത്തെ പഠനോത്സവങ്ങൾ അതിനുള്ള അവസരമാകും. മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളെയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനെല്ലാം കഴിയുന്ന ആസൂത്രണവും നിർവ്വഹണവും നടത്തുന്നതിന്റെ കേന്ദ്രസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. □

ലേഖകൻ വിദ്യാഭ്യാസ വിദഗ്ധനാണ്.

ആർദ്രം ക്യാമ്പയിനിൽ അണിചേരാം ആരോഗ്യത്തിനായി അണിചേരാം

ഡോ. സി.കെ. ജഗദീശൻ

ആരോഗ്യ രംഗത്ത് നാം ഇന്ന് അഭിമുഖീകരിക്കുന്ന ജീവിതശൈലീ രോഗങ്ങളടക്കമുള്ള പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാൻ ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾക്കും രോഗപ്രതിരോധത്തിനും ഊന്നൽ നല്കിക്കൊണ്ടുള്ള ബൃഹത്തായ ജനകീയ ക്യാമ്പയിന് ആർദ്രം മിഷൻ തുടക്കം കുറിച്ചിരിക്കുന്നു.

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷൻ, മികച്ച പ്രവർത്തനങ്ങളുമായി മുന്നേറുകയാണ്. ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്യുന്നതിനോടൊപ്പം രോഗീ സൗഹൃദവും ജനസൗഹൃദവുമായ നിരവധി പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചതിലൂടെ ആരോഗ്യരംഗത്ത് സമൂലമായ മാറ്റമാണ് കഴിഞ്ഞ 2 വർഷമായി ഉണ്ടായിരിക്കുന്നത്. ഇന്ന് നമ്മുടെ സർക്കാർ ആശുപത്രി സംവിധാനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുകയും നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും ചെയ്തിരിക്കുന്നു.

സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ രംഗത്ത് നാം ഇന്ന് അഭിമുഖീകരിക്കുന്ന ജീവിതശൈലീ രോഗങ്ങളടക്കമുള്ള പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാൻ ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾക്കും രോഗപ്രതിരോധത്തിനും ഊന്നൽ നല്കിക്കൊണ്ടുള്ള ബൃഹത്തായ ജനകീയ ക്യാമ്പയിന് ആർദ്രം മിഷൻ തുടക്കം കുറിച്ചിരിക്കുന്നു. വ്യക്തിതലത്തിലും കുടുംബതലത്തിലും തൊഴിലിടങ്ങളിലും സ്കൂൾ, കോളേജുകളിലുമെല്ലാം വലിയ രീതിയിലുള്ള മാറ്റം വരുത്താൻ കഴിയുന്ന തരത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.

മേഖലകൾ

- ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വ്യാപിപ്പിക്കുക
- ശാരീരിക വ്യായാമങ്ങളും കായിക പ്ര വൃത്തികളും പ്രോൽസാഹിപ്പിക്കുക.
- മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഡീഅഡിക്ഷനും
- ശുചിത്യവും മാലിന്യസംസ്കരണവും
- ആരോഗ്യ വർദ്ധക, രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ സേവന ങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തലും

ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ

പരമ്പരാഗതമായ തനത് ഭക്ഷണശീലങ്ങളിൽ നിന്ന് ജങ്ക് ഫുഡ് സംസ്കാരത്തിലേക്കുള്ള മാറ്റം പൊണ്ണത്തടിക്കും രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കും വലിയതോതിൽ കാരണമായിരിക്കുകയാണ്. പക്ഷാഘാതവും (stroke) ഹൃദ്രോഗവും വൃക്കരോഗവുമെല്ലാം ഈ രോഗങ്ങളുടെ സങ്കീർണ്ണതകളായി വർദ്ധിച്ചുവരികയാണ്. പച്ചക്കറികൾ, ഇലക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കുകയും മധുരം, ഉപ്പ്, എണ്ണ, കൊഴുപ്പ്, മാംസാഹാരം തുടങ്ങിയവ കുറച്ചും വറുക്കലും പൊരിക്കലും എണ്ണപലഹാരങ്ങളും കുറച്ചുകൊണ്ടുമുള്ള ആഹാര രീതികളിലേക്ക് നാം മാറേണ്ടത് അനിവാര്യമായിരിക്കുന്നു. ഓരോ വീടിന്റെ അടുക്കളയിലും കാന്റീനുകളിലും ഹോട്ടലുകളിലും ബേക്കറികളിലുമൊക്കെ ഇതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ വരുത്തികൊണ്ടു മാത്രമെ നമുക്കീ മാറ്റത്തിന്റെ പാതയിലേക്ക് ചുവടുവയ്ക്കാനാവൂ.

വ്യായാമവും കായിക പ്രവർത്തനങ്ങളും

ഭക്ഷണശീലങ്ങളിൽ വന്ന മാറ്റങ്ങളോടൊപ്പം കായിക ജോലികളിലുള്ള പങ്കാളിത്തക്കുറവും കായിക വ്യായാമങ്ങളുടെയും കളികളുടെയും കുറവും ജീവിത ശൈലീ രോഗങ്ങൾക്ക് അനുകൂലമായ സാഹചര്യമൊരുക്കുകയാണ്. കുട്ടികളും മുതിർന്നവരും വയോജനങ്ങളുമടക്കം എല്ലാ വിഭാഗം ജനങ്ങളും ചിട്ടയായ വ്യായാമങ്ങളിലും കളികളിലും കായികജോലികളിലും പങ്കാളികളാവുന്ന ഒരു കായിക സംസ്കാരം



വളർത്തിയെടുക്കണം. സ്കൂൾ, കോളേജ് തലങ്ങളിലും ഗ്രാമ, നഗര പ്രദേശങ്ങളിലുമെല്ലാം ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. ഓപ്പൺ ജിംനേഷ്യം, നടത്ത കൂട്ടായ്മകൾ, കളിക്കളങ്ങൾ, നീന്തൽ, സൈക്ലിംഗ് മുതലായവയ്ക്ക് മുൻതൂക്കം നൽകണം.

മാനസിക ആരോഗ്യവും ഡീ-അഡിക്ഷനും

മാനസികാരോഗ്യ സൂചകങ്ങളിൽ താരതമ്യേന മോശമായ അവസ്ഥയിലുള്ള സംസ്ഥാനമാണ് കേരളം. എല്ലാ വിഭാഗം ജനങ്ങളുടെയും മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള കൂട്ടായ ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. എല്ലാ പ്രായക്കാർക്കും പങ്കാളികളാകാൻ കഴിയുന്ന കലാസാംസ്കാരിക പ്രവർത്തനങ്ങളും കായിക വിനോദങ്ങളുമൊക്കെ ഇതിനുള്ള നല്ല അവസരങ്ങളാണ്. കുടുംബങ്ങളിലും വിദ്യാലയങ്ങളിലും തൊഴിലിടങ്ങളിലുമൊക്കെ മാനസിക പിരിമുറുക്കം കുറയ്ക്കാനുള്ള കൂട്ടായ ഉദ്യമങ്ങളും ആവശ്യമാണ്. യോഗ ചെയ്യുന്നത് ഒരു ശീലമാക്കുക വഴി മാനസിക പിരിമുറുക്കം കുറയ്ക്കാനാകും.

ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന ആശ്വാസം ക്ലിനിക്, സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി എന്നിവയുടെയും അമ്മ മനസ്സ്, ഡി അഡിക്ഷൻ പരിപാടികൾ എന്നിവയുടെയും സേവനങ്ങൾ ഫലപ്രദമായി വിപുലപ്പെടുത്തേണ്ടതുണ്ട്.

ശുചിത്വവും മാലിന്യസംസ്കരണവും

ശുചിത്വവും ചിട്ടയായ ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ അടിസ്ഥാനപരമായ വശമാണ്. വ്യക്തി-കുടുംബ സ്ഥാപന-സാമൂഹികതലങ്ങളിൽ നിത്യേന നിർബന്ധമായും നടക്കേണ്ട പ്രവർത്തനങ്ങളായി ഇത് മാറേണ്ടതുണ്ട്. ഒറ്റപ്പെട്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾകൊണ്ടു മാത്രം ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ല.

ആരോഗ്യ ജാഗ്രത പരിപാടി വഴി വർഷം മുഴുവൻ നീണ്ടുനില്ക്കുന്ന പ്രവർത്തന പരിപാടികളാണ് നാം നടപ്പിലാക്കി വരുന്നത്. ആർദ്രം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടയായും ഫലപ്രദമായും നടപ്പിലാക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായുള്ള മാലിന്യമുക്ത കേരളത്തിന്റെ പ്രവർത്തനങ്ങളും ജലസംരക്ഷണവും ജൈവ കൃഷി പ്രോത്സാഹനവുമൊക്കെ കോർത്തിണക്കിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈ യിൽ, ശുചിത്വവും ചിട്ടയായ മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ എല്ലാതലത്തിലും വ്യാപിപ്പിക്കേണ്ടതാണ്.

ആരോഗ്യ വർദ്ധക രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

ആരോഗ്യവർദ്ധക, രോഗപ്രതിരോധ

പ്രവർത്തനങ്ങളും പ്രാഥമിക രോഗ ചികിത്സയും പുനഃരധിവാസ, പാലിയേറ്റീവ് പരിചരണങ്ങളുമടങ്ങുന്നതാണ് സമഗ്ര പ്രാഥമിക ആരോഗ്യപരിചരണം.

ജീവിതശൈലീരോഗങ്ങളിലെ വർദ്ധനവടക്കമുള്ള മാറിയ രോഗസാഹചര്യങ്ങളിൽ നിർബന്ധമായും ചെയ്യേണ്ട ആരോഗ്യവർദ്ധക, രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് എല്ലാ ജനങ്ങളിലേക്കും എത്തിക്കേണ്ടതും അതിനെ ജീവിതരീതിയായി മാറ്റേണ്ടതുമുണ്ട്. സർക്കാർ മേഖലയിൽ ലഭ്യമായ വിപുലമായ ആരോഗ്യരക്ഷാ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവ് പലർക്കുമില്ല. ക്യാമ്പയിനിന്റെ ഭാഗമായി ഇത്തരം സംവിധാനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വിപുലമായ അറിവ് പകരേണ്ടതുണ്ട്.

സംഘാടനവും നടത്തിപ്പും

സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനും ആരോഗ്യവകുപ്പ് മന്ത്രിയും മറ്റ് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും അംഗങ്ങളുമായുള്ള നവകേരള കർമ്മ പദ്ധതി കമ്മിറ്റി ക്യാമ്പയിന്റെ മേൽനോട്ടം വഹിക്കുന്നു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ജലവിഭവ വകുപ്പ് മന്ത്രിമാരും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും മറ്റ് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും വകുപ്പ് അദ്ധ്യക്ഷന്മാരും അടങ്ങുന്ന സംസ്ഥാനതല സ്റ്റിയറിംഗ് കമ്മറ്റി ക്യാമ്പയിന്റെ സംസ്ഥാനതല ആസൂത്രണവും നടത്തിപ്പും നിർവ്വഹിച്ചു വരികയാണ്.

ഇതിനുപുറമെ, ആരോഗ്യവകുപ്പിലെയും ബന്ധപ്പെട്ട വകുപ്പുകളിലെയും വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിഷയാധിഷ്ഠിത സബ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലകളിലെ ചുമതലയുള്ള മന്ത്രിമാരെയും ജില്ലയിലെ എംപി, എംഎൽഎ മാരെയും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരടങ്ങുന്ന ജില്ലാ ഹെൽത്ത് മിഷൻ ക്യാമ്പയിന്റെ മേൽനോട്ടം വഹിക്കും. ജില്ലാ തലത്തിൽ നിലവിലുള്ള ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും ആർദ്രം മിഷന്റെ ജില്ലാതല ടാസ്ക് ഫോഴ്സും ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കും.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളുടെയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകളിലെ പ്രതിനിധികളെയും വികസന പ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി രൂപീകരിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരികയാണ്. വാർഡ് തലത്തിൽ വാർഡുതല ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികൾ വാർഡുതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിജയപ്രദമാക്കുന്നതിന് ആവശ്യമായ ശില്പശാലകളും ഇതര വകുപ്പുകളെയും മറ്റ് അനുബന്ധ ഏജൻസികളെയും ഉൾക്കൊള്ളിച്ചുള്ള പരിശീലന പരിപാടികളും സംസ്ഥാന ജില്ലാതലങ്ങളിലും താഴെത്തട്ടുകളിലും നടത്തിവരുന്നു.

ദൃശ്യ, ശ്രാവ്യ, അച്ചടി, സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള വിപുലമായ പ്രചാരണ പരിപാടികൾ, സ്കൂൾ കോളേജുതല പ്രവർത്തനങ്ങൾ, തൊഴിലിടങ്ങൾ, അതിഥി തൊഴിലാളി മേഖലകൾ തുടങ്ങിയവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ പ്രത്യേകം നടത്തിവരികയാണ്. ആദിവാസി, തീരദേശ മേഖലകളിലും മറ്റ് പിന്നോക്ക മേഖലകളിലും അതത് പ്രദേശത്തിന്റെ പ്രശ്നങ്ങളും സാംസ്കാരിക പ്രത്യേകതകളും കണക്കിലെടുത്തുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ തലത്തിലുമുള്ള രാഷ്ട്രീയ കലാ സാംസ്കാരിക സന്നദ്ധ സാമൂഹ്യ സംഘടനകൾ, വനിത, യുവജന സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ തുടങ്ങിയ മുഴുവൻ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഈ ക്യാമ്പയിൽ ഉറപ്പുവരുത്തും. രണ്ടു വർഷം നീണ്ടു നില്ക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ വഴി ആരോഗ്യരംഗത്ത് നാം ഇന്ന് അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകുമെന്ന് പ്രത്യാശിക്കുന്നു.

ആർദ്രം ക്യാമ്പയിനിൽ അണിചേരാം
ആരോഗ്യത്തിനായി അണിചേരാം
നമ്മുടെ ആരോഗ്യം
നമ്മുടെ ഉത്തരവാദിത്തം.

ലേഖകൻ ആർദ്രം മിഷൻ സ്റ്റേറ്റ് നോഡൽ ഓഫീസറാണ്

പരിസ്ഥിതി

പ്ലാസ്റ്റിക് രഹിത പുതുവർഷത്തെ വരവേറ്റ് കുടുംബശ്രീ

■ **എസ്. ഹരികിഷോർ ഐ.എ.എസ്.**

പ്രതിദിനം പത്തു ലക്ഷത്തോളം തുണിസഞ്ചികൾ നിർമ്മിക്കുന്നു കുടുംബശ്രീ വനിതകൾ മുഖേന പ്ലാസ്റ്റിക്കിനെതിരെ ബോധവല്ക്കരണം

സംസ്ഥാനത്ത് ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ സമ്പൂർണ്ണ നിരോധനം നിലവിൽ വന്ന ജനുവരി ഒന്നു മുതൽ പ്ലാസ്റ്റിക്കിന് ബദൽ സംവിധാനമെന്ന നിലയിൽ ഉപയോഗിക്കുന്നതിനു വേണ്ടി എഴുപതിനായിരത്തോളം തുണിസഞ്ചികൾ തയ്യാറാക്കി വിപണിയിലെത്തിച്ചു കൊണ്ട് കുടുംബശ്രീ ഈ രംഗത്ത് സജീവ ഇടപെടൽ നടത്തുന്നു. പ്ലാസ്റ്റിക് നിരോധനത്തിന് പിന്തുണ നല്കുന്നതിനൊപ്പം അയൽക്കൂട്ട വനിതകൾക്ക് വരുമാന വർദ്ധനവിന് അവസരമൊരുക്കുക എന്നതും കുടുംബശ്രീ ലക്ഷ്യമിടുന്നു. തുണിസഞ്ചി നിർമ്മാണവും വിതരണവും കാര്യക്ഷമമാക്കുന്നതിന് അതത് ജില്ലാഭരണകൂടം, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുമായി കുടുംബശ്രീ സഹകരിച്ചു പ്രവർത്തിക്കും.

സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ ക്ലോത്ത്, ജ്യൂട്ട്, പേപ്പർ എന്നിവ കൊണ്ട് ബാഗുകൾ, കോട്ടൺ പൗച്ചുകൾ, കോട്ടൺ ഷോപ്പർ, പാളപ്പാത്രങ്ങൾ എന്നിവ നിർമ്മിക്കുന്ന മൂവായിരത്തോളം യൂണിറ്റുകളുണ്ട്. ഈ യൂണിറ്റുകൾ മുഖേന അതത് ജില്ലകളിലെ വിവിധ സ്ഥാപനങ്ങൾക്കും പരിപാടികൾക്കും ആവശ്യമായി വരുന്ന ഗുണനിലവാരമുള്ള തുണിസഞ്ചികളും മറ്റ് ഉല്പന്നങ്ങളും നിർമ്മിച്ചു നല്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക് പടിയിറങ്ങുന്നതോടെ വിപണിയിൽ തുണിസഞ്ചികൾക്കുണ്ടാകുന്ന വർദ്ധിച്ച ആവശ്യകത കണ്ടറിഞ്ഞ് നിലവിലെ യൂണിറ്റുകൾക്ക് പുറമെ പത്തോളം അപ്പാരൽ പാർക്കുകളിലെ ആയിരം സ്ത്രീകളെയും കുടുംബശ്രീ ഈ രംഗത്ത് വിന്യസിച്ചിട്ടുണ്ട്. അതത് ജില്ലകളിലെ യൂണിറ്റുകൾ വഴി പ്രതിദിനം പത്തു ലക്ഷം സഞ്ചികളെങ്കിലും നിർമ്മിച്ച് വിതരണം ചെയ്യുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. 10 മുതൽ 50 രൂപ വരെ സാധാരണക്കാർക്ക് താങ്ങാവുന്ന വിലയ്ക്കായിരിക്കും ഉല്പന്നങ്ങൾ ലഭ്യമാവുക.

തുണിസഞ്ചികൾ കൂടാതെ പാളകൊണ്ടു തയ്യാറാക്കിയ പ്ലേറ്റുകളും യൂണിറ്റുകൾ നിർമ്മിക്കുന്നുണ്ട്. ഇതു കൂടാതെ വിപണിയുടെ ആവശ്യകതയനുസരിച്ച് വൈവിധ്യമാർന്ന മാതൃകകളിൽ പ്രകൃതി സൗഹൃദ തുണി സഞ്ചികൾ നിർമ്മിക്കാൻ ആവശ്യമായ പരിശീലനവും യൂണിറ്റുകൾക്ക് ലഭ്യമാക്കും. വസ്ത്രവ്യാപാര ശാലകൾ, മാളുകൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായി വരുന്ന തുണിസഞ്ചികളും മറ്റ് പ്രകൃതി സൗഹൃദ ഉല്പന്നങ്ങളും വാങ്ങുന്നതിന് അതത് ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ സ്ഥിരം സംവിധാനവും ക്രമീകരിച്ചു വരികയാണ്. കൂടാതെ ഓരോ ജില്ലയുടെയും പ്രാദേശികമായ പ്രമുഖ പരിപാ

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ജനങ്ങൾ മുന്നിട്ടിറങ്ങണം

മന്ത്രി എ.സി മൊയ്തീൻ

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ജനങ്ങൾ തന്നെ മുന്നിട്ടിറങ്ങണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. ഹരിത കേരളം മിഷൻ സംഘടിപ്പിക്കുന്ന 'ശുചിത്വസംഗമം 2020' നോടനുബന്ധിച്ച് തിരുവനന്തപുരം കനകക്കുന്ന് സൂര്യകാന്തി ഗ്രൗണ്ടിൽ സംഘടിപ്പിച്ചിട്ടുള്ള ബദൽ ഉത്പന്ന പ്രദർശന വിപണന മേളയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്ന അദ്ദേഹം.

ആരോഗ്യപരമായ ജീവിതത്തിനും മണ്ണും ജീവജാലങ്ങളും രക്ഷിക്കാനും ഇത് അനിവാര്യമാണെന്ന് ജനങ്ങൾക്ക് ബോധ്യമുണ്ടാകണമെന്ന് മന്ത്രി പറഞ്ഞു. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ കർശനമായ നടപടിയുണ്ടാകും. ആദ്യഘട്ട ബോധവത്കരണത്തിനു ശേഷമാകും ഇത്.

എല്ലാ മാലിന്യങ്ങളും ഒരു ദുർഗന്ധവുമില്ലാതെ സംസ്കരിക്കാൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിരവധി പദ്ധതികളുണ്ട്. ഇത്തരത്തിൽ വികേന്ദ്രീകൃത പ്ലാന്റുകളും എട്ടു കേന്ദ്രീകൃത പ്ലാന്റുകളും വരുന്നുണ്ട്. കോഴിക്കോട് ഞെളിയൻപറമ്പിലെ മാലിന്യത്തിൽനിന്ന് ഊർജ്ജമുത്പാദിപ്പിക്കുന്ന പ്ലാന്റ് മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തിരുന്നു. മാലിന്യത്തിൽ നിന്ന് ഊർജ്ജം മാത്രമല്ല, മൂല്യവർധിത ഉത്പന്നങ്ങളും ഉത്പാദിപ്പിക്കാവുന്നവിധം സാങ്കേതികവിദ്യ വളർന്നിട്ടുണ്ട്. പണ്ടുകാലത്തെപ്പോലെ സ്വന്തം നാട്ടിൽ മാലിന്യപ്ലാന്റ് വന്നാൽ പ്രശ്നമാകുമെന്ന ഭയം മാറ്റാൻ ജനങ്ങൾ തയ്യാറാകണം.

പ്ലാസ്റ്റിക് നിരോധനം യാഥാർത്ഥ്യമായതോടെ നിരവധി ബദലുകൾ ഉയർന്നുവരുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ നിരവധി തൊഴിലവസരങ്ങളും വളർത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് മികച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാഴ്ചവെച്ച തദ്ദേശസ്ഥാപനങ്ങളെയും ഈരംഗത്ത് ദേശീയതലത്തിലെ വിദഗ്ധരെയും പങ്കെടുപ്പിച്ച് ജനുവരി 21, 22 തീയതികളിൽ ശുചിത്വ സംഗമം നടത്തുന്നതിന് മുന്നോടിയാണ് പ്രദർശനം ഒരുക്കിയിരുന്നത്. പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് ബദലായി പ്രകൃതി സൗഹൃദ ഉത്പന്നങ്ങളും മാലിന്യ സംസ്കരണങ്ങളുമായി ബന്ധപ്പെട്ട വിവിധ സാങ്കേതികവിദ്യകളും പ്രവർത്തന മാതൃകകളും ഉത്പന്നങ്ങളും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു. 120 ഓളം സംരംഭകരാണ് സ്റ്റാളുകൾ ഒരുക്കിയത്.

ടികൾ, ഉത്സവാഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് തുണിസഞ്ചികൾ ആവശ്യമായി വരുന്ന അവസരങ്ങളിൽ അത് നിർമ്മിച്ചു കൊടുക്കാനും കഴിയുന്ന തരത്തിൽ യൂണിറ്റുകളെ സജ്ജമാക്കിയിട്ടുണ്ട്. ഇതോടൊപ്പം വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ വാങ്ങാൻ സഹായകമാകുന്ന വിധത്തിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണവും ഉല്പന്നങ്ങളുടെ ഇനവും സംബന്ധിച്ച വിശദമായ ബ്രോഷറുകൾ തയ്യാറാക്കി ശുചിത്വ മിഷന് നല്കിയിട്ടുണ്ട്.

തയ്യൽ യൂണിറ്റുകൾ

കൊല്ലം ജില്ലയിൽ കുടുംബശ്രീ അപ്പാരൽ പാർക്കിന്റെ കീഴിൽ 140 തയ്യൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ ചേർന്ന് പ്രതിദിനം 25000 തുണിസഞ്ചികൾ വരെ തയ്യാറാക്കാൻ സാധിക്കും. വയനാട് ജില്ലയിൽ പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി തുണിസഞ്ചികൾ നിർമ്മിച്ച് അവയുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചിരുന്നു. ഇതേ

ആർത്തവ ശുചിത്വം ലക്ഷ്യമിട്ട് പ്ലാസ്റ്റിക് നിർമ്മിത പാഡുകൾ ഒഴിവാക്കി പകരം 1000 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. മുപ്പൈനാട് പഞ്ചായത്തും കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് ജെൻഡർ റിസോഴ്സ് സെന്ററുകൾ മുഖേന ഇവ വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

തുടർന്ന് രണ്ട് സ്ഥാപനങ്ങളിൽ നിന്നായി 2000 തുണിസഞ്ചികളുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. കൂടുതൽ വർക്ക് ഓർഡറുകൾ നേടാനുള്ള ശ്രമത്തിലാണ് വയനാട്ടിലെ യൂണിറ്റുകൾ. ഇതോടൊപ്പം ആർത്തവ ശുചിത്വം ലക്ഷ്യമിട്ട് പ്ലാസ്റ്റിക് നിർമ്മിത പാഡുകൾ ഒഴിവാക്കി പകരം 1000 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. മുപ്പൈനാട് പഞ്ചായത്തും കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് ജെൻഡർ റിസോഴ്സ് സെന്ററുകൾ മുഖേന ഇവ വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

എറണാകുളം ജില്ലയിൽ 'പച്ച' എന്ന ബ്രാൻഡിൽ തുണി സഞ്ചികൾ വിപണിയിലെത്തിക്കാൻ ഇരുനൂറോളം യൂണിറ്റുകൾ സജ്ജമായിട്ടുണ്ട്. മലപ്പുറത്ത് തുണിസഞ്ചിയും പേപ്പർ ബാഗും നിർമ്മിക്കുന്ന 28 യൂണിറ്റുകൾ, പാള പാത്രങ്ങൾ നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകൾ, എട്ട് ചവിട്ടി നിർമ്മാണ യൂണിറ്റുകൾ, പേപ്പർ പേന, ഫയൽ, നോട്ട് ബുക്ക് എന്നിവ നിർമ്മിക്കുന്ന പത്ത് ബഡ്സ് സ്ഥാപനങ്ങൾ എന്നിവയുടെ വിശദമായ കാറ്റലോഗ് തയ്യാറാക്കിയ ശേഷം അത് ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട്. പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന തുണിസഞ്ചികൾക്കും

മറ്റ് പ്രകൃതി സൗഹൃദ ഉല്പന്നങ്ങൾക്കും ഈ യൂണിറ്റുകളെ സമീപിക്കാമെന്ന സന്ദേശം പൊതുജനങ്ങളിലേക്കെത്തിക്കുന്നതിനാണിത്. കൂടാതെ ജില്ലയിൽ ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ സംഗമം നടക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും ശുചിത്വ മിഷനും സംയുക്തമായി ആവശ്യപ്പെട്ട ഒന്നര ലക്ഷം തുണിസഞ്ചികളും ഈ യൂണിറ്റുകൾ തയ്യാറാക്കി നല്കും. ഇതിന്റെ മുന്നോടിയായി 12000 തുണിസഞ്ചികൾ ബ്ലോക്ക് തലത്തിൽ നല്കും. പാലക്കാട് ജില്ലയിലെ 62 ഗ്രൂപ്പുകളും തൃശ്ശൂർ ജില്ലയിലെ 69 യൂണിറ്റുകളും കാസർകോട് ജില്ലയിലെ 24 യൂണിറ്റുകളും വിപണിയിലെ ഡിമാൻഡനുസരിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കാൻ സജ്ജമായിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ തുണി സഞ്ചികൾ നിർമ്മിക്കുന്ന 27 യൂണിറ്റുകളുണ്ട്. കൂടാതെ സ്നേഹിത, ബഡ്സ് സ്ഥാപനങ്ങൾ വഴിയും ആവശ്യാനുസരണം സീഡ് പേന, പേപ്പർ പേന എന്നിവ നിർമ്മിച്ചു നല്കുന്നുണ്ട്. സാനിട്ടറി നാപ്കിനു പകരം കോട്ടൺ തുണി ഉപയോഗിച്ച് നാപ്കിൻ നിർമ്മിക്കുന്ന യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. മൂന്നാറിൽ യു.എൻ.ഡി.പി, ഹരിത കേരളം മിഷൻ, മൂന്നാർ ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന യൂണിറ്റുമുണ്ട്. കോട്ടയം ജില്ലയിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന 16 യൂണിറ്റുകൾ മുഖേന തുണിസഞ്ചി നിർമ്മാണം ഊർജ്ജിതപ്പെടുത്തുന്നതിനും കൂടാതെ കൺസോർഷ്യമായി രൂപീകരിക്കാനും പദ്ധതിയിടുന്നു. ബ്ലോക്ക് കോർഡിനേറ്റർമാരെ ഉപയോഗിച്ചു കൊണ്ട് ഓരോ ബ്ലോക്കിലും ആവശ്യമായി വരുന്ന തുണിസഞ്ചികളുടെ എണ്ണം ശേഖരിക്കുകയും അതനുസരിച്ച് ഉല്പന്നങ്ങൾ നിർമ്മാക്കാനാണ് ലക്ഷ്യമിടുന്നത്.

കോഴിക്കോട് ജില്ലയിൽ പേപ്പർ ബാഗ്, തുണിസഞ്ചി എന്നിവ നിർമ്മിക്കുന്ന 22 യൂണിറ്റുകളുണ്ട്. പുതിയ സാഹചര്യത്തിനനുസരിച്ച് നിലവിലെ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കാണ് ജില്ലാ മിഷൻ മുൻതൂക്കം നല്കുന്നത്. ഇതോടൊപ്പം ഓരോ തദ്ദേശ സ്ഥാപനത്തിലും അതത് സി.ഡി.എസിന്റെ പിന്തുണയോടെ തയ്യൽ ജോലി അറിയാവുന്ന സ്ത്രീകൾ മുഖേന വീടുകളിൽ നിന്നും തുണിസഞ്ചികൾ തയ്ച്ചു ശേഖരിക്കുകയും അതത് പഞ്ചായത്തിൽ ആവശ്യമനുസരിച്ച് വിതരണം ചെയ്യുന്നതിനുമാണ് ലക്ഷ്യമിടുന്നത്. അടുത്ത ഘട്ടത്തിൽ വ്യാപാരികളുമായും തദ്ദേശ സ്ഥാപന പ്രതിനിധികളുമായും ചർച്ച ചെയ്തതിനു ശേഷം തുണിസഞ്ചികളുടെ ആവശ്യകത കൂടുതലുണ്ടെങ്കിൽ ഓരോ ബ്ലോക്കിലും അഞ്ച് യൂണിറ്റുകൾ കൂടി തുടങ്ങും.

ഈ പ്രവർത്തനങ്ങളിലൂടെ കേരളം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് മികച്ച പിന്തുണ നല്കുന്നതിനോടൊപ്പം സംസ്ഥാനത്തെ കുടുംബശ്രീയുടെ കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകളിലെ വനിതകൾക്ക് അവരുടെ തൊഴിൽ മേഖല കൂടുതൽ ഊർജ്ജിമാക്കുന്നതിനും പ്ലാസ്റ്റിക്കിനെതിരെ സമൂഹത്തെ ബോധവല്ക്കരിക്കുന്ന പരിപാടിയിൽ പങ്കാളിത്തം വഹിക്കാനും സാധ്യമാകും. □

ലേഖകൻ കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടറാണ്.

പ്ലാസ്റ്റിക് വസ്തുക്കൾക്ക് പകരം ബദൽ ഉല്പന്നങ്ങൾ

സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് ഓരോ പ്ലാസ്റ്റിക് വസ്തുക്കൾക്കു പകരം ഉപയോഗിക്കാവുന്ന വസ്തുക്കൾ സംബന്ധിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നിർദ്ദേശം നല്കി.

പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണി, പേപ്പർ ബാഗുകൾ ഉപയോഗിക്കണം.

ഭക്ഷണം വിളമ്പുമ്പോൾ മേശയിലും പാത്രത്തിലുമുള്ള ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വിരിക്ക് പകരം പേപ്പർ വിരി ഉപയോഗിക്കണം. കനം കുറഞ്ഞ സ്റ്റിറോഫോം ഉപയോഗിച്ചുള്ള കപ്പുകൾ, തെർമോകോൾ പ്ലേറ്റുകൾ എന്നിവയ്ക്ക് ബദലായി ഗ്ലാസ്, സെറാമിക്, സ്റ്റീൽ കപ്പുകൾ, പാത്രങ്ങൾ, പേപ്പർ, ജൈവ രീതിയിലുള്ള (ചെടികൾ) അലങ്കാരങ്ങൾ എന്നിവ ഉപയോഗിക്കണം.

പ്ലാസ്റ്റിക് നിർമ്മിത ഒറ്റത്തവണ ഉപയോഗ കപ്പുകൾ, പാത്രങ്ങൾ, സ്പൂൺ, ഫോർക്ക്, സ്ട്രാ, സ്റ്റിറർ എന്നിവയ്ക്ക് പകരം ഗ്ലാസ്, സെറാമിക്, സ്റ്റീൽ, തടിനിർമ്മിത കപ്പുകൾ, സ്ട്രാ, സ്പൂൺ എന്നിവ ഉപയോഗിക്കണം. നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് കൊടി, തോരണങ്ങൾക്ക് പകരം തുണി, പേപ്പർ കൊടിതോരണങ്ങൾ ഉപയോഗിക്കണം.

പഴങ്ങളും പച്ചക്കറികളും പൊതിയാനുപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾക്ക് പകരം പേപ്പർ, തുണി ബാഗുകൾ ഉപയോഗിക്കണം.

പ്ലാസ്റ്റിക് കോട്ടോടുകൂടിയ പേപ്പർ കപ്പുകൾ, പാത്രങ്ങൾ, ബൗളുകൾ, ബാഗുകൾ എന്നിവയ്ക്ക് പകരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റോടുകൂടിയ പി.എൽ.എ. കോട്ടിംഗുള്ള പേപ്പർ കപ്പുകൾ ഉപയോഗിക്കാം. ആശുപത്രികളിൽ ഉൾപ്പെടെ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഗാർബേജ് ബാഗുകൾക്ക് പകരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ള കംപോസ്റ്റബിൾ ഗാർബേജ് ബാഗുകൾ ഉപയോഗിക്കണം.

കംപോസ്റ്റബിൾ പ്ലാസ്റ്റിക്കുകൾ

കംപോസ്റ്റബിൾ പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടിയിരിക്കണം. നിർമ്മാണം, വില്പന, സ്റ്റോക്കിംഗ്, വിപണനം എന്നീ ഘട്ടങ്ങളിലെല്ലാം ബോർഡ് നല്കുന്ന സർട്ടിഫിക്കറ്റ് സാധുവായിരിക്കണം. ഉല്പന്നത്തിൽ നിർമ്മാണ കമ്പനിയുടെ പേര്, വിപണന ഏജൻസി, അസംസ്കൃത വസ്തുക്കൾ, നിർമ്മാണ തീയതി, ബാച്ച് നമ്പർ, ലൈസൻസ് നമ്പർ, കാലാവധി എന്നീ വിവരങ്ങളടങ്ങിയ സിപിസിബിയുടെ അനുമതി ക്യൂആർ കോഡിൽ രേഖപ്പെടുത്തിയിരിക്കണം. സമ്പൂർണ്ണ കംപോസ്റ്റബിൾ ഉല്പന്നമാണെന്ന് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിരിക്കണം. ഉല്പന്നം ഡൈക്ലോറോമീഥെയിനിൽ (മെഥിലീൻ ഡൈക്ലോറൈഡ്) ലയിക്കുന്നതായിരിക്കണം. ഇത് കവറിനു മുകളിൽ രേഖപ്പെടുത്തുകയും വേണം.

വോട്ടർ പട്ടിക എങ്ങനെ പുതുക്കാം

■ കെ. പ്രശാന്ത് കുമാർ

സംസ്ഥാനത്ത് 2020ൽ നടക്കാനിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണല്ലോ. ഈയവസരത്തിൽ ഇതിന്റെ വ്യവസ്ഥകളും നടപടിക്രമങ്ങളും ചർച്ച ചെയ്യുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയോജകമണ്ഡലങ്ങൾ അല്ലെങ്കിൽ വാർഡുകളായി വിഭജിച്ച് അവ ഓരോന്നിലും നിന്ന് ഓരോ പ്രതിനിധിയെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കുന്ന രീതിയാണ് നിലവിലുള്ളത്. ത്രിതല പഞ്ചായത്തുകളിൽ നിയോജകമണ്ഡലം എന്നും നഗരസഭകളിൽ വാർഡ് എന്നുമാണ് ഈ ഭൂപ്രദേശത്തെ വിളിക്കുന്നത്.

ഓരോ നിയോജകമണ്ഡലത്തിനും ഓരോ വോട്ടർ പട്ടിക തയ്യാറാക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെയും ജില്ലാ പഞ്ചായത്തിലെയും നിയോജകമണ്ഡലങ്ങൾക്കു വേണ്ടി പ്രത്യേക വോട്ടർ പട്ടിക തയ്യാറാക്കുന്നില്ല. അവയിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളുടെ വോട്ടർ പട്ടികകൾ ഉൾക്കൊള്ളുന്നതായിരിക്കും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെയോ ജില്ലാ പഞ്ചായത്തിലെയോ നിയോജകമണ്ഡലത്തിന്റെ വോട്ടർ പട്ടിക.

വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യതകളും അയോഗ്യതകളും

അയോഗ്യതകൾ

- ഭാരത പൗരൻ അല്ലാതിരിക്കുക
- സ്ഥിരബുദ്ധിയില്ലാത്ത ആളാണെന്ന് ക്ഷമതയുള്ള കോടതി പ്രഖ്യാപിച്ചിരിക്കുക
- തെരഞ്ഞെടുപ്പ് അഴിമതിയോ മറ്റു കുറ്റകൃത്യങ്ങളോ സംബന്ധിച്ച ഏതെങ്കിലും നിയമപ്രകാരം വോട്ടു രേഖപ്പെടുത്തുന്നതിൽ നിന്ന് അയോഗ്യനാക്കപ്പെട്ടിരിക്കുക

അയോഗ്യത നീക്കം ചെയ്യപ്പെട്ടാൽ ഉടൻ തന്നെ പട്ടികയിൽ തിരികെ ചേർക്കേണ്ടതാണ്.

യോഗ്യതകൾ

- ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ സ്ഥിരതാമസക്കാരൻ ആയിരിക്കണം
- യോഗ്യത കണക്കാക്കുന്ന തീയതിയിൽ പതിനെട്ടു വയസ് പൂർത്തിയായിരിക്കണം

സാധാരണ താമസക്കാരൻ

വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതിനായി സാധാരണ താമസക്കാരനാണോ എന്ന് നിർണ്ണയിക്കുന്നതിന് പരിഗണിക്കേണ്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു

- ഒരാൾക്ക് ഒരു നിയോജക മണ്ഡലത്തിൽ ഒരു വാസസ്ഥലത്തിന്റെ ഉടമസ്ഥാവകാശമൊ കൈവശാവകാശമൊ ഉണ്ടെന്നതുകൊണ്ടു മാത്രം അയാൾ അവിടത്തെ സ്ഥിരതാമസക്കാരനാകുന്നില്ല.
- സ്വന്തം താമസസ്ഥലത്തു നിന്ന് താൽക്കാലികമായി മാറി നിൽക്കുന്നതുകൊണ്ട് ഒരാൾ അവിടത്തെ സ്ഥിര താമസക്കാരൻ അല്ലാതാകുന്നില്ല.
- പാർലമെന്റ്, നിയമസഭ എന്നിവയിലെ അംഗങ്ങൾ, പഞ്ചായത്ത് / നഗരസഭകളിലെ ജനപ്രതിനിധികൾ തുടങ്ങിയവർ അവരുടെ ചുമതലകളുമായി ബന്ധപ്പെട്ട കാരണങ്ങളാൽ, അവർ തെരഞ്ഞെടുക്കപ്പെട്ട സമയത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്ന നിയോജക മണ്ഡലത്തിൽ താമസമില്ലെന്ന കാരണത്താൽ മാത്രം അവിടത്തെ സാധാരണ താമസക്കാരൻ അല്ലാതാകുന്നില്ല.
- ജയിലുകൾ, ആശുപത്രികൾ, അഭയകേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികളെ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടുന്ന സ്ഥലത്തെ സാധാരണ താമസക്കാരനായി കണക്കാക്കാവുന്നതല്ല.
- വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ, മഠങ്ങൾ തുടങ്ങിയവയിലെ താൽക്കാ

ലിക താമസക്കാരല്ലാത്ത അന്തേവാസികളെയും (പ്രത്യേകിച്ചും സ്വന്തം വീടുമായുള്ള ബന്ധം ഉപേക്ഷിച്ച് കഴിയുന്നവർ) ഈ ഗണത്തിൽ ഉൾപ്പെട്ടതാവുന്നതാണ്.

- ഒരാൾ ഏതെങ്കിലും സമയത്ത് ഒരു സ്ഥലത്തെ സാധാരണ താമസക്കാരനാണോ എന്ന ഒരു പ്രശ്നം ഉദിക്കുന്ന പക്ഷം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ അതിന്മേൽ തീർപ്പു കൽപ്പിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ

ഒരു ഗ്രാമ പഞ്ചായത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും വോട്ടർ പട്ടികകൾ തയ്യാറാക്കുകയും പുതുക്കുകയും ചെയ്യുന്ന ചുമതല നിർവ്വഹിക്കുന്നതിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ സർക്കാരുമായി കൂടിയാലോചിച്ച് നാമനിർദ്ദേശമോ സ്ഥാനനിർദ്ദേശമോ ചെയ്യുന്ന സർക്കാരിലെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ ഉദ്യോഗസ്ഥനാണ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ. നിലവിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ.

അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ

തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ചുമതലകളിൽ സഹായിക്കുന്നതിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ സ്ഥാനനിർദ്ദേശം ചെയ്യുന്ന സർക്കാരിലെയൊ പഞ്ചായത്തിലെയൊ ഉദ്യോഗസ്ഥനാണ് അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ. ഒന്നിലധികം ഉദ്യോഗസ്ഥരെ ഇപ്രകാരം സ്ഥാനനിർദ്ദേശം ചെയ്യാവുന്നതാണ്. തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ നിയന്ത്രണങ്ങൾക്കുവിധേയമായി അദ്ദേഹത്തിന്റെ ഏതൊരു ചുമതലയും നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് ക്ഷമതയുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയോ അസിസ്റ്റന്റ് സെക്രട്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ടോ അതും ഇല്ലാത്ത സ്ഥലങ്ങളിൽ ഹെഡ് ക്ലാർക്കോ ആയിരിക്കും അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ.

വോട്ടർ പട്ടിക തയ്യാറാക്കലും പുതുക്കലും

- സാധാരണ ഗതിയിൽ ഓരോ പൊതു തെരഞ്ഞെടുപ്പിനു മുമ്പും ഏതെങ്കിലും വാർഡ്/നിയോജകമണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പിനു മുമ്പും യോഗ്യത കണക്കാക്കുന്ന തീയതിക്കനുസൃതമായി വോട്ടർ പട്ടിക പുതുക്കേണ്ടതാണ്.
- വോട്ടർ പട്ടിക ഇപ്രകാരം പുതുക്കിയില്ലെങ്കിൽ അതിന്റെ സാധുതയെയോ തുടർന്നുള്ള പ്രവർത്തനത്തെയോ ബാധിക്കുന്നതല്ല.
- സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷന് ഏതു സമയത്തും രേഖപ്പെടുത്തിയ കാരണങ്ങളാൽ ഏതെങ്കിലും നിയോജകമണ്ഡലത്തിന്റെയൊ നിയോജകമണ്ഡല ഭാഗത്തിന്റെയൊ വോട്ടർ പട്ടികയുടെ പ്രത്യേക പുതുക്കൽ നടത്തുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണ്.

വോട്ടർ പട്ടികയുടെ സമഗ്രമായ പുതുക്കൽ

- എന്യൂമറേറ്റർമാർ ഓരോ വീടും സന്ദർശിച്ച് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കരട് പട്ടിക പ്രസിദ്ധീകരിച്ച് വോട്ടർ പട്ടിക സമഗ്രമായി പുതുക്കുന്നതിന് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.
- നിയമസഭാ നിയോജകമണ്ഡലങ്ങളിൽ പ്രാബല്യത്തിലുള്ള വോട്ടർ പട്ടിക അടിസ്ഥാനമായി സ്വീകരിച്ച് പുതുക്കൽ നടത്തുന്നതിനും സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷന് അധികാരമുണ്ട്.

വോട്ടർ പട്ടികയുടെ രൂപവും ഭാഷയും

- സമ്മതിദായകന്റെ ഫോട്ടോ ഉൾപ്പെടുത്തിയ വോട്ടർ പട്ടികയാണ് 2015 ലെ പൊതുതെരഞ്ഞെടുപ്പു മുതൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നത്.
- മലയാളത്തിലാണ് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നത്. എന്നാൽ ഒരു നിയോജകമണ്ഡലത്തിലെ 20 ശതമാനത്തിലധികം ആളുകൾ തമിഴോ കന്നഡയോ സംസാരിക്കുന്നവരാണെങ്കിൽ ആ ഭാഷയിലും വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തും.

കരട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തൽ

- കമ്മിഷൻ നിർദ്ദേശിക്കുന്ന തീയതിയിലാണ് കരട് പ്രസിദ്ധപ്പെടുത്തേണ്ടത്. അതോടൊപ്പം അവകാശവാദങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചുകൊണ്ടും മറ്റു വിവരങ്ങൾകാണിച്ചുകൊണ്ടുമുള്ള ഒരു നോട്ടീസും പ്രസിദ്ധപ്പെടുത്തണം. പഞ്ചായത്ത്/നഗരസഭാ ഓഫീസ്, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലാണ് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടത്. പഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും കൂടി പ്രസിദ്ധപ്പെടുത്തണം.
- അംഗീകൃത ദേശീയ സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും കമ്മിഷൻ തെരഞ്ഞെടുപ്പു ചിഹ്നം അനുവദിച്ചിട്ടുള്ള പാർട്ടികൾക്കും വോട്ടർ പട്ടികയുടെ രണ്ട് പകർപ്പുകൾ സൗജന്യമായി നൽകേണ്ടതാണ്. ഒന്നിലധികം ഭാഷകളിൽ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ രണ്ട് പകർപ്പുകൾ നൽകിയാൽ മതിയാകും.
- നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി വരെ നടത്തുന്ന കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നിവ ഉൾപ്പെടുന്ന സപ്ലിമെന്റുകളുടെയും പകർപ്പുകൾ മേൽപ്പറഞ്ഞ രാഷ്ട്രീയ കക്ഷികൾക്ക് സൗജന്യമായി നൽകണം.

അവകാശവാദങ്ങളും ആക്ഷേപങ്ങളും

- പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഫാറം നമ്പർ 4ൽ ഓൺലൈനായാണ് നൽകേണ്ടത്.
- പട്ടികയിൽ പേരു ചേർക്കുന്നതിനോ പേര് ഉൾപ്പെടുത്തിയതിനോ എതിരായ ആക്ഷേപങ്ങൾ ഫാറം 5ൽ നേരിട്ടോ രജിസ്ട്രേഡ് തപാലിലോ നൽകേണ്ടതാണ്. നിലവിൽ ആ പട്ടികയിൽ പേരുള്ള ഒരാൾക്കു മാത്രമേ ഇപ്രകാരം ആക്ഷേപം നൽകാൻ കഴിയൂ. പട്ടികയിൽ പേരുള്ള മറ്റൊരാൾ മേലൊപ്പു വയ്ക്കേണ്ടതുമാണ്.

- പട്ടികയിലെ വിശദാംശത്തെ സംബന്ധിച്ച ആക്ഷേപം ഫാറം 6 ൽ ഓൺലൈനായി ആണ് നൽകേണ്ടത്. ഒരാൾക്ക് അയാളെ സംബന്ധിച്ച ഉൾക്കുറിപ്പിന്മേൽ മാത്രമെ ഇപ്രകാരം ആക്ഷേപം നൽകാൻ കഴിയൂ.
- മേൽപ്പറഞ്ഞ അപേക്ഷകളെയും ആക്ഷേപങ്ങളെയും സംബന്ധിച്ച ലിസ്റ്റ് യഥാക്രമം ഫാറം 9, 10, 11 ഇവയിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും ഒരു പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. അവകാശവാദം സംബന്ധിച്ച് തീർപ്പുകൽപ്പിക്കുന്നതു വരെ ഇപ്രകാരം പ്രദർശിപ്പിക്കുന്നത് തുടരണം.
- ശരിയായ ഫാറത്തിലും രീതിയിലുമല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്.
- ഏതെങ്കിലും അവകാശവാദത്തിന്റെ സാധുത രജിസ്ട്രേഷൻ ഓഫീസർക്കു ബോദ്ധ്യമുണ്ടെങ്കിൽ ലിസ്റ്റ് പ്രദർശിപ്പിച്ച് ഒരാഴ്ച്ച ശേഷം കൂടുതൽ അന്വേഷണമില്ലാതെ അത് അനുവദിക്കാവുന്നതാണ്.
- മേൽപ്പറഞ്ഞ പ്രകാരം തീർപ്പാക്കാത്ത അപേക്ഷകളിൽ വാദം കേൾക്കുന്നതിനുള്ള തീയതിയും സമയവും ഫാറം 9, 10, 11 എന്നിവയിൽ പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതും ബന്ധപ്പെട്ട കക്ഷികൾക്ക് നിർദ്ദിഷ്ട ഫാറത്തിൽ നോട്ടീസ് നൽകേണ്ടതുമാണ്.
- രജിസ്ട്രേഷൻ ഓഫീസർ അധികാരപ്പെടുത്തിയ ആൾവഴിയോ രജിസ്റ്റർ ചെയ്ത തപാലിലോ താമസസ്ഥലത്തൊ നിയോജകമണ്ഡലത്തിൽ അവസാനം താമസിച്ചതായി അറിയപ്പെടുന്ന വസതിയിലോ പതിച്ചോ നടത്താവുന്നതാണ്.
- അപേക്ഷകളിന്മേലും ആക്ഷേപങ്ങളിന്മേലും രജിസ്ട്രേഷൻ ഓഫീസർ ഒരു സംക്ഷിപ്ത അന്വേഷണം നടത്തി തീരുമാനം രേഖപ്പെടുത്തേണ്ടതാണ്.
- രജിസ്ട്രേഷൻ ഓഫീസർക്ക് വിവേചനാധികാരം ഉപയോഗിച്ച് അവകാശവാദിയോടൊ തടസ്സക്കാരനോടൊ തടസ്സവിധേയനോടൊ അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെടാവുന്നതും ഏതൊരാളും നൽകുന്ന തെളിവ് സത്യപ്രതിജ്ഞ ചെയ്ത് ബോധിപ്പിക്കണമെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

പ്രവാസി ഭാരതീയരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ

- 1950 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 20A വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഭാരത പൗരന്മാർക്ക് അവരുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള താമസസ്ഥലത്തെ വോട്ടർ പട്ടികയിൽ പേർ രജിസ്റ്റർ ചെയ്യുന്നതിന് അവകാശമുണ്ട്. ഇതിനായി ഫാറം 4A ൽ അപേക്ഷ നൽകേണ്ടതാണ്.
- പ്രവാസി ഭാരതീയ സമ്മതിദായകൻ എന്ന നിലയിൽ പേർ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചൊ ഉൾക്കുറിപ്പുകളെക്കുറിച്ചൊ ഉള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും ബോധിപ്പിക്കുന്നതിന് സാധാരണ സമ്മതിദായകർക്ക് ബാധകമായ വ്യവസ്ഥകൾആവശ്യമായ മാറ്റങ്ങളോടെ ബാധകമാണ്.
- അവകാശവാദങ്ങളുടെയും ആക്ഷേപങ്ങളുടെയും ലിസ്റ്റ് രജിസ്ട്രേഷൻ ഓഫീസറുടെ ഓഫീസ് നോട്ടീസ് ബോർഡിലും കമ്മിഷൻ നിർദ്ദേശിക്കുന്ന മാതൃകയിൽ ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
- അവകാശവാദങ്ങളിൽ ഒരു സംക്ഷിപ്ത അന്വേഷണം നടത്തേണ്ടതും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ കേട്ട ശേഷം ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരാഴ്ച്ച ശേഷം അതിന്മേൽ തീരുമാനമെടുക്കേണ്ടതുമാണ്.

അപ്പീൽ

- അവകാശ വാദങ്ങളിലും ആക്ഷേപങ്ങളിലും രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന തീരുമാനത്തിനെതിരെ തെരഞ്ഞെടുപ്പു കമ്മിഷൻ നിയോഗിച്ചിട്ടുള്ള അപ്പലേറ്റ് ഓഫീസർ മുമ്പാകെ തീരുമാനം പ്രഖ്യാപിച്ച തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം അപ്പീൽ നൽകാവുന്നതാണ്.
- അപ്പലേറ്റ് ഓഫീസർ എടുക്കുന്ന തീരുമാനങ്ങൾക്ക് പ്രാബല്യം നൽകുന്നതിനാവശ്യമായ ഭേദഗതികൾ രജിസ്ട്രേഷൻ ഓഫീസർ പട്ടികയിൽ വരുത്തേണ്ടതാണ്.

മനഃപൂർവ്വമല്ലാതെ വിട്ടുപോയ പേരുകൾ ഉൾപ്പെടുത്തൽ

പട്ടിക തയ്യാറാക്കുന്ന സമയത്ത് മനഃപൂർവ്വമല്ലാതെയൊ പിശകോ മൂലം ഏതെങ്കിലും സമ്മതിദായകരുടെ പേര് വിട്ടു പോയതായി രജിസ്ട്രേഷൻ ഓഫീസർ കരുതുന്നപക്ഷം അത്തരം സമ്മതിദായകരുടെ പേരുകളും മറ്റു വിവരങ്ങളും ഉൾപ്പെട്ട ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതും ആ പേരുകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്ന സമയവും സ്ഥലവും വ്യക്തമാക്കുന്ന ഒരു നോട്ടീസ് സഹിതം ഓഫീസ് നോട്ടീസ് ബോർഡിലും യുക്തമെന്ന തോന്നുന്ന മറ്റു രീതിയിലും പ്രസിദ്ധപ്പെടുത്തേണ്ടതും ആക്ഷേപങ്ങളുണ്ടെങ്കിൽ അവ പരിഗണിച്ച ശേഷം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

പേരുകൾ നീക്കം ചെയ്യൽ

മനഃപൂർവ്വമല്ലാതെയൊ പിശകോ മൂലം മരിച്ചു പോയതോ നിയോജകമണ്ഡലത്തിലെ താമസക്കാരല്ലാതായതോ മറ്റു വിധത്തിൽ അയോഗ്യത ഉണ്ടായതോ ആയ ഏതെങ്കിലും സമ്മതിദായകരുടെ പേർ പട്ടികയിൽ ഉൾപ്പെടുത്തിയതായി രജിസ്ട്രേഷൻ ഓഫീസർ കരുതുന്നപക്ഷം അത്തരം സമ്മതിദായകരുടെ പേരുകളും മറ്റു വിവരങ്ങളും ഉൾപ്പെട്ട ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതും ആ പേരുകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്ന സമയവും സ്ഥലവും വ്യക്തമാക്കുന്ന ഒരു നോട്ടീസ് സഹിതം ഓഫീസ് നോട്ടീസ് ബോർഡിലും യുക്തമെന്നു തോന്നുന്ന മറ്റു രീതിയിലും പ്രസിദ്ധപ്പെടുത്തേണ്ടതും ആക്ഷേപങ്ങളുണ്ടെങ്കിൽ അവ പരിഗണിച്ച ശേഷം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

പൂർത്തീകരിച്ച പട്ടികയുടെ പ്രസിദ്ധീകരണം

- കരട് പട്ടികയിന്മേലുള്ള അവകാശവാദങ്ങൾ, ആക്ഷേപങ്ങൾ തുടങ്ങിയവയിലെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനും തുടർന്ന കണ്ടെത്തിയ തെറ്റുകൾ തിരുത്തുന്നതിനും ഭേദഗതികളുടെ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്.
- ഭേദഗതികളുടെ ലിസ്റ്റ് സഹിതം അന്തിമ വോട്ടർ പട്ടികയുടെ ഒരു പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കി

ക്കൊണ്ടും ഫാറം 16 ൽ ഒരു നോട്ടീസ് ഓഫീസിൽ പ്രദർശിപ്പിച്ചുകൊണ്ടും പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

- പ്രവാസി ഭാരതീയ സമ്മതിദായകന്റെ പേർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടിക രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ് സൈറ്റിൽക്കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.
- അന്തിമ വോട്ടർപട്ടികയുടെ രണ്ടു പകർപ്പുകൾ ഭാരത തെരഞ്ഞെടുപ്പ് കമ്മിഷൻ സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചിട്ടുള്ള എല്ലാ രാഷ്ട്രീയ കക്ഷികൾക്കും സൗജന്യമായി നൽകേണ്ടതാണ്.

അതിർത്തി പുനർനിർണ്ണയത്തെ തുടർന്ന് പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമം

നിയോജകമണ്ഡലങ്ങളുടെ/വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം ചെയ്യുമ്പോൾ പുതിയ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള നിലവിലുള്ള നിയോജക മണ്ഡലങ്ങളുടെയൊ അവയുടെ ഭാഗങ്ങളുടെയൊ പട്ടികകൾകൂട്ടി യോജിപ്പിച്ചും അവയുടെ ക്രമീകരണത്തിലും ക്രമനമ്പരിലും തലവാചകങ്ങളിലും മാറ്റം വരുത്തിയും പുതിയ നിയോജകമണ്ഡലത്തിന്റെ പട്ടിക ഉണ്ടാക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷന് നിർദ്ദേശിക്കാവുന്നതാണ്.

അന്തിമ പട്ടിക പ്രസിദ്ധീകരിച്ച ശേഷം വോട്ടർ പട്ടികയിൽ പേർ ഉൾപെടുത്തൽ

- ഒരു നിയോജകമണ്ഡലത്തിലെ അന്തിമ വോട്ടർ പട്ടികയിൽ പേർ ഉൾപ്പെട്ടിട്ടില്ലാത്ത ഏതൊരാൾക്കും തന്റെ പേർ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് അപേക്ഷ നൽകാവുന്നതാണ്.
- വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അപേക്ഷകന് അവകാശമുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അയാളുടെ പേര് ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ രേഖാമൂലം നിർദ്ദേശിക്കേണ്ടതാണ്.
- അപേക്ഷകൻ മറ്റേതെങ്കിലും നിയോജക മണ്ഡലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആ നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനെ വിവരം അറിയിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ആ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്.
- ഒരു നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്കു ശേഷവും ആ തെരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിനു മുമ്പും വോട്ടർ പട്ടികയിൽ യാതൊരു മാറ്റവും (പേരു ചേർക്കലോ, തിരുത്തലോ സ്ഥാനമാറ്റമോ) വരുത്താൻ പാടില്ല.

തിരുത്തലും ഒഴിവാക്കലും

- തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണയ്ക്കു ശേഷം ഏതെങ്കിലും ഉൾക്കുറിപ്പ് ഭേദഗതി ചെയ്യുകയോ പട്ടികയിലെ മറ്റൊരു സ്ഥാനത്തേക്ക് മാറ്റുകയോ നീക്കുകയോ ചെയ്യാവുന്നതാണ്.
- ഏതെങ്കിലും അപേക്ഷയുടെ അടിസ്ഥാനത്തിലോ സ്വമേധയായോ മേൽപ്പറഞ്ഞ നടപടി സ്വീകരിക്കാവുന്നതാണ്.
- ഒരാൾ നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരൻ അല്ലാതായിത്തീർന്നുവെന്നോ മറ്റെന്തെങ്കിലും കാരണത്താൽ അയോഗ്യനായി എന്നോ ഉള്ള കാരണത്താൽ പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതിനു മുമ്പായി അയാൾക്ക് ആ നടപടി സംബന്ധിച്ച് പറയാനുള്ളത് പറയുന്നതിന് ന്യായമായ അവസരം നൽകേണ്ടതാണ്.

അപ്പീൽ

അന്തിമ പട്ടിക പ്രസിദ്ധീകരിച്ച ശേഷം വോട്ടർപട്ടികയിൽ പേർ ഉൾപ്പെടുത്തുകയോ അതിൽ ഭേദഗതി വരുത്തുകയോ ചെയ്യുന്നതു സംബന്ധിച്ച് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ തീർപ്പിന്മേൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നിർദ്ദിഷ്ട ഫീസ് ഒടുക്കി അപ്പീൽ നൽകുന്നതിന് അവസരമുണ്ട്

2020 ലെ വോട്ടർ പട്ടിക പുതുക്കൽ

2020 ൽ പൊതു തെരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

- 2015 ലെ പൊതു തെരഞ്ഞെടുപ്പിനോ അതിനു ശേഷം നടന്ന ഉപതെരഞ്ഞെടുപ്പിനോ ഉപയോഗിച്ച പട്ടിക അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിച്ചാണ് പുതുക്കുന്നത്.
- വോട്ടർ പട്ടിക പുതുക്കലിന്റെ അടിസ്ഥാന തീയതി 2020ജനുവരി 1 ആണ്. ആ തീയതിയിലോ അതിനു മുമ്പോ 18 വയസ് തികഞ്ഞവർക്കു മാത്രമാണ് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അവകാശമുള്ളത്.
- നിലവിലെ അടിസ്ഥാന പട്ടികകളും അവയുടെ സപ്ലിമെന്റുകളും സംയോജിപ്പിച്ചുള്ള ഏകീകൃത പട്ടികയാണ് കരടു പട്ടികയായി പ്രസിദ്ധപ്പെടുത്തുന്നത്
- കരട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തുന്നത് 2020 ജനുവരി 20ന് ആണ്.
- പേരു ചേർക്കുന്നതിനുള്ള അവകാശവാദങ്ങളും (ഫാറം 4) ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും (ഫാറം 6) പട്ടികയിലെ സ്ഥാന മാറ്റത്തിനുള്ള അപേക്ഷകളും (ഫാറം 7) ഓൺലൈനായി നൽകണം.
- പേർ ഒഴിവാക്കുന്നതു സംബന്ധിച്ച ആക്ഷേപങ്ങൾ (ഫാറം 5) നേരിട്ടോ രജിസ്റ്റർ ചെയ്ത തപാലിലോ നൽകേണ്ടതാണ്.
- അപേക്ഷകൾ നൽകേണ്ടതും അവയിന്മേൽ നടപടി സ്വീകരിക്കുന്നതും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ www.lsgelection.kerala.gov.in/erollഎന്ന വെബ് സൈറ്റിലാണ്.

വോട്ടർ പട്ടിക പുതുക്കൽ–ഷെഡ്യൂൾ

- കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ – 2020 ജനവരി 20
- അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി – 2020 ഫെബ്രുവരി 14
- ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കൽ – 2020 ഫെബ്രുവരി 25
- അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തൽ – 2020 ഫെബ്രുവരി 28

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ ഫെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറാണ്.

കില ന്യൂസ്

മത്സ്യമേഖലയെ സംബന്ധിച്ച് ദ്വിദിന ദേശീയ ശില്പശാല

ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യനിർമ്മാർജനത്തിന്റെയും പശ്ചാത്തലത്തിൽ ചെറുകിട മത്സ്യമേഖലയുടെ സുസ്ഥിരത ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബോധവല്ക്കരിക്കുന്നതിനു കിലയിൽ ദ്വിദിന ദേശീയ ശില്പശാല സംഘടിപ്പിച്ചു. ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സും (ഐ.സി.എസ്.എഫ്) കിലയും ചേർന്ന് ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടന (എഫ്.ഒ.എ) യുടെ സഹകരണത്തോടെ സംഘടിപ്പിച്ച ശില്പശാല ഫിഷറീസ് ഡയറക്ടർ എസ്. വെങ്കിടേശപതി ഉദ്ഘാടനം ചെയ്തു. ഐ.സി.എസ്.എഫ് ട്രസ്റ്റി വി.വിവേകാനന്ദൻ അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ഐ.സി.എസ്.എഫ് മാനേജിംഗ് ട്രസ്റ്റി ജോൺ കുര്യൻ മുഖ്യപ്രഭാഷകനായിരുന്നു.

ചെറുകിട മത്സ്യമേഖലയ്ക്കുവേണ്ടി രാജ്യാന്തര തലത്തിൽ രണ്ടുവർഷം നീണ്ടുനിന്ന കൂടിയാലോചനകളിലൂടെ തയ്യാറാക്കിയ എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾക്കു എഫ്.എ.ഒയുടെ ഫിഷറീസ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ചെറുകിട മീൻപിടുത്ത സമൂഹങ്ങളുടെ ദാരിദ്ര്യനിർമ്മാർജ്ജനം, സമുദ്ര ജൈവ വൈവിധ്യം നിലനിർത്തൽ, മീൻപിടുത്ത സമൂഹങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ, മത്സ്യതൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തൽ, കടൽ-ഉൾനാടൻ മത്സ്യബന്ധന സമൂഹങ്ങളുടെ ശാക്തീകരണം തുടങ്ങിയവ മാർഗ്ഗനിർദ്ദേശങ്ങളിൽപെടുന്നു. മത്സ്യബന്ധനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും പ്രാദേശിക -ദേശീയ - മേഖല-ആഗോള ബന്ധങ്ങൾ വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു.

ദുർബലജനവിഭാഗങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടി പദ്ധതികൾ തയ്യാറാക്കാൻ ഈ മാർഗ്ഗനിർദ്ദേശങ്ങൾ സഹായകമാകുമോയെന്ന് ശില്പശാല പരിശോധിച്ചു. നിലവിൽ പഞ്ചായത്തുകളുടെ മത്സ്യമേഖലയിലെ ബജറ്റും പരിപാടികളും ശില്പശാല വിലയിരുത്തി ആവശ്യമായ പരിഷ്കാരങ്ങൾ ശുപാർശ ചെയ്യും. ഇതിനുമുമ്പ് നടന്ന ദേശീയ ശില്പശാലകളുടെ തീരുമാനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള കർമ്മ പരിപാടി ഡൽഹിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു സമർപ്പിക്കും.

മത്സ്യമേഖലയെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ ശില്പശാലയിൽ ഐ.സി.എസ്.എഫ് മാനേജിംഗ് ട്രസ്റ്റി ജോൺ കുര്യൻ മുഖ്യപ്രഭാഷണം നടത്തുന്നു

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി നിർവഹണ പരിശീലനം ആരംഭിച്ചു

സംസ്ഥാന സർക്കാർ നഗരപ്രദേശങ്ങളിലെ ദരിദ്രജനവിഭാഗങ്ങളുടെ ജീവിതസുരക്ഷ ഉറപ്പുവരുത്താനായി നടപ്പാക്കി വരുന്ന അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ സംബന്ധിച്ച പരിശീലനപരിപാടിക്കു കിലയിൽ തുടക്കമായി. 2019 നവംബർ 11 മുതൽ ആരംഭിച്ച ആദ്യ ബാച്ചിന്റെ പരിശീലനം കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പത്തു ബാച്ചുകളിലായി സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലെയും ജനപ്രതിനിധികൾ, അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി കൈകാര്യം ചെയ്യുന്ന എഞ്ചിനിയർമാർ, ഓവർസിയർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, ക്ലാർക്കുമാർ എന്നിവർക്കാണ് പരിശീലനം നല്കുന്നത്.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ സവിശേഷതകൾ, തൊഴിലാളികളുടെ അവകാശങ്ങൾ, പദ്ധതി ആസൂത്രണവും ലേബർ ബജറ്റും, ഏറ്റെടുക്കാവുന്ന പ്രവർത്തികളും അവയുടെ അടങ്കലുകളും, മാതൃകാപദ്ധതികളും അനുഭവങ്ങളും, മേറ്റുമാരുടെ ചുമതലകൾ, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ദ്വിദിന പരിശീലനമാണ് തുടങ്ങിയിട്ടുള്ളത്.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി നിർവഹണ പരിശീലനം കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു.

മിഷൻ അന്ത്യോദയ വിവരശേഖരണത്തിനു ഒരുക്കം തുടങ്ങി

മിഷൻ അന്ത്യോദയ നടത്തുന്ന വിവരശേഖരണത്തിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിശീലക പരിശീലനം

സംസ്ഥാനത്തെ ജനകീയാസൂത്രണത്തിന്റെ ചുവടുപിടിച്ച് ദേശീയതലത്തിൽ ഗ്രാമപഞ്ചായത്ത് വികസനപരിപാടി (ജി.പി.ഡി.പി) വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വികസനമേഖലകളിലെ വിടവുകൾ കണ്ടെത്തുന്നതിനും അതിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള വിവരശേഖരണത്തിനു മിഷൻ അന്ത്യോദയ ഒരുക്കം തുടങ്ങി. ഇതിന്റെ ഭാഗമായി കിലയിൽ സംസ്ഥാനതല പരിശീലക പരിശീലനവും ജില്ലാതലത്തിൽ തുടർപരിശീലനങ്ങളും നടന്നു. ആയിരം ദിവസംകൊണ്ട് രാജ്യത്തെ 50,000 ഗ്രാമപഞ്ചായത്തുകളിലെ അയ്യായിരത്തിലേറെ ഗ്രാമീണ ക്ലസ്റ്ററുകളുടെ പരിവർത്തനമാണ് മിഷൻ അന്ത്യോദയ ലക്ഷ്യമിടുന്നത്. മുൻവർഷത്തെ സർവ്വേ പ്രകാരം ദേശീയതലത്തിൽ തെലുങ്കാനയ്ക്കും ആന്ധ്രാപ്രദേശിനും കർണ്ണാടകത്തിനും പിന്നിൽ നാലാംസ്ഥാനത്തായിരുന്നു കേരളം. 144 വികസന സൂചകങ്ങളുടെ ഭാഗമായി അഖിലേന്ത്യ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ ഗ്രേഡ് ചെയ്യും. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നടത്തുന്ന വിവരശേഖരണം നവംബർ 30 നകം പൂർത്തിയാക്കി സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യും.

ജനകീയാസൂത്രണം ജില്ലാതല കോർഡിനേറ്റർമാർ, സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ് ഉദ്യോഗസ്ഥർ, ജില്ലാതല പ്ലാനിംഗ് ഉദ്യോഗസ്ഥർ, പഞ്ചായത്തുവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരാണ് പരിശീലക പരിശീലനത്തിൽ പങ്കെടുത്തത്. സംസ്ഥാന ആസൂത്രണബോർഡും എസ്.ആർ.ജിയും കിലയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്.

കർണ്ണാടകയിലെ ഉന്നതതല ഉദ്യോഗസ്ഥസംഘം കില സന്ദർശിച്ചു

കേരളത്തിലെ പഞ്ചായത്ത്‌രാജ് സംവിധാനം, അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം എന്നിവ നേരിൽ കണ്ടു മനസ്സിലാക്കാൻ കർണ്ണാടകയിലെ ഉന്നതതല ഉദ്യോഗസ്ഥസംഘം കിലയിലെത്തി. കർണ്ണാടകയിലെ ഗ്രാമവികസന- പഞ്ചായത്ത്‌രാജ് പ്രിൻസിപ്പൽ സെക്രട്ടറി ഉമാ മഹാദേവൻ ഐ.എ.എസ്, പി. ശിവസങ്കർ, പഞ്ചായത്ത് രാജ് ഡയറക്ടർ കേംബഗൗഡ, ഗ്രാമവികസന-പഞ്ചായത്ത്‌രാജ് ഉപദേശകൻ എന്നിവരാണ് മൂന്നു ദിവസത്തെ സന്ദർശനത്തിനെത്തിയത്.

മുൻ ചീഫ് സെക്രട്ടറിയും സംസ്ഥാന ഫിനാൻസ് കമ്മീഷൻ ചെയർമാനുമായ എസ്.എം. വിജയാനന്ദ്, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ.ജോസ്, കുടുംബശ്രീ ഡയറക്ടർ ഹരികിഷോർ എന്നിവരുമായി വിശദമായ ചർച്ചകൾക്കുശേഷമാണ് അവർ കിലയിലെത്തിയത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ. പീറ്റർ എം. രാജ് തുടങ്ങിയവരുമായി വിവിധ പരിശീലനപരിപാടികളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഗ്രാമപഞ്ചായ ത്തിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്താൻ തെക്കുംകര ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു.

കില സന്ദർശനത്തിനെത്തിയ കർണാടകയിലെ ഉന്നതതല ഉദ്യോഗസ്ഥസംഘം കില ഡയറക്ടർ ഡോ. ജോയ് ഇളമണുമായി ചർച്ച നടത്തുന്നു.

കേരള മാതൃക പഠിക്കാൻ ബംഗ്ലാദേശ് സംഘമെത്തി

അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക പഠിക്കാൻ ബംഗ്ലാദേശിലെ പ്രാദേശികഭരണവുമായി ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന പതിനഞ്ചംഗസംഘം കിലയിലെത്തി. സന്ദർശകർക്കായി കിലയിൽ നാലുദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സന്ദർശകസംഘത്തെ സ്വാഗതം ചെയ്തു.

കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിനു സഹായിച്ച സ്വിറ്റ്സർലന്റിലെ സ്വിസ് ഏജൻസീസ് ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ നിർദ്ദേശപ്രകാരമാണ് സംഘമെത്തിയത്. കേരളത്തിലെ ഏറ്റവും പുതിയ വികസനമാതൃകകൾ നേരിൽ കണ്ട് മനസ്സിലാക്കുകയാണ് സംഘത്തിന്റെ ലക്ഷ്യം. ബംഗ്ലാദേശ് നാഷണൽ അക്കാദമി ഫോർ പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ് അഡീഷണൽ ഡയറക്ടർ നാഷിഹുൽ കമാൽ, എസ്.ഡി.സിയുടെ നാഷണൽ കോർഡിനേറ്റർ തീർത്ഥ സാരഥി സിക്ദർ എന്നിവർക്കായിരുന്നു സംഘത്തിന്റെ നേതൃത്വം.

വാർത്തകൾ വിശേഷങ്ങൾ

കുടുംബശ്രീ ഉൽപന്നങ്ങൾ ഇനി സപ്ലൈക്കോ വഴിയും

സംസ്ഥാനത്ത് കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന വിവിധ ഉൽപന്നങ്ങൾ സപ്ലൈക്കോയുടെ കീഴിലുള്ള 1546 വിപണന കേന്ദ്രങ്ങളിലൂടെ വിപണനം ചെയ്യുന്നതിനുള്ള അവസരമൊരുങ്ങുന്നു. സപ്ലൈക്കോ സൂപ്പർമാർക്കറ്റുകൾ വഴിയും സപ്ലൈക്കോയുടെ കീഴിലുള്ള മറ്റ് വിപണന കേന്ദ്രങ്ങൾ വഴിയും കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതാണ് പുതിയ പദ്ധതി. ധനകാര്യ മന്ത്രി ഡോ.ടി.എം. തോമസ് ഐസക്, ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമൻ എന്നിവരുടെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ സപ്ലൈക്കോ മാനേജിങ്ങ് ഡയറക്ടർ എസ്.സതീഷ് എന്നിവർ ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പു വച്ചു.

ആദ്യഘട്ടത്തിൽ കുടുംബശ്രീയുടെ കീഴിലുള്ള ആയിരം സംരംഭകരുടെയെങ്കിലും ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അതുവഴി വലിയൊരു വിപണി സാധ്യത തുറന്നു കിട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് പുതിയ പദ്ധതിയുടെ തുടക്കം. സപ്ലൈക്കോയുമായി കരാറിൽ ഏർപ്പെട്ടതോടെ കുടുംബശ്രീ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണനത്തിനുള്ള അവസരവും സംരംഭകർക്ക് കൂടുതൽ വരുമാന ലഭ്യതയും ഉറപ്പു വരുത്താനാകുമെന്നാണ് പ്രതീക്ഷയെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ അറിയിച്ചു.

നഗരകാര്യ വകുപ്പിൽ സൗജന്യ തുണിസഞ്ചി വിതരണം

നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് പ്രകൃതി സൗഹൃദ തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം നഗരകാര്യ ഡയറക്ടർ ആർ.ഗിരിജ നിർവഹിച്ചു. തുണിസഞ്ചികൾ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ആദ്യ വിതരണം നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർമാരായ ബി.കെ.ബാലരാജ്, ഡോ. ഉമ്മുസെൽമ സി എന്നിവർക്ക് നൽകി പ്ലാസ്റ്റിക് വിരുദ്ധ കർമ്മ പരിപാടികൾക്ക് തുടക്കം കുറിച്ചു. ഗുണനിലവാരമുള്ള തുണിസഞ്ചികൾ തിരുവനന്തപുരം നഗരസഭയിലെ കുടുംബശ്രീ യൂണിറ്റാണ് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നത്.

റോഡുകളുടെ പുനരുദ്ധാരണത്തിനായി 961.264 കോടി രൂപ അനുവദിച്ചു

2018,2019 ലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" (Chief Ministers Local Roads Rebuild Project (CMLRRP)) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) യിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(കൈ)നം 13/2020/ത.സ്വ.ഭ.വ, തീയതി 09/01/2020)

ദുരന്തനിവാരണം –ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരന്തനിവാരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലോക്കൽ റിസോഴ്സ് ഗ്രൂപ്പിന്റെ രൂപികരണവും പ്രവർത്തനവും സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(കൈ)നം 9/2020/ത.സ്വ.ഭ.വ, തീയതി 06/01/2020)

എഞ്ചിനിയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനം

എഞ്ചിനിയറിംഗ് ബിരുദ, ബിരുദാനന്തര കോഴ്സുകൾ പൂർത്തിയായവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇന്റേൺഷിപ്പും അതുവഴി പ്രായോഗികമായ നൈപുണ്യ വികസനവും നല്കുന്നതിനും എഞ്ചിനിയറിംഗ് കോളേജുകളിലെ വിവിധ വകുപ്പുകളുടെയും അവയുടെ അധ്യാപകരുടെയും കൺസൾട്ടൺസി സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്കായി പ്രയോജനപ്പെടുത്തുന്നതിനുമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(സാധാ)നം 2933/2019/ത.സ്വ.ഭ.വ, തീയതി 23/12/2019)

സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് : നിർദ്ദേശം പുറപ്പെടുവിച്ചു

കേരളത്തിലെ എല്ലാ സിനിമാ തിയേറ്ററുകളിലും ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നതിന് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(ആർ റ്റി)നം 101/2020/ത.സ്വ.ഭ.വ, തീയതി 04/01/2020)

പ്രളയം പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിന് മാർഗ്ഗരേഖ

പ്രളയബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(കൈ)നം 170/2019/ത.സ്വ.ഭ.വ, തീയതി 23/12/2019)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ഇനി ഞാൻ ഒഴുകട്ടെ

ഹരിതകേരളം മിഷൻ

നീർച്ചാലുകളുടെ ജനകീയ വിണ്ടെടുപ്പ്

ബി. മനോജ്

2019 ഡിസംബർ 14 മുതൽ 2020 ജനുവരി 14 വരെയുള്ള ഒരു മാസക്കാലയളവിൽ ഇനി ഞാനൊഴുകട്ടെ ക്യാമ്പയിനിൽ സംസ്ഥാനത്ത് 2034.49 കിലോമീറ്റർ ദൂരം തോടുകളും നീർച്ചാലുകളും വീണ്ടെടുത്തു. 1,92,295 പേരാണ് ജനകീയ വീണ്ടെടുപ്പിൽ പങ്കാളികളായത്.

നദികൾ ജീവനുള്ള ആവാസ വ്യവസ്ഥയുടെയും പ്രകൃതി ഒരുക്കിയ ജലചക്രത്തിന്റെയും സചേതനഭാഗമാണ്. ഒഴുകുന്ന നദികൾ ആരോഗ്യകരമായ പരിസ്ഥിതി വ്യവസ്ഥയുടെ അവിഭാജ്യ ഘടകവുമാണ്. കേരളത്തിലെ നദികൾക്കെല്ലാം അവയിലേക്ക് ജലം ഒഴുകിയെത്തുന്ന തോടുകളും നീർച്ചാലുകളും ഉൾക്കൊള്ളുന്ന വിപുലമായ ശൃംഖലകൾ ഉണ്ട്. ഈ ജലസ്രോതസ്സുകൾ ഒരുകാലത്ത് കേരളത്തിന്റെ കാർഷിക വ്യവസ്ഥയിൽ വഹിച്ചിരുന്ന പങ്ക് നിസ്തുലമായിരുന്നു. എന്നാൽ ദ്രുതഗതിയിലുള്ള നഗരവത്ക്കരണം, ഭൂവിനിയോഗ രീതിയിലെ അശാസ്ത്രീയമായ മാറ്റങ്ങൾ, ഭൂമി കൈയ്യേറ്റം തുടങ്ങിയവ നീർച്ചാലുകളുടെ നാശത്തിനോ വഴിമാറ്റത്തിനോ ഒക്കെ കാരണമായി. ഒഴുക്ക് നഷ്ടപ്പെട്ട് അരുവികളിലെയും തോടുകളിലെയും നീർച്ചാലുകളിലെയും വെള്ളം നിശ്ചലമായി. കനത്ത മഴയിൽ വെള്ളം മുഴുവൻ വഹിച്ചു നിർത്താൻ ശേഷിയുണ്ടായിരുന്ന ഈ ചാലുകളുടെ നാശം ജനവാസപ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനിടയാക്കി. 2018 ലും 2019 ലും കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിദുരന്തങ്ങളിലും സംസ്ഥാനത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നിരവധിയിടങ്ങളിൽ മണ്ണിടിച്ചിലുണ്ടായി. കുന്നുകളിൽ നിന്ന് വെള്ളം താഴേക്ക് ഒഴുക്കികൊണ്ടുപോയിരുന്ന ചെറിയ അരുവികൾ ഇല്ലാതായത് മണ്ണിടിച്ചിലിന്

പ്രധാന കാരണമായി.

തോടുകളുടെയും നീർച്ചാലുകളുടെയും ചെറിയ അരുവികളുടെയും പുനരുജ്ജീവനവും വീണ്ടെടുപ്പും തുടർന്നുള്ള അവയുടെ സംരക്ഷണവും അത്യന്താപേക്ഷിതമായ കാലഘട്ടത്തിലാണ് നാമിപ്പോൾ. ഗ്രാമീണകേരളത്തിലെ ജലസ്രോതസ്സുകൾ ഇപ്രകാരം നാമേവരുടെയും അടിയന്തര ശ്രദ്ധ പതിയേണ്ട വിഷയമായി മാറുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഹരിതകേരളം മിഷൻ 'ഇനി ഞാൻ ഒഴുകട്ടെ' എന്നപേരിൽ നീർച്ചാലുകളുടെ വീണ്ടെടുപ്പിന് സംസ്ഥാന വ്യാപകമായ ജനകീയ യജ്ഞത്തിന് തുടക്കമിട്ടത്. അനിവാര്യമായൊരു കാര്യത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട കേരളജനത ഈ ക്യാമ്പയിൻ ഏറ്റെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ 2019 ഡിസംബർ 14 മുതൽ ആരംഭിച്ച നീർച്ചാൽ വീണ്ടെടുപ്പ് വൻ വിജയമായി തീർന്നു.

തണ്ണീർത്തടങ്ങളും കുളങ്ങളും നെൽവയലുകളും തടാകങ്ങളും മഴവെള്ളം ശേഖരിച്ചുവയ്ക്കുന്ന കലവറകളാണ്. ഇവ ഇല്ലാതായാൽ വെള്ളക്കെട്ടും വെള്ളപ്പൊക്കവും സൃഷ്ടിക്കുന്ന ആഘാതത്തിന്റെ തോത് വളരെ വലുതാകും. ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിനുള്ള ഏതൊരു ശ്രമവും പങ്കാളിത്തമില്ലെങ്കിൽ ഫലം കാണില്ല. അതുകൊണ്ട് ഇവിടെ വ്യക്തമായ ആസൂത്രണത്തിലൂടെ വൻജനപങ്കാളിത്തം പരിപാടിക്ക് ആദ്യമെ തന്നെ ഉറപ്പാക്കി. സർക്കാർ, സർക്കാരിതര വകുപ്പുകൾ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, രാഷ്ട്രീയ-യുവജന സാമൂഹ്യ പ്രസ്ഥാനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ.എസ്.എസ്, എസ്.പി.സി, സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും അണിനിരത്തിയാണ് നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് സംഘടിപ്പിച്ചത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മികച്ച നേതൃത്വമാണ് പദ്ധതി വിജയത്തിലെത്തിച്ചത്.

ഒരു തദ്ദേശ ഭരണ സ്ഥാപനത്തിലൂടെ കടന്നുപോകുന്ന ഏതെങ്കിലും - ഏറ്റവും ദൈർഘ്യമേറിയതായാൽ നല്ലത് - നീർച്ചാലാണ് പുനരുജ്ജീവനത്തിനായി തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്. അയൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് തുടർച്ച ഉറപ്പാക്കി. സംസ്ഥാനത്തെ മന്ത്രിമാരുടെ നേതൃത്വത്തിൽ കേരള സർക്കാരിനു കീഴിലുള്ള തദ്ദേശസ്വയംഭരണ, ജലവിഭവ വകുപ്പുകൾ ബന്ധപ്പെട്ട എല്ലാവരുടെയും യോഗങ്ങൾ വിളിച്ചു ചേർത്ത് ഫലപ്രദമായ നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. തെരഞ്ഞെടുത്ത അരുവികളിൽ നിന്ന് തടസ്സങ്ങളും മണ്ണും നീക്കം ചെയ്യുന്നതിനായി യന്ത്രങ്ങൾ കൊണ്ടുവരുന്നതിനും മറ്റും തദ്ദേശസ്വയം ഭരണ വകുപ്പ് ചെലവ് അനുവദിച്ചു. നീർച്ചാൽ വീണ്ടെടുക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. നിരവധി പ്രമുഖർ നീർച്ചാൽ വീണ്ടെടുപ്പിനായുള്ള പ്രചാരണത്തിലും പ്രവർത്തനത്തിലും നേരിട്ട് പങ്കാളികളായി. മന്ത്രിമാർ, നിയമസഭാംഗങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ, ജനപ്രതിനിധികൾ, ജില്ലാ കളക്ടർമാർ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പലയിടങ്ങളിലും പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും മുൻനിരയിൽ നിന്നുതന്നെ പ്രവർത്തിക്കുകയും ചെയ്തു.

ഹരിതകേരളം മിഷൻ 'ഇനി ഞാൻ ഒഴുകട്ടെ' എന്നപേരിൽ നീർച്ചാലുകളുടെ വീണ്ടെടുപ്പിന് നടത്തിയ ജനകീയ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എ.സി. മൊയ്തീൻ തൃശ്ശൂരിൽ നിർവ്വഹിക്കുന്നു.

നേട്ടം ഒറ്റനോട്ടത്തിൽ

2019 ഡിസംബർ 14 മുതൽ 2020 ജനവരി 14 വരെയുള്ള ഒരു മാസക്കാലയളവിൽ ഇനി ഞാനൊഴുകട്ടെ ക്യാമ്പയിനിൽ സംസ്ഥാനത്ത് 2034.49 കിലോമീറ്റർ ദൂരം തോടുകളും നീർച്ചാലുകളും വീണ്ടെടുത്തു. 1,92,295 പേരാണ് ജനകീയ വീണ്ടെടുപ്പിൽ പങ്കാളികളായത്.

രാജ്യത്ത് ആദ്യമായാണ് ജനപങ്കാളിത്തത്തോടെ ഇത്രയും തോടുകളും നീർച്ചാലുകളും വീണ്ടെടുക്കുന്നത്. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1006 തോടുകളും നീർച്ചാലുകളുമാണ് വീണ്ടെടുത്തത്. ചെളിയും പായലുകളും മാറ്റി ആഴം കൂട്ടിയും അരിക് സംരക്ഷിച്ചുമാണ് ഇവയെ ജലസമൃദ്ധമാക്കിയത്.

നാടിന്റെ വികസന പ്രക്രിയകളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കിയാലുള്ള വിജയത്തിന്റെ ഉത്തമ ഉദാഹരണമാണ് ഇനി ഞാനൊഴുകട്ടെ. നീർച്ചാലുകളുടെ വലിയൊരു ശൃംഖലയ്ക്കാണ് പുതുജീവൻ കിട്ടിയത്. ജനങ്ങൾ പണം സമാഹരിച്ചും പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിലൂടെയും സ്പോൺസർഷിപ്പിലൂടെയും സന്നദ്ധ സേവനത്തെ തൊഴിലുറപ്പ് പദ്ധതിയുമായും വകുപ്പുതല പദ്ധതിയുമായും സംയോജിപ്പിച്ചാണ് പഞ്ചായത്തുകൾ ഈ ക്യാമ്പയിനെ വിജയിപ്പിച്ചത്.

തുടർപ്രവർത്തനങ്ങൾ

വീണ്ടെടുത്ത നീർച്ചാലുകളുടെ തുടർപ്രവർത്തനങ്ങളും പരിപാലനവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നടത്തും. വീണ്ടെടുത്ത തോട്, നീർച്ചാൽ എന്നിവ കടന്നുപോകുന്ന വാർഡുകളിൽ പ്രത്യേക പ്രാദേശിക സംഘാടക സമിതി രൂപീകരിച്ചാണ് പ്രവർത്തിക്കുന്നത്. നീർച്ചാലുകൾ വീണ്ടും മലിനപ്പെടാതിരിക്കാനായി ബോധവൽക്കരണം, പാർശ്വസംരക്ഷണത്തിനായി ജൈവരീതികൾ, നീർത്തടാധിഷ്ഠിത ആസൂത്രണത്തിലൂടെ കൈവഴികളുടെയും വൃഷ്ടിപ്രദേശത്തിന്റെയും സംരക്ഷണം, വളർച്ചാ പ്രതിരോധ പ്രവർത്തനമെന്ന നിലയിൽ തടയണ നിർമ്മാണം തുടങ്ങിയവയും ക്യാമ്പയിന്റെ തുടർപ്രവർത്തനമായി നടത്തും.

ലേഖകൻ ഹരിതകേരളം മിഷനിൽ പബ്ലിക് റിലേഷൻസ് ഓഫീസറാണ്.

വിജയഗാഥ

സെറികൾച്ചറിലൂടെ പൂവണിഞ്ഞ സ്വപ്നങ്ങൾ

എസ്. സന്തോഷ് കുമാർ, അനിൽകുമാർ എം.

"എന്റെ ഈ നേട്ടങ്ങളെല്ലാം സെറികൾച്ചറിൽ നിന്നുമാത്രമാണ്" ഇതുപറയുമ്പോൾ ഖാദറിന്റെ മുഖത്തിന് മാത്രമല്ല ശബ്ദത്തിനും പൊൻതിളക്കം.

മൾബറി കൃഷിയിലൂടെ ഓരോ സാമ്പത്തിക വർഷാവസാനവും ഉയർന്ന കാർഷിക വരുമാനനിക്ഷേപം ബാങ്ക് അക്കൗണ്ടിൽ നടത്തുന്ന ഒരു കർഷകൻ 19 വർഷമായി നമ്മുടെ കൊച്ചുകേരളത്തിൽ കാർഷികമേഖലയിൽ വെന്നിക്കൊടി പാറിച്ചു നിശബ്ദനായി മുന്നോട്ടുപോകുന്നു. അബ്ദുൾഖാദർ - പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽപെട്ട പെരുമാട്ടി പഞ്ചായത്തിലെ ഒരു ഉൾനാടൻ ഗ്രാമത്തിലെ ഒരു സാധാരണ കർഷകൻ. 2000ൽ മൾബറി കൃഷി ഒരു ഉപജീവനമാർഗമായി തെരഞ്ഞെടുത്തുകടന്നുവന്ന അബ്ദുൾഖാദർ കഴിഞ്ഞ 19 വർഷമായി കൃഷിയിലും ജീവിതത്തിലും വിജയഗാഥ രചിക്കുന്നു.

പിതാവിന്റെ കാലം മുതൽ ഉണ്ടായിരുന്ന കടബാധ്യതൾ തീർത്തു. 2 സഹോദരിമാരുടെ വിവാഹം ഒരുകടബാധ്യതയും ഇല്ലാതെ ഭംഗിയായി നടത്തി. മൾബറികൃഷിയിലേക്കു കടന്നുവരുമ്പോൾ ഉണ്ടായിരുന്ന കുഞ്ഞുവീട് പുതുക്കിപ്പണിതതു കൂടാതെ 10 സെന്റ് സ്ഥലംവാങ്ങി ഏകദേശം 1500 ചതുരശ്രഅടി വിസ്തീർണ്ണമുള്ള പുതിയവീട് പണിതുകൊണ്ടിരിക്കുന്നു. മൾബറിതോട്ട പരിപാലനം ആയാസരഹിതമാക്കുന്നതിന്റെ ഭാഗമായി ഒരു ടില്ലർ, കൊക്കൂൺ വിപണത്തിനും യാത്രാവശ്യത്തിനും മറ്റുമായി 2 ബൈക്കുകൾ എന്നിവ സ്വന്തമാക്കി. "അച്ഛനും അമ്മയും ഭാര്യയും 2 മക്കളും അടങ്ങുന്ന എന്റെ കുടുംബത്തെ നല്ലരീതിയിൽ സംരക്ഷിക്കാൻ കഴിയുന്നു. മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുവാൻ സാധിക്കുന്നു. എന്റെ ഈ നേട്ടങ്ങളെല്ലാം സെറികൾച്ചറിൽ നിന്നുമാത്രമാണ്" ഇതു പറയുമ്പോൾ ഖാദറിന്റെ മുഖത്തിന് മാത്രമല്ല ശബ്ദത്തിനും പൊൻതിളക്കം.

അബ്ദുൾഖാദർ എല്ലാവർഷവും 9 വിള വെട്ടുപ്പുകൾ നടത്തുന്നു. 3 വിളവെട്ടുപ്പുകൾ നൂലിനു വേണ്ടിയുള്ള കൊക്കൂണും 6 വിള വെട്ടുപ്പുകൾ മുട്ടകൾ ഉല്പാദിപ്പിക്കുവാൻ ആവശ്യമായ ശലഭങ്ങൾക്കുവേണ്ടിയുള്ള കൊക്കൂണും. നൂലിന് വേണ്ടിയുള്ള കൊക്കൂണിന് ശരാശരി 300 രൂപവച്ചും മുട്ടയ്ക്കുള്ളകൊക്കൂണിന് ശരാശരി 800 രൂപവച്ചും എല്ലാവർഷവും 10 ലക്ഷത്തിനു മേൽ തുക തന്റെ അധ്വാനത്തിലൂടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതു കൊണ്ട് എല്ലാ സാമ്പത്തിക വർഷാവസാനത്തിലും

ബാങ്ക് മാനേജർ വിളിച്ച് അഭിനന്ദനം അറിയിക്കാറുണ്ട് എന്നവിവരവും സന്തോഷത്തോടെയും അഭിമാനത്തോടെയും ഖാദർ പങ്കുവച്ചു.

ഒരിക്കൽ കടക്കെണിയിൽ അകപ്പെട്ട് ഭയവും നിരാശയും കൊണ്ട് ജീവിതം തന്നെ മടുത്തുപോയ ഖാദർ ഇന്ന് അത്യധികം സന്തോഷത്തോടെ വീടിനു ചുറ്റുമായി തുടങ്ങിയ കൃഷി വീട്ടുകാരെ ഏല്പിച്ച്, മൾബറികൃഷിക്ക് പെരുമാട്ടിയെക്കാൾ കുറച്ചുകൂടി അനുയോജ്യമായ അട്ടപ്പാടികുന്നുകളിലേക്കു ചേക്കേറി വിജയഗാഥ തുടരുന്നു.

കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഒരു പോലെ പ്രാധാന്യമുള്ള സെറികൾച്ചർ അഥവാ മൾബറി കൃഷിയും പട്ടുനൂൽ പുഴുവളർത്തലും ഗ്രാമീണമേഖലയിലെ കർഷകർക്ക് നല്ലൊരു വരുമാനമാർഗ്ഗമാണ്. കുടുംബത്തിലെ എല്ലാ പേർക്കും ഒരു പോലെ, പ്രത്യേകിച്ച് സ്ത്രീകൾക്ക് ചെയ്യാവുന്ന കായികാധ്വാനം കുറഞ്ഞ ഒരു തൊഴിൽ മേഖലയാണ് സെറികൾച്ചർ.

നന്നായി സൂര്യപ്രകാശം ലഭിക്കുന്നതും നനയ്ക്കാൻ സൗകര്യമുള്ളതുമായ 50 സെന്റോ അതിൽ കൂടുതലോ സ്ഥലമുള്ള ഏതൊരാൾക്കും സെറികൾച്ചർ ഒരു വരുമാനമാർഗ്ഗമായി സ്വീകരിക്കാവുന്നതാണെന്ന് ഖാദറിന്റെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. കുറഞ്ഞ മുതൽമുടക്കും കുറഞ്ഞസമയവും കൊണ്ട് കൂടുതൽ വരുമാനം ഉണ്ടാക്കാവുന്ന ഒരു കാർഷിക മേഖലയാണ് മൾബറികൃഷിയും പട്ടുനൂൽപുഴു വളർത്തലും അഥവാ സെറികൾച്ചർ.

കേരളത്തിൽ 1983-84 കാലഘട്ടത്തിൽ ഖാദിബോർഡും തുടർന്ന് 1995 മുതൽ സെറികൾച്ചർ വ്യാപനത്തിന് മാത്രമായി ആരംഭിച്ച കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ (സെറിഫെഡ്) ലിമിറ്റഡിന്റെ കീഴിലും സെറികൾച്ചർ പ്രവർത്തനങ്ങൾ നടന്നിരുന്നു. എന്നാൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാത്തതിനാൽ 2010ൽ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്ത് ഗ്രാമവികസനവകുപ്പിന് കീഴിൽ കൊണ്ടുവന്നു. തുടക്കത്തിൽ സെറിഫെഡിന്റെ പ്രവർത്തനശൈലി പിന്തുടർന്നു എങ്കിലും പുരോഗതി ഉണ്ടായില്ല. എന്നാൽ കഴിഞ്ഞ മൂന്നുവർഷമായി സെറികൾച്ചറിന് അനുയോജ്യമായ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചപ്പോൾ വിജയകരമായ മാറ്റം അനുഭവപ്പെട്ടു. മാത്രമല്ല, ഓരോ വർഷവും ഉല്പാദനം വർദ്ധിപ്പിച്ച് കേരള ചരിത്രത്തിൽതന്നെ ഏറ്റവും കൂടുതൽ (111.54 ടൺ)കൊക്കൂൺ ഉത്പാദനം നടത്തുവാനും കഴിഞ്ഞു.

2018ൽ നിലവിൽ ഉണ്ടായിരുന്ന 326 ഏക്കർ കൂടാതെ പുതുതായി 50 ഏക്കർ സ്ഥലത്തുകൂടി മൾബറികൃഷി വ്യാപിപ്പിച്ചു. 2016-17ൽ കേരളത്തിലെ എസ്സി. എസ്ടി പദ്ധതിപ്രകാരം അനുവദിച്ച 94.22 ലക്ഷം രൂപ വിനിയോഗിച്ച് ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ പട്ടികജാതി വിഭാഗത്തിൽപെട്ട കർഷകരെകൊണ്ട് 25 ഏക്കർ സ്ഥലത്ത് മൾബറിവച്ച് പിടിപ്പിച്ച് കൊക്കൂൺ ഉത്പാദനം ആരംഭിച്ചു.

സെറികൾച്ചർ മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി രൂപം കൊടുത്തിട്ടുള്ള പുതിയ "സിൽക്ക് സമഗ്ര" പദ്ധതിപ്രകാരം 2019-20ൽ പാലക്കാട്, ഇടുക്കി, വയനാട് എന്നീ ജില്ലകളിലായി 150 ഏക്കർ സ്ഥലത്തു മൾബറികൃഷി വ്യാപിപ്പിച്ചു. കർഷകർക്ക് തോട്ടം വച്ച്പിടിപ്പിക്കൽ, ജലസേചനം, പുഴുവളർത്തുപുര നിർമ്മാണം, പുഴുവളർത്തു ഉപകരണങ്ങൾ എന്നിവയ്ക്കു മുതൽമുടക്കിനാവശ്യമായ സാമ്പത്തികസഹായം നല്കുന്നതിലേക്കായി 595 ലക്ഷം രൂപയുടെ ഒരു സാമ്പത്തിക കർമ്മപദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിഗണനയിലാണ്.

ലേഖകർ ഗ്രാമവികസന കമ്മീഷണറേറ്റിൽ യഥാക്രമം അഡിഷണൽ ഡവലപ്മെന്റ് കമ്മീഷണർ & ഡെപ്യൂട്ടിഡയറക്ടറും (സെറികൾച്ചർ)അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറുമാണ്.

ഗ്രാമവികസനവകുപ്പ് അഡിഷണൽ ഡവലപ്മെന്റ് കമ്മീഷണർ വി.എസ് സന്തോഷ് കുമാറും കേന്ദ്രസിൽക്ക് ബോർഡ് ഉദ്യോഗസ്ഥരും മറയൂരിൽ മൾബറിതോട്ടംസന്ദർശിച്ചപ്പോൾ

കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സെക്രട്ടറി ദുർഗശങ്കർ മിശ്രയിൽ നിന്നും എൻ.യു.എൽ.എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ കെ.ബി.സുധീർ, ടി. ജെജെയ്സൺ എന്നിവർ പുരസ്കാരം സ്വീകരിക്കുന്നു.

കേന്ദ്ര പദ്ധതി നടത്തിപ്പിലെ മികവിന് കേരളത്തിന് ദേശീയ പുരസ്കാരം

എൻ.യു.എൽ.എം പദ്ധതി നഗരമേഖലയിൽ മികച്ച രീതിയിൽ നടപ്പാക്കിയതിന് കുടുംബശ്രീക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ദേശീയ അവാർഡ്

അവാർഡ് തുകയായ ഒമ്പതു കോടിരൂപ കുടുംബശ്രീക്ക് നൽകി

കേന്ദ്രാവിഷ്കൃത പദ്ധതി ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന ദൗത്യം (ഡേ-എൻ.യു.എൽ.എം) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2018-19ലെ 'സ്പാർക്ക്' (സിസ്റ്റമാറ്റിക് പ്രോഗ്രസ്സീവ് അനലിറ്റിക്കൽ റിയൽ ടൈം റാങ്കിങ്) റാങ്കിങ്ങിൽ കേരളത്തിന്റെ കുടുംബശ്രീക്ക് രണ്ടാം സ്ഥാനം ലഭിച്ചു. ആന്ധ്രപ്രദേശിനാണ് ഒന്നാംസ്ഥാനം. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നഗരമേഖലയിൽ നടപ്പാക്കുന്ന പദ്ധതിയിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചതിനാണ് പുരസ്കാരം. ഡൽഹിയിലെ വിഗ്യാൻ ഭവനിൽ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സെക്രട്ടറി ദുർഗശങ്കർ മിശ്രയിൽ നിന്നും എൻ.യു.എൽ.എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ കെ.ബി.സുധീർ, ടി.ജെ. ജെയ്സൺ എന്നിവർ പുരസ്കാരം സ്വീകരിച്ചു. മികവിനുള്ള അംഗീകാരമായി ഒമ്പതു കോടിരൂപയും കുടുംബശ്രീക്ക് കേന്ദ്രത്തിൽ നിന്നും ലഭിച്ചു. ഈ തുക പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി വിനിയോഗിക്കും.

എൻ.യു.എൽ.എം പദ്ധതി പ്രകാരം ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം പൊതുവായ മാനദണ്ഡങ്ങൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം പദ്ധതിയിലെ ഓരോ ഉപഘടകത്തിന്റെ കീഴിലും കേന്ദ്ര മന്ത്രാലയം നിർദേശിച്ചിട്ടുള്ള 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളും പുരോഗതിയും കേന്ദ്ര മന്ത്രാലയത്തിന്റെ ഡേ-എൻ.യു.എൽ.എം വെബ്സൈറ്റിൽ രേഖപ്പെടുത്തണം. തൊഴിൽ നൈപുണ്യ പരിശീലനം ലഭിച്ചവർ, തൊഴിൽ ലഭിച്ചവർ എന്നിവരുടെ എണ്ണം, നൈപുണ്യ പരിശീലനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ, ന്യൂനപക്ഷ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം, പുതുതായി രൂപീകരിക്കേണ്ടതും രൂപീകരിച്ചതുമായ അയൽക്കൂട്ടങ്ങളുടെ എണ്ണം, വിതരണം ചെയ്ത വിവിധ വായ്പകൾ, തെരുവോര കച്ചവടക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ആവശ്യമായ സംരംഭങ്ങളുടെ എണ്ണം, തിരിച്ചറിയൽ കാർഡ് ലഭ്യമാക്കിയ തെരുവുകച്ചവടക്കാരുടെ എണ്ണം, ഓരോ ഘടകത്തിന്റെയും കീഴിലുള്ള ഫണ്ട് വിനിയോഗം, പദ്ധതിയിലെ നിർദ്ദേശ പ്രകാരം വിതരണം ചെയ്ത റിവോൾവിങ് ഫണ്ട് ഇങ്ങനെ വ്യത്യസ്തമായ നിരവധി പ്രവർത്തനങ്ങളും അവ സംബന്ധിച്ച പുരോഗതിയും വെബ്സൈറ്റിൽ രേഖപ്പെടുത്തിയിരുന്നു. ഇപ്രകാരം പദ്ധതി നടപ്പാക്കുന്ന രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും നൽകിയ റിപ്പോർട്ട് വിശദമായി പരിശോധിച്ച ശേഷമാണ് മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ കുടുംബശ്രീ രണ്ടാമതെത്തിയത്. ഇതിൽ നൈപുണ്യ പരിശീലനം എന്ന ഘടകത്തിൽ മറ്റു സംസ്ഥാനങ്ങളെ പിന്നിലാക്കാനും കുടുംബശ്രീക്ക് സാധിച്ചു.

2017-18 ൽ കുടുംബശ്രീക്ക് ഈ വിഭാഗത്തിൽ മൂന്നാംസ്ഥാനം ലഭിച്ചിരുന്നു. അന്ന് ആറുകോടി രൂപയാണ് പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി കേന്ദ്രം നൽകിയത്. ഈ വർഷം രണ്ടാംസ്ഥാനത്തേക്കുയർന്നതുവഴി വാർഷിക പദ്ധതി വിഹിതമായ 30.99 കോടിരൂപയ്ക്കൊപ്പം പ്രത്യേക സമ്മാനമായി ഒമ്പതു കോടിരൂപയും പദ്ധതിക്കായി ലഭിച്ചു. ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള പിന്തുണ നൽകൽ, കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്താൻ അയൽക്കൂട്ട രൂപീകരണം എന്നിവയ്ക്കായി ഈ ഫണ്ട് പ്രയോജനപ്പെടുത്തും. കൂടാതെ തെരുവുകച്ചവടക്കാർക്കു വേണ്ടി വെൻഡിങ് മാർക്കറ്റുകൾ, തെരുവിൽ അന്തിയുറങ്ങുന്നവർക്കായി ഷെൽട്ടർ ഹോമുകൾ എന്നിവയുടെ നിർമ്മാണത്തിനും ഈ തുക വിനിയോഗിക്കും.

കരുതലിന്റെ സന്ദേശമായി
വാൽക്കിണ്ടി

■ മുരളീധരൻ തഴക്കര

വെള്ളം അമൂല്യമാണ് അത് വളരെ കുറച്ചു മാത്രം, ആവശ്യത്തിന് മാത്രം ഉപയോഗിക്കുക എന്നതാണ് വാൽക്കിണ്ടി മുന്നോട്ടു വെയ്ക്കുന്ന സന്ദേശം.

വാൽക്കിണ്ടി കേവലം ഒരു വീട്ടുപകരണം മാത്രമല്ല, വിവിധ ഉപയോഗങ്ങളും ഏറെ വിശുദ്ധിയുമുള്ള ഒരു മഹത്തായ സന്ദേശമായിരുന്നു. മിക്കവാറും എല്ലാ വീടുകളിലും പൂമുഖത്ത് തേച്ചുമിനുക്കി കണ്ണാടി പോലെ മുഖം കാണാൻ പാകത്തിൽ വെള്ളം നിറച്ചുവെച്ചിരിക്കുന്ന വാൽക്കിണ്ടി അഴകും ഐശ്വര്യവുമായിരുന്നു. രാജ്യമാകെ പ്രചാരമുള്ള പാത്രമാണ് കിണ്ടിയെങ്കിലും കേരളീയ ജീവിതക്രമത്തിൽ മറ്റ് പാത്രങ്ങൾക്കൊന്നും ലഭിക്കാത്ത പ്രാമാണികത അതിനുണ്ടായിരുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി ഭൂമി വെന്തുരുകുമ്പോൾ-ദാഹജലത്തിനായി ജനം നെട്ടോട്ടമോടുമ്പോൾ 'കിണ്ടി' എന്ന ഈ ഗൃഹോപകരണം കരുതലിന്റെ സാക്ഷ്യവും ഓർമ്മപ്പെടുത്തലുമാണ്. കുടിവെള്ളം കിട്ടാക്കനിയായി മാറുമ്പോഴും വെള്ളത്തിന്റെ ഉപയോഗത്തിൽ നാം കാണിക്കുന്ന ധൂർത്തിന് യാതൊരു കുറവുമില്ല. ഇതാ ഇവിടെയാണ് ഏറെ കരുതലോടെ ആവശ്യാധിഷ്ഠിതമായി വെള്ളം ഉപയോഗിക്കു എന്ന ഓർമ്മപ്പെടുത്തലിന്റെ പ്രതീകമായി വാൽക്കിണ്ടിയെ കാണേണ്ടത്! അതിന്റെ നിർമ്മിതിയും ഘടനാപരമായ സവിശേഷതയും അത് സാക്ഷ്യപ്പെടുത്തുന്നു.

...എന്ന് വായനക്കാർ

പ്ലാസ്റ്റിക് നിരോധനം സ്വാഗതാർഹം

ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ച സർക്കാരിന്റെ നടപടി സ്വാഗതാർഹമാണ്. ഉത്തരവിലൂടെ നിരോധനം ഏർപ്പെടുത്തിയതു കൊണ്ടുമാത്രം ഉദ്ദേശിച്ച ഫലം ലഭിക്കണമെന്നില്ല എന്ന് മുൻകാല അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിന് തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർക്കും ജില്ലാ ഭരണകൂടങ്ങൾക്കും പ്രധാന പങ്കുവഹിക്കാനുണ്ട്. നിരോധനം നിലനില്ക്കുന്നുണ്ടെങ്കിലും തെരുവോര കച്ചവടക്കാരും മറ്റും രഹസ്യമായി നിരോധിച്ച കവറുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമലംഘകർക്കെതിരെ കർശനമായ നടപടി സ്വീകരിച്ച് അതിനു വിപുലമായ പ്രചാരണം നൽകണം. അച്ചടി, ദൃശ്യ, സാമൂഹ്യ മാദ്ധ്യമങ്ങൾ വഴി നിയമലംഘകരുടെ വിവരവും ശിക്ഷാനടപടിയും ദിവസേന പ്രസിദ്ധപ്പെടുത്തണം. ഇതു സംബന്ധിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മാസിക നേതൃത്വം നല്കണമെന്ന് പ്രതീക്ഷിക്കുന്നു.

ആശ
വട്ടിയൂർക്കാവ്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

വെള്ളം നിറച്ചുവെയ്ക്കാൻ പാകത്തിൽ മൊന്ത പോലെയുള്ള ഒരു സംഭരണി, ചുവടുഭാഗവും മേൽഭാഗവും വിസ്താരം കുറഞ്ഞ് ഒതുങ്ങി നടുഭാഗം കൊണ്ട് പുറത്തേക്ക് തള്ളി നിൽക്കുംവിധം താരതമ്യേന വിസ്താരം കൂടിയതുമായ ഒരു സവിശേഷ നിർമ്മിതി. മറ്റൊരു വലിയ പ്രത്യേകത ഒരു വശത്ത് വെള്ളം പുറത്തേക്കൊഴിക്കാൻ പാകത്തിലുള്ള ഒരു 'വാൽ' ഉണ്ടെന്നതാണ്. കിണ്ടിവാലിന്റെ ചുവട്ടുഭാഗത്തിന് വിസ്താരം കൂടുതലും അഗ്രഭാഗത്തേക്കു വരുംതോറും അത് ചെറുതായി ചെറുതായി വിസ്താരം കുറഞ്ഞുമാണ്. വാൽക്കിണ്ടിയുടെ ഘടനാപരമായ ഈ പ്രത്യേകതകളെല്ലാം നാം കേരളീയ സമൂഹത്തോട് ഒരു ഉദാത്ത സന്ദേശമാണ് പറയാതെ പറയുന്നത്. വെള്ളം പുറത്തേക്കെടുക്കുന്ന കിണ്ടി വാലിനും, വായ്‌വട്ടത്തിനും വിസ്താരം വളരെ കുറവാകുമ്പോൾ നാം പുറത്തേക്കെടുത്ത് ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവും താരതമ്യേന കുറവായിരിക്കുമെന്നത് സ്വാഭാവികം! ചുരുക്കത്തിൽ വെള്ളം അമൂല്യമാണ് അത് വളരെ കുറച്ചു മാത്രം, ആവശ്യത്തിന് മാത്രം ഉപയോഗിക്കുക എന്നതാണ് വാൽക്കിണ്ടി മുന്നോട്ടു വെയ്ക്കുന്ന സന്ദേശം.

ഓട്ടുകൊണ്ടാണ് സാധാരണ കിണ്ടി നിർമ്മിച്ചിരുന്നത്. ഇപ്പോൾ വെള്ളി, അലുമിനിയം, സ്റ്റീൽ, ഇണ്ടാലിയം, പ്ലാസ്റ്റിക് എന്നിവ കൊണ്ടൊക്കെ കിണ്ടി നിർമ്മിക്കുന്നുണ്ട്. പണ്ട് ഊണുകഴിഞ്ഞ് കൈകഴുകുന്നതിനും യാത്ര പോയി വന്നശേഷം കാലും മുഖവും കഴുകുന്നതിനും പൂജ, ഹോമം തുടങ്ങിയ വൈദിക ക്രിയകൾക്കും മരണാനന്തര ചടങ്ങുകൾ, ശ്രാദ്ധം, വിവാഹം തുടങ്ങിയ കർമ്മങ്ങൾക്കുമെല്ലാം വെള്ളം എടുക്കേണ്ടത് കിണ്ടിയിൽ നിന്നായിരുന്നു. ഇന്നും ക്ഷേത്രങ്ങളിൽ പൂവും പ്രസാദവും നൽകുന്നതോടൊപ്പം ചെറിയ കിണ്ടിയിലാണ് 'തീർത്ഥം' നൽകുന്നത്. ബ്രാഹ്മണർ സാദ്ധ്യായത്തിന് ഉപയോഗിക്കുന്ന കിണ്ടിയെ സാദ്ധ്യായക്കിണ്ടി എന്നാണ് പറയുക. മഹാബലിക്കഥയിലും കിണ്ടി കടന്നുവരുന്നുണ്ട്. ശുക്രാചാര്യർ മഹാബലിയുടെ ഭൂമിദാനം മുടക്കാൻ കിണ്ടി വാലിൽ മാർഗ്ഗ തടസ്സമായി കയറിയിരുന്നു എന്നും ദർഭപ്പുല്ലിട്ട് കുത്തി തടസ്സം നീക്കുമ്പോൾ ശുക്രാചാര്യരുടെ ഒരു കണ്ണിന്റെ കാഴ്ചനഷ്ടമായി എന്നും കഥ!

കിണ്ടിയിൽ വെള്ളം നിറച്ച് ഉപയോഗിക്കുന്നതിന്റെ ഏറ്റവും പരിഷ്കൃത രൂപാന്തരമാണ് ഇപ്പോഴത്തെ വാഷ്ബേസിൻ. പക്ഷേ, കിണ്ടി വാലിലൂടെ വെള്ളം കുറേശ്ശെയായി പുറത്തേക്ക് പോകുമ്പോൾ വാഷ്ബേസിനിലെ ടാപ്പ് പൂർണ്ണമായി തുറക്കുമ്പോൾ വേണ്ടതിലേറെ വെള്ളം പുറത്തേക്ക് പോകുന്നു എന്നതാണ് വ്യത്യാസം. ഇപ്പോൾ നാം പല്ലുതേയ്ക്കാൻ ബ്രഷും പേസ്റ്റുമായി വാഷ്ബേസിനടുത്തെത്തിയാലുടൻ ടാപ്പ് തുറക്കുകയായി. പിന്നെ പല്ലുതേച്ച് കഴിയുവോളം ടാപ്പിലൂടെ വെള്ളം വെറുതെ ഒഴുകികൊണ്ടേയിരിക്കും. ഷേവു ചെയ്യുന്ന അവസരത്തിലും ഇതു തന്നെയാണ് സംഭവിക്കുക.

> മഹാബലിക്കഥയിലും കിണ്ടി കടന്നുവരുന്നുണ്ട്. ശുക്രാചാര്യർ മഹാബലിയുടെ ഭൂമിദാനം മുടക്കാൻ കിണ്ടിവാലിൽ മാർഗ്ഗതടസ്സമായി കയറിയിരുന്നു എന്നും ദർഭപ്പുല്ലിട്ട് കുത്തി തടസ്സം നീക്കുമ്പോൾ ശുക്രാചാര്യരുടെ ഒരു കണ്ണിന്റെ കാഴ്ചനഷ്ടമായി എന്നും കഥ!

പൂമുഖത്ത് തേച്ചുമിനുക്കി വെച്ചിരുന്ന കിണ്ടിയും മൊന്തയും ലോട്ടയും കിണ്ണവുമൊക്കെ നമ്മുടെ വർത്തമാനകാല ജീവിതത്തിൽ നിന്ന് അരങ്ങൊഴിഞ്ഞിരിക്കുന്നു. പുരാതന കുടുംബങ്ങളുടെ തട്ടിൻപുറത്തും ആധുനിക വീടുകളുടെ സ്റ്റോർ റൂമിലും യാതൊരു ഉപയോഗവുമില്ലാതെ ക്ലാവുപിടിച്ച് ഇവയിൽ പലതും അവശേഷിക്കുന്നു. എല്ലാ ദിവസവും രാവിലെ ഈ ഓട്ടുപാത്രങ്ങളെല്ലാം തേച്ച് കഴുകി വൃത്തിയാക്കി വെയ്ക്കാൻ ആർക്കാണിപ്പോൾ സമയവും സാവകാശവും. അല്ലെങ്കിൽ തന്നെ ഇപ്പോഴതിന്റെ ആവശ്യവുമില്ലല്ലോ. അല്ലെങ്കിൽ അതിനെ ആയുരാരോഗ്യവുമായി സമരസപ്പെടുത്തണം. ഓട്ടു കിണ്ടിയിൽ വെള്ളം നിറച്ചുവെച്ച് കുടിച്ചാൽ അത് ആരോഗ്യത്തിന് അത്യുത്തമമാണെന്നും, ആ വെള്ളം കൊണ്ട് മുഖം കഴുകിയാൽ അത് മുഖസൗന്ദര്യം കൂട്ടുമെന്നും പ്രചാരണം വന്നാൽ ക്ലാവു പിടിച്ച് ഉപയോഗമേതുമില്ലാതെ നിത്യവിശ്രമത്തിലായ വാൽക്കിണ്ടികളൊക്കെയും വീണ്ടും രംഗപ്രവേശം ചെയ്യും. പല വീടുകളിലും വാൽക്കിണ്ടിയും മറ്റും പഫ് ചെയ്ത് സ്വീകരണ മുറിയിൽ അലങ്കാര വസ്തുക്കളോടൊപ്പം സ്ഥാനം പിടിച്ചിട്ടുണ്ട്. □

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) January 2020
Annual Subscription ₹120, Published on 20 January 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by M.P. Ajith Kumar, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: M.P. Ajith Kumar